എൻ. എസ്. എസ്. കോളേജ്, രാജകുമാരി

# സഞ്ജീവനി

2013-'14



ചന്ദനം പെയ്യുന്ന പൂഞ്ചോലക്കാടുകൾ
കമ്പളം തീർക്കുന്ന നീലക്കുറിഞ്ഞികൾ
നാണിച്ചു നിൽക്കുന്ന സഹ്യാദ്രിപ്പെണ്ണേ നിൻ
ചേലൊത്ത മഞ്ഞണിച്ചേല മുത്തട്ടെ ഞാൻ




**NSS COLLEGE, RAJAKUMARI**

Kulapparachal P.O.
Idukki (D), Pin-685619
Kerala
Ph: 04868-245370
e-mail: nssrajakumari@yahoo.com
www.nsscrky.edu.in

(Aided & Affiliated to
Mahatma Gandhi University)

"എവിടെ പ്രവർത്തനത്തിൽ ആത്മാർത്ഥതയും ആത്മവിശ്വാസവും കാണുന്നുവോ അവിടെ വിജയമുണ്ട്. അതില്ലാത്തിടത്ത് എല്ലാം പരാജയമടയും. അതാണെന്റെ ഭഗവദ്ഗീത."



# ഭാരതകേസരി പത്മഭൂഷൺ മന്നത്തുപദ്മനാഭൻ
## (1878 – 1970)

(സ്ഥാപകാചാര്യൻ നായർ സർവ്വീസ് സൊസൈറ്റി)



**Sri. P.N. NARENDRANATHAN NAIR**

Hon'ble PRESIDENT

NAIR SERVICE SOCIETY



**Sri. G. SUKUMARAN NAIR**
**Hon'ble GENERAL SECRETARY**
**NAIR SERVICE SOCIETY**



**Prof. R. PRASANNAKUMAR**
**SECRETARY, NS.S. COLLEGES'**
**CENTRAL COMMITTEE**

# Our Principal



**Dr. V. G. Letha Bai**



**Dr. K. N. Viswanathan Nair**
(April 2013 - March 2014)



Our Teachers



Administrative Staff

# Editorial



മധുരിക്കുന്ന ഓർമ്മകളും
നഷ്ടവസന്തങ്ങളും പേറി
കാലചക്രം ഒരു അദ്ധ്യയനവർഷത്തിലൂടെ
തിരിഞ്ഞു പോയി.
ഒരു കലാലയവർഷത്തിന്റെ തുടിപ്പുകൾ
ഏതാണ്ട് അതിന്റെ ഒട്ടുമിക്ക ഭാവവും
ഉൾക്കൊണ്ട്, ആ സ്മരണകളുടെ
മുത്തുമാല കോർക്കാൻ തക്കവിധം
ഈ സ്മരണിക ഞാൻ നിങ്ങളുടെ മുന്പിൽ
സമർപ്പിക്കട്ടെ.

നമ്മുടെ കലാലയത്തിലെ വിദ്യാർത്ഥികളുടെ
യഥാർത്ഥ ക്രിയാത്മകതയുടെ
പ്രതിബിംബമാണ് 'സഞ്ജീവനി'.
ഇതിന്റെ ഓരോ ഏടും നമ്മുടെ
ഭാവി വിജയത്തിന്റേയും അതിനുള്ള
പ്രചോദനത്തിന്റേയും പാതയിലേയ്ക്ക്
വിരൽ ചൂണ്ടുന്നു.

നാളിതുവരെ നിങ്ങൾ തന്ന സ്നേഹവും
വിശ്വാസവും ഒരു മയിൽപ്പീലി പോലെ
മനസ്സിൽ സൂക്ഷിക്കുന്നു.
പ്രചോദനവും സഹകരണവും
നല്കിയ ഏവർക്കും ഒരായിരം നന്ദി.

സ്നേഹപൂർവ്വം,
അബ്ദുൾ റഷീദ്




Printed and Published by
**Dr. V.G. Letha Bai**
Principal

Design & Printed at:
Madathikunnel Graphics
Muttuchira, Kottayam
Ph: 04829-321388, 9447762483



# ഉള്ളടക്കം




1. Annual Report 2013-2014 .... 11
2. അസ്തമിക്കാത്ത മനുഷ്യജന്മങ്ങൾ ..... 13
2. സ്വപ്നോത്സവങ്ങളാം കേരളഭംഗിയും ..... 16
3. കൊളുക്കുമല... പശ്ചിമഘട്ടത്തിന്റെ സൗന്ദര്യറാണി! ..... 22
4. വെളിച്ചമാകുന്ന അറിവ് ..... 25
5. ഞാനും നീയും ..... 26
6. ബാല്യകാലസഖി ..... 27
7. വിരഹം ..... 28
8. വേനൽ ..... 29
9. കലാലയാനുഭവങ്ങൾ ..... 30
10. ടോക്ക് ടൈം ..... 35
11. ജീവിത സമവാക്യം ..... 35
12. കോയിൻ ബോക്സ് ..... 36
13. കാണാക്കിനാവ് ..... 37
14. ഒരിക്കൽ കൂടി... ..... 37
15. അവളുടെ ഓർമ്മകൾ ..... 38
16. പൂങ്കാവനത്തിൽ ഞാൻ... ..... 39
17. കലാലയവർണ്ണങ്ങൾ ..... 40
18. വിശ്രമജീവിതം സുന്ദരമാക്കുവാൻ ..... 49
19. എന്റെ മഴത്തുള്ളിക്ക് ..... 50
20. ആധുനിക സമൂഹവും നഷ്ടപ്പെടുന്ന മാനവികമൂല്യങ്ങളും ..... 51
21. സൗഹൃദത്തിൻ ഓർമ്മകളിൽ... ...... 52
22. ശാരികപ്പക്ഷി ..... 52
23. മലരണിക്കാടുകളുടെ മരതകകാന്തി ..... 53
24. ആദ്യാനുരാഗം ..... 55
25. ഇനിയെങ്കിലും ..... 55
26. കാത്തിരിപ്പ് ..... 56
27. ഹൃദയരാഗം ..... 56
28. സ്വപ്നപുഷ്പം ..... 56
29. കോളേജ് യൂണിയൻ റിപ്പോർട്ട് ..... 57
30. തിരിച്ചറിയാതെ ..... 58
31. നിൻ ഓർമ്മയിൽ.. ..... 58
32. ഹൃദയരാഗം ..... 58
33. നാഷണൽ സർവ്വീസ് സ്കീം റിപ്പോർട്ട് ..... 59
34. നിനക്കായ് ..... 60
35. ഇരുട്ടിന്റെ വഴിയിൽ ..... 61
36. മടങ്ങും മുൻപ് ..... 62
37. Who is a Dreamer? .... 63
38. Rain in my Life .... 63
39. Problem of Unemployment .... 64
40. Women Rights in India .... 65
41. Physical Education - Report .... 67
42. Icon - Activity Report .... 69
43. My father .... 70
44. Good Character .... 71
45. Cultivate Something New-Optimism .... 72
46. Time .... 73
47. Winning and Losing .... 74
48. The Face in the Pond .... 75
49. A series of moments .... 76
50. A Dirge before I Die .... 76
51. The Three Important Things .... 77

# Annual Report 2013-2014



Distinguished Guests, Dear colleagues, and beloved students,

Let me at the outset extend to you all the hearty welcome on this occasion and I present before you the annual report for the academic year 2013- 14.

**Commencement of the academic year 2013- 14**

Education is not merely imparting knowledge, assimilating information from printed materials, and being partially successful. Infact education should address the overall requirements necessary to groom a student , making totally and all embracingly successful accepting victories and failures in life. He must be also personally dedicated and socially committed.

The college reopened on 3rd june 2013 with the functioning of senior classes. Admission to first year classes could be completed by the month of August.

**Faculty and infrastructure**

At present we have a total strength of 600 students in the roll. The college faculty consisting of 30 teachers including Principal and 11 members on the non teaching section.The selfless service of both teaching and non teaching staff help the smooth functioning of college with proper understanding and appreciation. MSc. Electronics and BCom with Co-Operation are two new courses sanctioned by the Government in aided sector. The classes will commence in the beginning of next academic year. A network resource centre has also launched this year for our students to avail internet facility.

**Academic Achievements:**

Students appeared for Bachelor Degree examination held at March 2013 .

Pass percentage as follows:-

| | | |
|---|---|---|
| BBA | - | 95% |
| BCA | - | 97% |
| BSc Electronics | - | 82% |
| BCom | - | 89% |

**Proficency**

If the meritorious once are recognized publicaly it will be a boost to them and will be an inspiration to similar aspirants.The current year's proficiency holders are as follows.

| | |
|---|---|
| BBA | Ms. Jikky George |
| BCA | Ms. Greeshma M S |
| BSC ELECTRONICS | Mr. Jose Abraham |
| BCom | Ms. Chinju Augustine |

Mr. Akhil Vinayan and Ms. Vishnupriya G of final year BCA were selected by **Wipro Limited,** in campus selection held at Marian College Kuttikanam.



## Moments of fame and glory

Hostel Inauguration

Hon'ble General Secretary , Nair Service Society, Sri G Sukumaran Nair handed over the key of new ladies hostel building to Principal Dr. K N Viswanathan Nair in the occasion of Nair Maha Sammelanam held at Kattappana on January 14th 2013.

## Magazine Award

Our college magazine **MIST 2012-13** was awarded consolation prize for the Best Magazine Award organized by Students Service Department M G University. Staff Editor Prof Baby Girija and Student Editor Ms. Asha Mary Thomas received certificates and mementos from Dr. A V George, Hon'ble Vice Chancellor Of M G University.

State level and National level Seminars and Workshops were organized by each department and various department level competitions were also held.

## National Service Scheme

The National Service Scheme unit has 104 volunteers. Mini camps , 7 day camp at college campus , participation in leadership camps ,social service etc were some of their activities this time.Prof Manesh S and Prof Bijukumar S P are the program co-ordinators.

## Parents Teacher s Association

The Parent s Teacher s Association is working to improve the academic facilities of students in the campus. Involvement of the parents is essential for the progress of an educational institution and supportive. P T A backs us in all our endeavours. P T A executive members met at regular intervals to discuss the various developments of the college.

The present PTA executive members are:

1) Mr.Joy Kunnumpurathu
2) Mr. N.N Muraleedharan Nair
3) Ms.Ragini Balakrishnan
4) Mr. K.A Vijayan
5) Mr.Baby P.P

Faculty Representatives:

Prof. Sreekumar .B
Prof. Sunil Kumar K.V
Prof. Manesh .S
Prof. Rajesh M.G
Prof. Dr . Ajitha R.S

## Extra Carricular Activities

Our college union conducted many activities in the current year.College union inauguration was done by famous film director Sri. Marthandan and Arts club was inaugurated by comedy stars, shining stars of comedy reality show (Vodafone Comedy Stars) in Asianet channel. Cultural programs of our students were also there.

## Festivals and Celebrations

We celebrated national and regional festivals to make the youth aware of our country's past and present cultural unity. Onam and Christmas were celebrated and well co- ordinated by our efficient faculty members.

## Sports and games

Our college team won the Overall championship in the Iddukki District Taekwondo Championship at Adimali in August 2013. This year our Taekwondo team became overall runner up in the MG University championship winning 3 Gold, 1 Silver and 3 Bronze medals in the MG University Championship held at SA College, Edathua.

Three of our students, Kiran T Joseph (III BSc), Athira PB (III BSc) and Ashil PJ (I BCA) participated in the All India Inter University Taekwondo Championship held at Chennai, representing MG University.

Our girls' Kabaddi team won Fourth place in the MG University championship held at BCM College, Kottayam.

## Alumni Meet

It is heart rendering to see the coming together of old students. A meeting was organized on March 16th 2014. to meet their friends and teachers.Also the major highlight in the function was Gurupooja. Former Principals of our college gathered together and shared their experience and they were honoured in that occasion.

## Conclusion

I owe my sincere thanks to my teachers, non teaching faculty and my students in making this year a memorable one, especially teaching and non teaching faculty for their tireless and dedicated service. Once again I thank all and let me submit this report.

Thaking You,

Dr. K N Viswanathan Nair

# അസ്തമിക്കാത്ത മനുഷ്യജന്മങ്ങൾ....

**മനുഷ്യമനസ്സ് എന്നുപറയുന്നത് മറ്റുള്ള ജീവജാലങ്ങളിൽ നിന്നും വേറിട്ടുനിൽക്കുന്ന ഒന്നാണ്, കാരണം വിവിധങ്ങളായ കഴിവുകളുടെ ഉറവിടമാണത്. എല്ലാ മനുഷ്യമനസ്സുകളിലും ഓരോ ഇതിഹാസസൂര്യൻ കത്തിജ്വലിക്കുന്നുണ്ട്. അവയിൽ ചിലതുമാത്രമാണ് ലോകജനതയ്ക്കു മുമ്പിൽ ഉദിച്ചുയരുന്നത്. കഴിഞ്ഞ വർഷത്തിന്റെ അവസാനം വരേയും ധാരാളം ഇതിഹാസങ്ങളേയും അവർ നൽകിയ പ്രചോദനങ്ങളും നാം കാണുകയും അനുഭവിക്കുകയും ചെയ്തു. ഇവിടെ നാം ചിന്തിക്കുന്നത് 2013 ലെ ചില ഇതിഹാസങ്ങളെ പ്പറ്റിയാണ്. ചരിത്രനായകൻ നെൽസൻ മണ്ടേല, 22–വാര മണ്ണിൽ നിന്നും ജന്മമെടുത്ത അത്ഭുത മനുഷ്യൻ സച്ചിൻ തെൻഡുൽക്കർ, അവകാശത്തിനുവേണ്ടി പോരാടുന്ന യുവരക്തം– മലാല യൂസഫ് സായി.**




നോബിൾ ജോസ്
S4 BSc Electronics


## അസ്തമിക്കാത്ത പോരാട്ട വീര്യം



ഇരുണ്ട ഭൂഖണ്ഡത്തിലേയ്ക്ക് സമത്വത്തിന്റേയും സമാധാനത്തിന്റേയും നവീന ആശയങ്ങൾ പകർന്നു കൊടുത്ത, ആഫ്രിക്ക എക്കാലവും ബഹുമാനിക്കുന്ന കരുത്തുറ്റ, ചങ്കുറപ്പുള്ള സമരപോരാളിയായ നെൽസൻ മണ്ടേല ഇനി അസ്തമിക്കാത്ത സൂര്യനായി ചരിത്രത്തിന്റെ ചക്രവാളങ്ങളിൽ എന്നെന്നും ഒരാവേശാഗ്നിയായി കത്തിജ്വലിക്കും. വർണ്ണവിവേചനത്തിന്റേയും അസമത്വത്തിന്റേയും പിടിയിലമർന്ന് ഞെരുങ്ങിക്കൊണ്ടിരുന്ന ആഫ്രിക്കൻ ജനതയെ ത്യാഗപൂർണ്ണമായ സമരങ്ങളിലൂടെ വിമോചനത്തിലേയ്ക്കു നയിച്ച ധീരയോദ്ധാവായിരുന്നു നെൽസൺ മണ്ടേല. മനുഷ്യാവകാശത്തിനുവേണ്ടിയും സമത്വത്തിനുവേണ്ടിയും വീറോടെ പൊരുതിയ ആഫ്രിക്കൻ ജനതയുടെ വീരപുത്രൻ കർമ്മം കൊണ്ട് ലോകത്തിന്റെ പുത്രനായി മാറി.

ദക്ഷിണാഫ്രിക്കയിലെ കറുത്ത വർഗ്ഗക്കാരെ ‘അപ്പാർത്തിഡ്’ എന്ന ഭരണവ്യവസ്ഥയിലൂടെ സമൂഹത്തിൽ നിന്നും അകറ്റിനിർത്തിയപ്പോൾ ഈ പാർശ്വവൽക്കരിക്കപ്പെട്ട ജനതയുടെ ശബ്ദമായി മണ്ടേല മാറുകയായിരുന്നു. ഗാന്ധിയൻ ആദർശങ്ങളെ പിന്തുടർന്ന ഈ മഹാത്മാവ് വെള്ളക്കാരെ തങ്ങളുടെ ഇടയിൽ നിന്നും അകറ്റുവാനല്ല ശ്രമിച്ചത്, മറിച്ച കറുത്തവനെന്നും വെളുത്തവനെന്നുമുള്ള അതിർ നീക്കി സാഹോദര്യത്തിന്റേയും സമത്വത്തിന്റേയും ചങ്ങലകൾ കൊണ്ട് ദൃഢമാക്കിയ ഒരു പുതിയ ലോകത്തെയാണ് സൃഷ്ടിക്കുവാൻ ശ്രമിച്ചത്. വെള്ളക്കാരെ വെറുക്കാതെ വർണ്ണവിവേചനത്തെ വെറുത്ത മഹാൻ.

വർണ്ണവെറിയുടേയും അസമത്വത്തിന്റേയും ചിലന്തിവലകൾക്കിടയിൽപ്പെട്ട് അന്ധകാരത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്ന ഒരു ജനതയുടെ ഇടയിലേയ്ക്ക് സമാധാനത്തിന്റെ ആശയങ്ങളുമായി ഇറങ്ങിച്ചെന്ന മണ്ടേലയെക്കാത്ത് സമാധാനത്തിന്റെ നോബേൽ പുരസ്കാരം വരെ എത്തി. കറുത്ത ജനതയുടെ രക്തം കൊണ്ട് നദികൾ ചുവപ്പിക്കുകയും കാൽനൂറ്റാണ്ടിലേറെക്കാലം തന്നെ ജയിലിലടയ്ക്കുകയും ചെയ്ത ഭരണകൂടത്തിനോട് രോഷം ഉണ്ടായിരുന്നെങ്കിലും ഒരിക്കലും അവരെ അദ്ദേഹം വെറുത്തിരുന്നില്ല.

ജനാധിപത്യസമൂഹം എന്ന സങ്കൽപ്പത്തെ താലോലിക്കുകയും അത്തരമൊരു സമൂഹത്തിൽ ജീവിക്കുവാനും ആഗ്രഹിച്ച മണ്ടേല, താൻ സഹനസമരങ്ങളിലൂടെ ആർജ്ജിച്ച കരുത്തിലൂടെ ഒരു സമൂഹത്തെ

യാകെ ജനാധിപത്യം എന്ന അതിമഹത്തായ അനുഭവത്തിലേയ്ക്കു നയിച്ചു. പാപിയായ മനുഷ്യനെ രക്ഷിക്കുവാൻ ദൈവപുത്രൻ പരമത്യാഗിയായി തീർന്നതുപോലെ വർണ്ണവിവേചനത്തിന്റേയും അപ്പാർത്തിഡ് ഭരണവ്യവസ്ഥയിലൂടേയും തങ്ങളുടെ സ്വത്വം നഷ്ടമാക്കിയ ഒരു ജനതയെ മോചനത്തിന്റെ കൊടുമുടികൾ കയറ്റിയ ആഫ്രിക്കയുടെ പ്രിയപുത്രൻ. തന്റെ ജനങ്ങൾക്കുവേണ്ടി സ്വന്തം ജീവിതം ത്യജിക്കുകയായിരുന്നു.

ജീവിതമാതൃകകൾകൊണ്ട് ലോകജനതയ്ക്ക് പ്രചോദനമേകി, എല്ലാം ക്ഷമിക്കുന്ന ഒരിക്കലും തളരാത്ത പോരാട്ടവീര്യവുമായി ലോകജനതയുടെ ഹൃദയങ്ങളിൽ എന്നെന്നും ജ്വലിക്കുന്ന ഒരഗ്നി നക്ഷത്രമായി നെൽസൺ മണ്ടേല എന്ന അത്ഭുത വ്യക്തിത്വം നിലനിൽക്കും....

# ക്രിക്കറ്റ് വിസ്മയം പെയ്തൊഴിയുമ്പോൾ



ഉദിച്ച് 24 വർഷം കൊണ്ട് പൂർണ്ണതയിലെത്തി, തീച്ചൂവപ്പിന്റെ പ്രഭചൊരിഞ്ഞ് ക്രിക്കറ്റു ലോകത്തു നിന്ന് അസ്തമിക്കാനൊരുങ്ങുന്ന സൂര്യൻ, അതായിരുന്നു 2013 നവംബർ 14 ന് വാങ്കഡേ സ്റ്റേഡിയത്തിൽ നാം കണ്ട സച്ചിൻ. രണ്ടര പതിറ്റാണ്ടുകൾ കളിമൈതാനത്ത് വിസ്മയം തീർത്ത ഈ നാൽപത്തിനാലുകാരൻ ബാറ്റിംഗ് ലോകത്തെ അതുല്യപ്രതിഭയായി. ക്രിക്കറ്റിനെ ഒരു വിനോദമെന്നതിലുപരി ജീവിതമെന്ന് തിരിച്ചറിഞ്ഞ ഇന്ത്യൻ ക്രിക്കറ്റ് പ്രേമികൾ ഒരേ സ്വരത്തിൽ ആവേശത്തോടെ വിളിച്ചു പറഞ്ഞു, ക്രിക്കറ്റ് ഞങ്ങളുടെ മതമെങ്കിൽ ദൈവം സച്ചിൻ തന്നെ. ക്രിക്കറ്റിൽ തന്റെ അരങ്ങേയറ്റം കുറിച്ചതിനുശേഷം ഈ മഹാപ്രതിഭയ്ക്ക് പിന്നീടൊരിക്കലും തന്റെ കഴിഞ്ഞകാല ജീവിതത്തിലേയ്ക്ക് തിരിഞ്ഞു നോക്കേണ്ടതായി വന്നിട്ടില്ല. ചെറിയവനെന്നോ വലിയവനെന്നോ വ്യത്യാസമില്ലാതെ എല്ലാവരുടേയും മനസ്സിൽ സച്ചിൻ ആവേശാഗ്നിയായി കത്തിജ്വലിക്കുകയായിരുന്നു. ഗ്രൗണ്ടിലെ അതുല്യമായ രാജവാഴ്ചയ്ക്ക് തിരശ്ശീലയിട്ട് കിരീടവും ചെങ്കോലും തിരിച്ചേൽപ്പിച്ച് സച്ചിൻ പടിയിറങ്ങുമ്പോഴും നമുക്ക് ഉറപ്പാണ് ഇതുപോലൊരു മഹാപ്രതിഭ ഇനി ലോകത്ത് ഉണ്ടാകില്ല. ഇന്ത്യ കണ്ട ഏറ്റവും മികച്ച ക്രിക്കറ്റ് കളിക്കാരനായിരുന്ന സുനിൽ ഗവാസ്കറുടെ വിക്കറ്റ് വീഴ്ത്തി സച്ചിൻ ചേക്കേറിയത് ഭാരതീയരുടെ ഹൃദയങ്ങളിലേക്കു മാത്രമായിരുന്നില്ല, ലോകജനതയുടെ ഹൃദയങ്ങളുടെ ആഴങ്ങളിലേയ്ക്കായിരുന്നു.

1969 നവംബർ 15 ന് കറാച്ചിയിൽ പാകിസ്ഥാനെതിരെ അന്താരാഷ്ട്ര ക്രിക്കറ്റിൽ അരങ്ങേറ്റം കുറിച്ചപ്പോൾ സ്റ്റേഡിയത്തിലെ കാണികളെ അത്ഭുതത്തോടുകൂടി വീക്ഷിച്ച ആ കൗമാരക്കാരൻ അറിഞ്ഞിരുന്നില്ല വരുംകാലങ്ങളിൽ ഈ ലോകജനത മുഴുവൻ തന്നെ അത്ഭുതത്തോടുകൂടി നോക്കുമെന്ന്. ക്രിക്കറ്റിൽ മറ്റാർക്കും കീഴടക്കാനാവാത്ത റെക്കോഡുകൾ സൃഷ്ടിച്ചുകൊണ്ട് നോക്കെത്താ ദൂരത്തോളം സച്ചിൻ എന്ന അത്ഭുതമനുഷ്യൻ പടർന്നു പന്തലിച്ചു കഴിഞ്ഞിരുന്നു. ക്രിക്കറ്റ് ലോകത്തേയ്ക്കു കാലെടുത്തു വച്ചപ്പോൾ റെക്കോഡുകളുടെ കൊടുമുടിയിലേയ്ക്ക് ചുവടുവയക്കുക എന്നതായിരുന്നില്ല സച്ചിന്റെ ലക്ഷ്യം. ഇന്ത്യയ്ക്കു വേണ്ടി കളിക്കുക എന്നതു മാത്രമായിരുന്നു. തനിക്കു ലഭിച്ച ഉയർച്ചയിൽ അഹങ്കാരം കാണിക്കാതെ, എപ്പോഴും വിനയവും താഴ്മയും കാത്തുസൂക്ഷിച്ചതിനാലാവാം ദൈവം എപ്പോഴും സച്ചിനെ ഉയർച്ചയുടെ പടവുകളിലേയ്ക്ക് കൈപിടിച്ചുകയറ്റിയത്. സച്ചിനു മുമ്പ് വന്നവരും ഒപ്പം പോയവരും, പിന്നാലെ വന്നവരും ക്രിക്കറ്റിന്റെ അരങ്ങിൽ നിന്ന് പടിയിറങ്ങിയപ്പോൾ ഒരു പക്ഷേ ലോകജനതയുടെ ഹൃദയങ്ങളിൽ നിന്നു പോലും പടിയിറങ്ങിയിട്ടുണ്ടാവാം. എന്നാൽ കാലങ്ങൾ എത്ര കഴിഞ്ഞാലും, ക്രിക്കറ്റ് മൺമറഞ്ഞാലും ലോകജനതയുടെ ഹൃദയങ്ങളിൽ കൊത്തിവച്ച സച്ചിൻ എന്ന അത്ഭുതപ്രതിഭ ഒരിക്കലും മാഞ്ഞുപോകില്ല. കാലത്തിനു പോലും തകർക്കാനാവാത്ത ഒരത്ഭുതമായി എന്നെന്നും സച്ചിൻ നിലനിൽക്കും.

വെറും 22 വാര മണ്ണിൽ നിന്നും നാമ്പിട്ട് റെക്കോഡുകളുടെ കൊടുമുടിയോളം പടർന്നു പന്തലിച്ച ഈ മനുഷ്യദൈവത്തെ മുമ്പിൽ നിർത്തിക്കൊണ്ട് ലോകം ക്രിക്കറ്റ് ചരിത്രത്തെ രണ്ടായി വിഭജിച്ചു; സച്ചിനു മുൻപും സച്ചിനു ശേഷവും. രണ്ടര പതിറ്റാണ്ടുകാലം ക്രിക്കറ്റ് മൈതാനത്ത് ബാറ്റുകൊണ്ട് റൺമഴയുടെ വിസ്മയം തീർത്ത ഈ നാല്പതുകാരൻ ക്രിക്കറ്റ് ലോകത്തുനിന്നും പടിയിറങ്ങുമ്പോൾ എല്ലാവർക്കും ഒരുമിച്ച് അഭിമാനിക്കാം. പ്രിയപ്പെട്ട സച്ചിൻ രമേശ് തെൻഡുൽക്കർ, ഇന്ത്യയുടേയും ക്രിക്കറ്റിന്റേയും യശസ്സ് വാനോളം ഉയർത്തിയതിന് ഒരായിരം നന്ദി...

# ഉദിച്ചുയരുന്ന പ്രതിഷേധ സൂര്യൻ



*"I don't mind if I have to sit on the floor at school. All I want is education, And I'm afraid of no one."*
*- Malala Yousuf Zai*

**പാ**ക്കിസ്ഥാനിലെ ഒരു സാധാരണ ഗ്രാമീണ പെൺകുട്ടി അതായിരുന്നു കുറച്ചുനാൾ മുമ്പുവരെ മലാല യൂസഫ് സായ്.... എന്നാൽ ഇന്നവൾ താലിബാൻ മുഖാന്തിരം വിദ്യാഭ്യാസത്തിനുള്ള അവകാശം നഷ്ടപ്പെട്ട സ്വാത് താഴ്‌വരയിലെ എല്ലാ പെൺകുട്ടികളുടേയും കരുത്തുറ്റ പ്രതിനിധിയായി മാറിയിരിക്കുന്നു. താലിബാന്റെ മനുഷ്യത്വമില്ലാത്ത പ്രവർത്തനങ്ങളെപ്പറ്റിയും പെൺകുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തെ തടയുന്ന തെറ്റായ വീക്ഷണങ്ങളെപ്പറ്റിയും ഒട്ടുംതന്നെ ഭയക്കാതെ തന്റെ കൗമാരപ്രായത്തിൽ തന്നെ അവൾ ഒരു ബ്ലോഗിലൂടെ ആഞ്ഞടിച്ചു. താലിബാന്റെ നീതിയറ്റ പ്രവർത്തനങ്ങളെപ്പറ്റിയും പെൺകുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തെ ചെറുക്കുന്നതിനുമെതിരെ ഒരു കൊടുങ്കാറ്റായി മാറിയപ്പോൾ മലാല എന്ന വൻ മതിലിനെ ലോകം ബഹുമാനത്തോടെയും അഭിമാനത്തോടെയും നോക്കിക്കാണുകയും സമാധാനത്തിനുള്ള കുട്ടികൾക്കായുള്ള നോബേൽ പുരസ്കാരത്തിന് നാമനിർദ്ദേശം ചെയ്യുകയും ചെയ്തു.

ഏതൊരു വ്യക്തിയായാലും സംഘടനയായാലും തങ്ങളുടെ പ്രവർത്തനങ്ങൾക്കെതിരെ ശബ്ദമുയർന്നാൽ ആ ശബ്ദത്തെ വേരോടെ നശിപ്പിക്കുവാൻ ശ്രമിക്കും അങ്ങനെ തന്നെയാണ് താലിബാനും ചെയ്തത്. 2012 ഒക്ടോബർ 9 ന് വൈകുന്നേരം സ്കൂളിൽ നിന്ന് വീട്ടിലേയ്ക്കു മടങ്ങുമ്പോൾ മലാല എന്ന കൗമാര വീര്യത്തെ അണയ്ക്കുവാൻ വേണ്ടി അവൾക്കെതിരെ നിറയൊഴിച്ചു. ശേഷം ഇംഗ്ലണ്ടിലെ ക്യൂൻ എലിസബത്ത് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ലോകജനതയുടെ കണ്ണുനീരും പ്രാർത്ഥനയും ആ കൊച്ചുപെൺകുട്ടിയുടെ ജീവനെ കാത്തുസൂക്ഷിച്ചു. ഇതിനകം തന്നെ മലാല പ്രശസ്തയായിക്കഴിഞ്ഞിരുന്നു. സമാധാനത്തിനുള്ള ദേശീയപുരസ്കാരം നേടുകയും 2013-ലെ സമാധാനത്തിനുള്ള നോബേൽ പുരസ്കാരത്തിന് അവളുടെ പേര് നാമനിർദ്ദേശം ചെയ്യുകയും ചെയ്തു.

2013 ജൂലായ് 12 ന് മലാല ഐക്യരാഷ്ട്രസഭയിൽ വിദ്യാഭ്യാസത്തിന്റെ കാര്യത്തിന്റെ ലോകവ്യാപകമായ സമീപനത്തെപ്പറ്റി സംസാരിച്ചു. തന്റെ പ്രസംഗത്തിൽ അവൾ പറഞ്ഞത് ഇപ്രകാരമാണ്. "താലിബാൻ എന്റെ ഇടത്തെനെറ്റിയിൽ നിറയൊഴിച്ചു. കൂടാതെതന്നെ എന്റെ സുഹൃത്തുക്കളേയും. താലിബാൻ വിചാരിച്ചത് ഈ വെടിയുണ്ടകൾ ഞങ്ങളെ നിശബ്ദരാക്കും എന്നാണ്. പക്ഷേ അവർ പരാജയപ്പെട്ടു. പക്ഷേ ഇന്ന് ആ നിശബ്ദതയിൽ നിന്ന് ആയിരക്കണക്കിന് പ്രതിഷേധത്തിന്റെ സ്വരം ഉയർന്നുകൊണ്ടിരിക്കുന്നു. തീവ്രവാദികൾ വിചാരിച്ചത് അവർക്ക് തങ്ങളുടെ ചിന്തകളേയും ലക്ഷ്യങ്ങളേയും തകർക്കാനാവും എന്നാണ്. പക്ഷേ എന്റെ ജീവിതത്തിൽ വന്ന വ്യത്യാസം ഇതാണ് എന്നിലുണ്ടായിരുന്ന ദൗർബല്യങ്ങളും പ്രതീക്ഷയില്ലായ്മയും ഭയവും എന്നന്നേയ്ക്കുമായി മരിക്കുകയും പകരം ബലവും ശക്തിയും ധൈര്യവും ഉടലെടുക്കുകയും ചെയ്തു. ഞാൻ മലാലയാണ്., എന്റെ ലക്ഷ്യങ്ങളും പ്രതീക്ഷകളും, സ്വപ്നങ്ങളും പഴയതു തന്നെയാണ്, പെൺകുട്ടികളുടെ വിദ്യാഭ്യാസ അവകാശലംഘനത്തിനെതിരെ പോരാടുക." മലാല തന്റെ പ്രസംഗം അവസാനിപ്പിച്ചത് ഇപ്രകാരം പറഞ്ഞുകൊണ്ടാണ്. "ഒരു കുട്ടി, ഒരു അദ്ധ്യാപകൻ, ഒരു തൂലിക, ഒരു ഗ്രന്ഥം ഇവയ്ക്കെല്ലാം ഈ ലോകത്തിന്റെ കാഴ്ചപ്പാടുകളെ മാറ്റി മറിക്കുവാൻ കഴിയും. അതിനുള്ള ഏക മാദ്ധ്യമം വിദ്യാഭ്യാസം മാത്രമാണ്. വിദ്യാഭ്യാസത്തിന് മുഖ്യപ്രാധാന്യം നൽകുക"

പെൺകുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തിനെതിരേയുള്ള താലിബാന്റെ പ്രവർത്തനങ്ങളെ ചെറുക്കുവാൻ ഒരു മലാലയല്ല ആയിരക്കണക്കിനു മലാലമാർ ഇനിയും ജന്മമെടുക്കും. തീർച്ച.



അശ്വതി രമേഷ്
S2 BBA

# സ്വപ്നോത്സവങ്ങളാം കേരളഭംഗിയും

ഞാനെന്ന ഭാവം കലരാത്ത ബാല്യവും
തേൻ പോലെയുള്ളൊരാ വാക്കും കളികളും
ഏതോ വഴികളിൽ നഷ്ടമായ് പോയൊരാ
ചേതോഹരങ്ങളാം സ്വപ്നോത്സവങ്ങളും

ഓർമ്മതൻ കാവിലെ പൂരമായ് നില്ക്കുന്നു
ഓണവും കന്നിയിലായില്യ ഭംഗിയും
നാണിച്ചൊഴുകും പുഴയുടെ തീരവും
ധ്യാനിച്ചു നില്ക്കും മലയുടെ ഭാവവും

അമ്മതൻ ദാവണി തുമ്പിൽ പിടിച്ചു ഞാൻ
ചെമ്മെ നടന്നൊരാ ചെമ്മൺ വഴികളും
കാവിയുടുത്തു ജപമാലയണിഞ്ഞു
ശ്രീ വിരിയുന്നതുമാശ്രമവാടിയിൽ

അമ്മതൻ ചുണ്ടിൽ വിരിയുന്ന ശുദ്ധ-
മലയാള കീർത്തനാലാപനവും
കാറ്റു വന്നു കിളി പാട്ടു പാടീടുന്നു
ഞാറ്റുവേലയ്ക്കെത്ര സൗന്ദര്യവായ്പുകൾ



കാതങ്ങൾ നീങ്ങുന്നു കന്യാവനങ്ങളിൽ
കാതോർത്തു നില്ക്കുന്നു പൊൻമാൻകിടാവുകൾ
താമര പൂത്തു തഴുകി നില്ക്കുന്നൊരാ
കാനനചോലയാം കൊക്കയ്ക്കുമപ്പുറം

ആരും കൊളുത്താത്ത ദീപമായി നില്ക്കുന്ന
രാവണി ചന്ദ്രിക എത്ര മനോഹരി !
സൂര്യനു വേണ്ടി തപം ചെയ്തു നില്ക്കുന്ന
സൂര്യകാന്തിപെണ്ണുമെത്ര മനോഹരി !
ശൈത്യവും ഹേമന്തസന്ധ്യയും
പൂവിട്ടു നില്ക്കുന്ന മന്നിലെ
സ്വർഗ്ഗമാം കേരളഭംഗിയും.

# College Union 2013-2014


Prof. Baby Girija B.
Staff Editor


Prof. Manesh S.
Union Advisor


Arun R. Nair
Chairman


Vishnupriya G.
Vice Chairman


Unnikrishnan J.
General Secretary


Abdul Rasheed T.F.
Magazine Editor


Densy Mathew
Arts Club Secretary


Basil Mathai
UUC


Devin Mathew
UUC


Boney P. Varghese
Sports Secretary


Ajith P.
I DC Rep.


Aneesha K. Ibrahim
II DC Rep.


Asha Mary Thomas
III DC Rep.


Anju Murali
Lady Rep.


Anju Siby
Lady Rep.

## Felicitations to the Feathers in our Cap



**Dr. N. Praveen**
Awarded Ph.D. in Image Processing from CUSAT



**Dr. Reji A P**
Awarded Ph.D. in Image Processing from CUSAT

## Proficiency



**Jose Abraham**
BSc. Electronics



**Greeshma M S**
BCA



**Jikky George**
BBA



**Chinju Augustine**
BCom

## M G University Taekwondo Championship Gold Medalists



**Kiran T Joseph**
BSc Electronics



**Athira P B**
BSc Electronics



**Ashil P J**
BCA

### Campus Selection in WIPRO Ltd.



**Vishnupriya G**
BCA



**Akhil Vinayan**
BCA

### Elocution English Ist prize



**Ajith Paul**
BCom






Ladies Hostel Inauguration by
Hon'ble Gen. Secretary
Sri. G. Sukumaran Nair




## Magazine Award For MIST 2012-'13

Staff editor & Student editor
receiving awards from
Dr. A V George,
Hon'ble Vice Chancellor
M.G. University



# Onam Celebrations



# Nature Club



# Academic Initiatives


























# കൊളുക്കുമല... പശ്ചിമഘട്ടത്തിന്റെ സൗന്ദര്യറാണി!

Text: Prof. Baby Girija   Stills: Mr. Arun S Nair

**തെ**ക്കേയിന്ത്യയുടെ കാശ്മീരായ മൂന്നാറിനടുത്ത് പച്ചപുതച്ച തേയിലത്തോട്ടങ്ങൾക്ക് നടുവിലെ സ്വർഗ്ഗം! സമുദ്രനിരപ്പിൽ നിന്നും 8000 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന സ്വപ്നഭൂമി..... കൊളുക്കുമല!

പുരാതനകാലം മുതൽക്കേ അനേകായിരങ്ങളെ ആകർഷിച്ചു പോന്ന സുപ്രസിദ്ധ വിനോദസഞ്ചാര കേന്ദ്രമായ മൂന്നാറിൽ നിന്നും ചിന്നക്കനാൽ വഴി അപ്പർ സൂര്യനെല്ലിയിലൂടെ തമിഴ്നാട്ടിലെ തേനി ജില്ലയിലെ ഈ സുന്ദരഭൂമിയിൽ- ലോകത്തിന്റെ നെറുകയിലെ തേയിലത്തോട്ടത്തിൽ എത്തിച്ചേരാം.

മൂടൽമഞ്ഞ് പുതച്ച, നീലക്കുറിഞ്ഞി പൂക്കുന്ന മലനിരകൾ, വശ്യസൗന്ദര്യം വഴിഞ്ഞൊഴുകുന്ന തേയില ത്തോട്ടങ്ങൾ, വെള്ളിക്കൊലുസിട്ട് നുരഞ്ഞു പതഞ്ഞൊ ഴുകുന്ന കൊച്ചരുവികൾ! നീലാകാശത്തെ മുത്തമിട്ട് നില്ക്കുന്ന നാഗമല! തേയിലത്തോട്ടങ്ങളെ മാത്രം ആശ്ര യിച്ചു ജീവിക്കുന്ന നിഷ്ക്കളങ്കത നിറഞ്ഞ കുറച്ചു മുഖങ്ങളും അവർ പാർക്കുന്ന ഷീറ്റുമേഞ്ഞ ചെറു കുടിലുകളും. ഒപ്പം തേയിലയുടെ പച്ചപ്പിനു നടുവിൽ പച്ചമേൽക്കൂരയുമായൊരു കെട്ടിടം- കൊളുക്കുമല ടീ ഫാക്ടറി. ഇവയെല്ലാം ഇവിടുത്തെ വശ്യമനോഹര ങ്ങളായ കാഴ്ചകളാണ്.

മനുഷ്യർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ നിന്നും മാറി ഒറ്റപ്പെട്ട പ്രദേശമാണ് കൊളുക്കുമല. സൂര്യനെല്ലി യിൽ നിന്നും വെറും 13 കി.മീ. മാത്രം യാത്ര ചെയ്താൽ ഇവിടെത്താം. ഫോർവീൽ ഡ്രൈവ് ജീപ്പിന്റെ സഹായ ത്താൽ മാത്രം എത്തിപ്പെടാൻ സാധിക്കുന്ന ഈ മലമുകളി ലേയ്ക്കുള്ള വഴി ദുർഘടവും സാഹസികത നിറഞ്ഞതുമാണ്.

മൊട്ടക്കുന്നുകളുടെ മേൽ പച്ചവിരിപ്പിട്ട തേയിലത്തോട്ട ങ്ങൾക്കിടയിലൂടെ കഷ്ടിച്ച് ഒരു വാഹനത്തിനു മാത്രം കടന്നു പോകാനാകുന്ന കുണ്ടും കുഴിയും നിറഞ്ഞ വഴിയിലൂടെയുള്ള യാത്ര. റോഡിലെ കുഴികളിൽ ഇറങ്ങിയും പാറകളിൽ കയറിയും പൊടിപടലങ്ങളിലൂടെ നീങ്ങുമ്പോൾ എതിരേ വരുന്ന വാഹനങ്ങൾ പോലും തിരിച്ചറിയാൻ പ്രയാസമാണ്. ചിലയിടങ്ങളിലെ ആഴമേറിയ കൊക്കകൾ സാഹസികയാത്രയുടെ പരിവേഷം നൽകുന്നു.

ഓരോ ഹെയർപിൻ വളവുകളിലും ജീപ്പ് നിർത്തി പിന്നോട്ടെടുത്ത് കയറ്റം കയറേണ്ടി വരുന്നു. പോകുന്ന വഴികളിലെല്ലാം പ്രകൃതിയുടെ യവനിക മാറിമാറി വരുന്ന മനോഹരകാഴ്ച കാണാം. ചില സമയത്ത് തെളിഞ്ഞ നീലാകാശം. കാഴ്ചകൾ വളരെ ഹൃദ്യമാണ്.

സൂര്യനെല്ലിയിൽ നിന്നും ഏകദേശം ഒരു 10 കി.മീ. ഓഫ്റോഡ് കയറിച്ചെല്ലുമ്പോൾ കുറച്ചു നിരപ്പായ വഴി. ഒരു കുരിശടിയും കാണാം. കുരിശടിക്കിപ്പുറം കേരളവും അപ്പുറം തമിഴ്നാടും. തേനി ജില്ലയാണത്. മലമുകളിൽ നിന്നും നോക്കുമ്പോൾ നോക്കെത്താ ദൂരത്തോളം വിസ്മയക്കാഴ്ചകൾ! അതിശയങ്ങൾ! അങ്ങു താഴെ ബോഡിനായ്ക്കന്നൂർ, കൊരങ്ങിണി, നല്ല കാലാ വസ്ഥയിൽ കൊടൈക്കനാൽ വരെ നീളും കാഴ്ചയുടെ പരിധി.

കൊളുക്കുമലയിൽ നിന്നാൽ മൂന്നാറിലെ 'ടോപ്പ് സ്റ്റേഷൻ' വ്യൂ പോയിന്റ് അങ്ങു താഴെ കാണാം. ഒരു വര പോലെ നീളുന്നു വ്യൂ പോയിന്റിലേയ്ക്കുള്ള വഴി. മറുവശത്ത് കേരളത്തിലെ ഏറ്റവും വലിയ കൊടുമുടി കളിലൊന്നായ 'മീശപ്പുലിമല' മീശപ്പുലിമലയിലേയ്ക്ക് കൊളുക്കുമലയിൽ നിന്ന് വനം വകുപ്പിന്റെ അനുവാദ ത്തോടെ ട്രക്കിംഗിനുള്ള സൗകര്യമുണ്ട്.






ഉയർന്ന പ്രദേശങ്ങളിൽ മാത്രം കാണപ്പെടുന്ന വൈവിധ്യമാർന്ന ഇനം സസ്യലതാദികൾ, പുഷ്പങ്ങൾ, എന്നിവ പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഈ നാടിനു സ്വന്തം. കാട്ടിലെ പാട്ടുകാരായ നീലക്കുയിലും ചൂളക്കാക്കയുമെല്ലാം (Malabar Whistingthrush) ഇവിടുത്തെ പ്രത്യേകതകളാണ്. ഒപ്പം സഞ്ചാരികളുടെ മനം കവരുന്ന പ്രധാനാകർഷണമായി ഇവിടുത്തെ സൂര്യോദയവും.

കൊളുക്കുമലയ്ക്കുള്ള യാത്രാമദ്ധ്യേ പ്രകൃതിയുടെ നിഗൂഢസൗന്ദര്യം വിളിച്ചോതുന്ന നാഗത്തിന്റെ രൂപമുള്ള നാഗമലയും അവിടെ നിന്നുള്ള കാഴ്ചകളും വാക്കുകളാൽ വർണ്ണിക്കാൻ കഴിയുന്നതിലപ്പുറമാണ്.

ദുർഘടം പിടിച്ച വഴികളിലൂടെയുള്ള യാത്രയ്ക്കൊടുവിൽ എത്തിച്ചേരുന്നത് ലോകത്തിലെ ഏറ്റവും ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഓർഗാനിക് ടീ എസ്റ്റേറ്റിൽ. 8000 അടി ഉയരത്തിൽ 500 ഏക്കറോളം തേയിലത്തോട്ടം കീടനാശിനികൾക്കും രാസവളങ്ങൾക്കും വഴിപ്പെടാതെ വളരുന്നു. അവയുടെ നടുവിൽ തലയെടുപ്പോടെ നില്ക്കുന്ന പച്ചമേൽക്കൂരയോടു കൂടിയ ടീ ഫാക്ടറി, പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന് സ്ഥിതി ചെയ്യുന്നു. ഫാക്ട റിയുടെ സമീപത്ത് വളർത്തുന്ന ചെമ്മരിയാടുകൾ സഞ്ചാരികൾക്ക് കൗതുകമാണ്. രോമക്കുപ്പായമണിഞ്ഞ ആ ആട്ടിൻപറ്റം വിവിധ രീതികളിൽ ഫോട്ടോയ്ക്ക് പോസ് ചെയ്യുന്നത് മറക്കാനാവില്ല



## തേയില ടിപ്സ്

നുള്ളിയെടുക്കുന്ന തേയിലക്കൊളുന്ത് ഫാക്ടറിയിലെത്തിച്ച് ആദ്യം ഈർപ്പം നീക്കുന്നു. വലിയ ഒരു നെറ്റിൽ കൊളുത്ത് നിരത്തി ഏകദേശം 8 മുതൽ 14 മണിക്കൂർ വരെ ശക്തിയായി യന്ത്ര സഹായത്താൽ കാറ്റടിച്ചാണ് ഉണക്കുന്നത്. ഈ പ്രക്രിയയ്ക്ക് വിതറിംഗ് എന്നു പറയുന്നു.

അടുത്ത ഘട്ടം ഇലകൾ കീറിച്ചുരുട്ടി സത്തെടുത്ത് പുറത്തു കൊണ്ടുവരുന്നതാണ്. റോളിംഗ് മെഷീനിലാണ് ഇത് ചെയ്യുന്നത്. ഇവിടെ തുടങ്ങുന്നു, ചായയുടെ രുചിയും മണവും. തേലിയച്ചുരുളുകൾ അരിച്ച് പല വലിപ്പത്തിൽ വേർതിരിക്കും. ലൈറ്റ്, സ്ട്രോംഗ് എന്നിങ്ങനെയാണ് തരം തിരിക്കുന്നത്.

റോളിംഗ് കഴിഞ്ഞ് ഓക്സിഡേഷൻ കൊണ്ട് തേയില ബ്രൗൺ നിറമാകുന്നു. നേരിയ തോതിൽ വെള്ളം സ്പ്രേ ചെയ്ത് പ്രത്യേകം ക്രമീകരിച്ച മുറിയിൽ ജലാംശം നിലനിർത്തിയാണ് ഇതു ചെയ്യുന്നത്.

അടുത്ത ഘട്ടം ഉണക്കലാണ്. ചൂടും പുകയും കൊടുക്കുന്ന ചില തടികളാണ് ഇതിന് ഉപയോഗിക്കുന്നത്. ചൂടുകാറ്റ് റോളറിൽ കടത്തി വിടും. ഇലക്ട്രോസ്റ്റാറ്റിക് മെഷീൻ ഉപയോഗിച്ച് നാരുകൾ നീക്കം ചെയ്ത് പല വലിപ്പത്തിലുള്ള അരിപ്പകളിലൂടെ തരംതിരിക്കും. ഇങ്ങനെ തരം തിരിച്ച തേയില ഒരു മാസക്കാലം വലിയ പെട്ടികളിൽ സൂക്ഷിക്കും. മനം മയക്കുന്ന ഗന്ധമായിരിക്കും പെട്ടികളിൽ നിന്ന് അവ പുറത്തെടുക്കുമ്പോൾ. പിന്നെ തരാതരത്തിൽ പായ്ക്ക് ചെയ്യുന്നു. ഫാക്ടറി ഔട്ട്ലെറ്റിൽ എല്ലാ തരത്തിലുമുള്ള ടീ പായ്ക്കറ്റുകൾ ലഭ്യമാണ്.







## പശ്ചിമഘട്ടം

ഇന്ത്യൻ ഉപദ്വീപിന്റെ പടിഞ്ഞാറേ തീരത്തിനു സമാന്തരമായി നിലകൊള്ളുന്ന പർവ്വതനിരകളാണ് പശ്ചിമഘട്ടം. ജൈവ വൈവിധ്യത്താൽ സമ്പുഷ്ടമാണ് ഈ പർവ്വതങ്ങൾ. തപ്തി നദിയ്ക്ക് തെക്ക്, ഗുജറാത്തിന്റേയും മഹാരാഷ്ട്രയുടേയും അതിർത്തിയിൽ നിന്നാരംഭിച്ച് മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, തമിഴ്നാട്, കേരളം വഴി കന്യാകുമാരിയിൽ വരെ 1600 കി.മീ. നീളത്തിൽ നീണ്ടു നിവർന്നു കിടക്കുന്നു ഈ മലനിരകൾ. വൈവിധ്യമാർന്ന തരത്തിലുള്ള പുഷ്പിതസസ്യങ്ങളും സസ്തനികളും പക്ഷിഗണങ്ങളും ഉഭയജീവികളും ശുദ്ധജല മത്സ്യങ്ങളും ഇവിടെ വസിക്കുന്നു. പശ്ചിമഘട്ടത്തിലെ പ്രധാന മലനിര സഹ്യാദ്രി (സഹ്യപർവ്വതം) ആണ്. പൂർവ്വഘട്ടവും പശ്ചിമഘട്ടവും നീലഗിരിയിൽ സന്ധിക്കുന്നു. ഇരവികുളം ദേശീയോദ്യാനത്തിൽപ്പെടുന്ന ആനമുടി (8842 ft. or 2695 m.)യാണ് പശ്ചിമഘട്ടത്തിലെ ഏറ്റവും ഉയർന്ന കൊടുമുടി. മീശപ്പുലിമല (2640 മീ.) രണ്ടാമത്തേയും. വയനാട്ടിലെ ചെമ്പ്ര മലകളും ബാണാസുര മലനിരകളും, കേരളത്തിന്റെ തെക്കൻ ജില്ലകളിൽ വ്യാപിച്ചു കിടക്കുന്ന അഗസ്ത്യമലയും ഉയർന്ന മലനിരകൾ തന്നെ. തെക്കുപടിഞ്ഞാറൻ മൺസൂൺ നമുക്ക് പൂർണ്ണമായും അനുഭവവേദ്യമാകുന്നത് പശ്ചിമഘട്ടത്തിലെ ഭൂപ്രകൃതി കൊണ്ടാണ്. നമ്മുടെ സഞ്ജീവനിയായ പശ്ചിമഘട്ടം പ്രകൃതി നമുക്കു നൽകിയ ഏറ്റവും വലിയ വരദാനമാണ്. അതിനാൽ പശ്ചിമഘട്ട സംരക്ഷണവും ഏറ്റവും പ്രധാന്യം നിറഞ്ഞതത്രെ.

ടീ ഫാക്ടറിയ്ക്ക് ചുറ്റും വിളയുന്ന തേയിലയാണ് ഫാക്ടറിയിൽ എത്തി മുഖം മിനുക്കി പല രൂപത്തിൽ പായ്ക്കറ്റുകളിൽ പ്രവേശിക്കുന്നത്. 1935-ൽ ഇംഗ്ലണ്ടിൽ നിന്ന് എത്തിച്ച വലിയ മെഷിനുകളാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്.

ടീ ഫാക്ടറിയുടെ ഉള്ളിൽ ആതിഥ്യമേകുന്ന ചൂടു ചായയുടെ രുചി സവിശേഷം തന്നെ. വൈവിധ്യമാർന്ന വർണ്ണങ്ങളിലുള്ള പനിനീർപുഷ്പങ്ങൾ ഈ ഫാക്ടറിക്ക് ചന്തം ചാർത്തുന്നു.

കൊളുക്കുമലയിലേയ്ക്കുള്ള യാത്ര ഓർമ്മകളിൽ നിന്നും തുടച്ചുകളയാൻ സാധിക്കാത്ത വിധം ആഴത്തിൽ പതിയുന്ന ഒന്നാണ്. കോലാഹലങ്ങളുടേയും മാനസിക പിരിമുറുക്കങ്ങളുടേയും ഇടയിൽ നിന്ന് ആശ്വാസം തേടുന്ന വിനോദസഞ്ചാരികൾക്ക് മനസ്സിനെ സാന്ത്വനിപ്പിക്കാൻ, ആകാശനീലിമയ്ക്ക് താഴെ പച്ച പുതച്ച ഈ മലനിരകൾ പ്രകൃതിരമണീയത പൂർണ്ണമായും ഉൾക്കൊണ്ട് സ്ഥിതി ചെയ്യുന്നു.

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച പശ്ചിമഘട്ടത്തിന്റെ സൗന്ദര്യ റാണിയോട് യാത്ര പറഞ്ഞിറങ്ങുമ്പോൾ എല്ലാവരുടേയും മനസ്സിൽ ഒരേയൊരു മന്ത്രം മാത്രം.... ഇതാണ് മലമുകളിലെ സ്വർഗ്ഗം. ഭൂമിയിലെ തന്നെ സ്വർഗ്ഗം.... പ്രകൃതീ നീ എത്ര മനോഹരി.....



റോഡോഡെൻഡ്രോൺ എന്ന അപൂർവ്വയിനം പുഷ്പം.



# വെളിച്ചമാകുന്ന അറിവ്

തമസ്സാം ഭൂവിൽ പ്രകാശമാം വിദ്യയെ
തേടുക നീയതിനെ തള്ളരുതൊരിക്കലും
വിദ്യയാം വൃക്ഷത്തിൻ തായ്‌വേര്
വിനയമെന്നറിയണം നീ

വിദ്യയിൽ നീ അഹന്ത പൂണ്ടാൽ
മെഴുകുപോൽ ഉരുകണം നിൻ ഹൃദയം
ഓർക്കുക മർത്ത്യ!പാണ്ഡിത്യഗർവ്വിൻ
ഫലം താഴ്ചയത്രേ!

മറക്കരുതൊരിക്കലും ജ്ഞാനത്തെ പ്രാപിപ്പാൻ
മറക്കരുതൊരിക്കലും ജ്ഞാനം പകരാൻ
പകർന്നാൽ വർദ്ധിക്കുന്നൊ-
രേയൊരമൃതവും ഇതു താൻ

വിളക്കാകുന്നെൻ ഗുരുനാഥാ
വെളിച്ചമാം വിദ്യയെ പകരണമെ
എൻ കൊച്ചു നേട്ടങ്ങൾ അർപ്പണം
ചെയ്യുന്നു ഞാൻ നിന്മുന്നിൽ

ഈശ്വരഭക്തി നിന്നിലുടലെടുക്കട്ടെ
അതുതന്നെ വിദ്യതന്നാരംഭം
വിദ്യയാൽ ഈശ്വരചൈതന്യം
സമസ്ത ഭൂവിൽ നിറയട്ടെ!



**ജിബിൻ കുര്യാക്കോസ്**
S2 BCA

# ഞാനും നീയും

**നി**മിഷ ജീവിതത്തിൽ ജീവിക്കുവാൻ ആഗ്രഹിക്കുന്ന ലോകം... കരകാണാതെ അനന്തമായ കടൽ പോലെ മനസ്സ്. യുവാക്കളുടെ നിത്യദർശനത്തിനു പാത്രമാകുന്ന ഒരു മുന്തിയ ബാർ. അനന്തനും നീരജും. എന്തിനെന്നറിയാതെ, സ്വന്തം വഴികൾ തന്നെത്താൻ കണ്ടുപിടിച്ച് ചരിത്രം രചിക്കുന്നവരുടെ ഇടയിലെ രണ്ടു വ്യക്തികൾ. യുവത്വത്തിന്റെ തുടിപ്പ്.

നിന്നെ എനിക്കൊരിക്കലും മറക്കാൻ കഴിയുന്നില്ലെടാ നീരജേ..



എനിക്കും അങ്ങനെ തന്നെയാ അനന്തൻ മറുപടി നൽകി. രണ്ടുപേരും കെട്ടിപ്പിടിക്കുന്നു. കാറ്റുവരുമ്പോൾ തകർന്നു വീഴാൻ പോന്ന ചീട്ടുകൊട്ടാരം പോലെ അവർ വിജനമായ റോഡിലേയ്ക്ക് ഇറങ്ങി... അന്തിനിലാവിന്റെ ഓളങ്ങളേറ്റ് ഉറങ്ങുമ്പോൾ നാളേയ്ക്കായി അവർ നിശ്ചയിച്ചുറപ്പിച്ച ആ സുദിനത്തിനായി  കാത്തിരുന്നു.

***

പ്രഭാതം. പണ്ടത്തെപ്പോലെ സൂര്യന്റെ വെള്ളിവെളിച്ചമേൽക്കാൻ കിളികളോ മഞ്ഞിൻതുള്ളികളോ പച്ചപ്പുൽനാമ്പുകളോ ഇല്ല. എങ്കിലും സൂര്യൻ ഉദിച്ചു.

സമയെ പത്തുമണിയോടടത്തു. ഒരു രജിസ്ട്രാർ ആഫീസ്. ഒരു ചരിത്ര സംഭവം നടക്കുകയാണിവിടെ. ജനത്തിന്റെ തിരക്കു കണ്ടാൽ തന്നെ അറിയാം സംഭവം കുറച്ച് വലുതും ആകാംക്ഷാജനകവുമാണെന്ന്. ഇവിടെ അപൂർവ്വങ്ങളിൽ അപൂർവ്വമായ ഒറു വിവാഹം അരങ്ങേറുകയാണ്. വധുവാര്? വരനാര്? എന്ന ചോദ്യത്തിന് ഇവിടെ പ്രസക്തിയില്ല. കാരണം രണ്ടുപേരും വരന്മാരാണ്. നീരജും അനന്തനും. പരസ്പരം ഇഷ്ടപ്പെട്ട് ഒരുമിച്ച് ജീവിക്കാൻ സ്വയം തീരുമാനിച്ചതനുസരിച്ച് അവർ കാത്തിരുന്നത് ഇതാണ്.

പുറത്തു നിറഞ്ഞ ജനങ്ങളിൽ ചിലർ ഇതിനെതിരെ രംഗത്തുവന്നു. പക്ഷേ അവരുടെ തീരുമാനത്തെ അവർക്ക് തടയാനായില്ല. ചിലർ ഇതിനെ വലിയ സംഭവമായിക്കണ്ട് ഇരുവരേയും ആശംസകൾകൊണ്ടുപൊതിഞ്ഞു.

സന്ധ്യാസമയം. ഇപ്പോൾ രജിസ്ട്രാർ ആഫീസിന്റെ മുമ്പിൽ മുമ്പത്തേതുപോലുള്ള  തിരക്കുകളൊന്നുമില്ല.

എല്ലാ സംഭവങ്ങളിലും നടക്കുന്നതുപോലെ ഇവിടെയും വിമർശനങ്ങളും അഭിപ്രായങ്ങളും കെട്ടടങ്ങി. നീരജും അനന്തനും തങ്ങളുടെ ലോകത്തേയ്ക്ക് പോയി. പക്ഷേ ദൈവത്തിന്റെ അഭിപ്രായം ആരും തിരക്കിയില്ല. ഒരുപക്ഷേ, ദൈവത്തിനുപോലും മനുഷ്യന്റെ പ്രവൃത്തികളിൽ അഭിപ്രായം ഇല്ലായിരിക്കാം...



**Sinimol George**
S2 BCom




**Asha Mary Thomas**
S6 BBA

**ക**വികളുടേയും നോവലിസ്റ്റുകളുടേയും പതിവു രീതികളെ തൂത്തെറിഞ്ഞുകൊണ്ട് മലയാള സാഹിത്യരംഗത്തേയ്ക്ക് തന്റെ ചാരുകസേര വലിച്ചിട്ടിരുന്ന ഒരു വ്യത്യസ്തനായ മനുഷ്യൻ; അതായിരുന്നു വൈക്കം മുഹമ്മദ് ബഷീർ പരമ്പാരാഗത രീതിയിലുള്ള എഴുത്തിനെ കൈവെടിഞ്ഞ്, സരസമായ ശൈലിയിൽ, ആത്മകഥാംശമുള്ള രചനകളായിരുന്നു അദ്ദേഹത്തിന്റേത്. ഇതുതന്നെയാണ് അദ്ദേഹത്തെ വേർതിരിച്ചു നിർത്തിയതും, സാധാരണക്കാർക്ക് അദ്ദേഹത്തെ സ്വീകാര്യനാക്കിയതും. ബഷീർ സമ്പൂർണ്ണ കൃതികളുടെ പതിപ്പിനെഴുതിയ പ്രസാധകകുറിപ്പിൽ യശ:ശരീരനായ ഡി.സി. കിഴക്കേമുറി ഇങ്ങനെ പ്രതിപാദിച്ചിരിക്കുന്നു. “വ്യാകരണത്തിന്റെ വേലിക്കെട്ടിനു പുറത്ത് ആഖ്യയും ആഖ്യാതവും തിരിച്ചറിയാതെ നടന്ന ബഷീറിന്റെ പിന്നാലെ വാക്കുകൾ കരഞ്ഞുവിളിച്ചുനടന്നു. ഇങ്ങനെ കരഞ്ഞുവിളിച്ച വാക്കുകളെ ബഷീർ കാരുണ്യത്തോടെ എടുത്തപ്പോൾ അവയ്ക്കു രൂപമാറ്റം വന്നു. അദ്ദേഹം വാക്കുകൾ കൊണ്ട് മൗനം സൃഷ്ടിച്ചും മൗനത്തെക്കൊണ്ട് വാക്കുകളേയും”.

ഈ മൗനമാണ് ബാല്യകാലസഖി എന്ന മനോഹരപ്രണയ ശില്പം വായനക്കാരനു സമ്മാനിക്കുന്നത്. 75 പേജുകൾ കൊണ്ട് മജീദിന്റേയും സുഹറയുടേയും ബാല്യം മുതൽ മരണം വരെ വായനക്കാരനു മുമ്പിൽ വരച്ചിടുന്നു എന്നതാണ് ഈ കഥയുടെ വിജയം. ഒരെഴുത്തുകാരനെ രൂപപ്പെടുത്തുന്നതിൽ അയാളുടെ അനുഭവസമ്പത്ത് വളരെ പങ്ക് വഹിക്കുന്നുണ്ട് എന്ന ടി. പദ്മനാഭന്റെ വാക്കുകൾ ഈ ഘട്ടത്തിൽ പ്രധാനമാണ്. ബാല്യകാലസഖി ഏറെയും ആത്മകഥാംശമുള്ള രചനയാണ് എന്ന് ബഷീർ തന്നെ സമ്മതിക്കുകയും ചെയ്യുന്നു. നാം ഇന്നു കാണുന്ന രൂപത്തിലുള്ള ബാല്യകാലസഖി പുറത്തുവന്നത് 1944ൽ ആയിരുന്നു. അതിശക്തമായ സ്നേഹത്തിന്റെ അന്തർധാരയാണ് ഈ കൃതിയിൽ നിറഞ്ഞുനിൽക്കുന്നത്.

ബാല്യകാലസഖിയുടെ ഒന്നുമുതൽ അഞ്ചുവരെയുള്ള അദ്ധ്യായങ്ങൾ മജീദിന്റേയും സുഹറയുടേയും ബാല്യകാലമാണ്. അത്യധികം നിഷ്കളങ്കം തുളുമ്പുന്ന രണ്ടുകുഞ്ഞുമുഖങ്ങൾ വായനക്കാരനു മുന്നിൽ തെളിയുന്നു. മജീദും സുഹറയും. ബദ്ധവൈരത്തിൽ നിന്ന് ആത്മാർത്ഥ സൗഹൃദത്തിലേയ്ക്ക് വഴിമാറുന്ന അവരുടെ ജീവിതം കുട്ടിക്കാലത്തിന്റെ ഗൃഹാതുര സ്മരണകളിലേയ്ക്കു വിരൽ ചൂണ്ടുന്നു. വിശ്വപ്രസിദ്ധമായ ‘ഒന്നും ഒന്നും ഇമ്മിണി വല്യ ഒന്ന്’ എന്ന പ്രയോഗവും ബഷീറിന്റെ സ്വന്തം അനുഭവത്തിൽ നിന്നെടുത്ത ഏടുതന്നെ. സുഹറയെ തന്റെ രാജകുമാരിയാക്കുന്ന മജീദും കണക്കറിയാത്ത മജിദിനെ ജയിപ്പിച്ചു മിടുക്കനാക്കിയ സുഹറയും ഏതോ ഘട്ടത്തിൽ പ്രണയിച്ചു തുടങ്ങുന്നു.

കൃതിയുടെ ആദ്യത്തെ വഴിത്തിരിവ് സുഹറയുടെ ബാപ്പായുടെ മരണമാണ്; അതോടെ അവൾ സ്വയമറിയാതെ ജീവിതത്തിന്റെ തീച്ചൂളയിലേയ്ക്ക് അറിയപ്പെടുന്നു. പഠിക്കാൻ തീരെ മോഹമില്ലാത്ത മജീദ് ഹൈസ്കൂളിൽ ചേരുന്നു, അല്ല; ചേർക്കുന്നു. എല്ലാ സ്വപ്നങ്ങളും കരിഞ്ഞുപോയ സുഹറാ സ്വന്തം വീടിന്റെ വാതിൽക്കൽ നിന്ന് ആ കാഴ്ച വേദനയോടെ നോക്കിക്കാണുന്നു. മജീദ് പഠനം തുടർന്നുകൊണ്ടിരിക്കെത്തന്നെ, വീട്ടിലുണ്ടായ വഴക്കിനെ തുടർന്ന് വീടുവിട്ടിറങ്ങുന്നു. പലനിലയിലും തരത്തിലുമുള്ള ജീവിതങ്ങൾ കണ്ടു. പലരീതിയിലും ജീവിച്ചു. എഴോ പത്തോ കൊല്ലങ്ങൾ.

നാലഞ്ചുപേർ ചേർന്നു ചുമന്നുകൊണ്ടു വന്ന കിടക്കയും പെട്ടിയും സാധനങ്ങളും കണ്ടപ്പോൾ അയാൾ സമ്പന്നനായി തിരിച്ചുവന്നിരിക്കുന്നു എന്ന് എല്ലാവരും വിശ്വസിക്കുന്നു. അതിനകം ദരിദ്രമായിക്കഴിഞ്ഞ സ്വന്തം കുടുംബവും ഏതോ കശാപ്പുകാരനെ കല്യാണം കഴിച്ച സുഹറയും നെഞ്ചിൽ നെരിപ്പോടാകുമ്പോൾ, ദരിദ്രനായാണു മടങ്ങിവന്നിരിക്കുന്നത് എന്ന ചിന്ത മറ്റുള്ളവരേയും നിരാശരാക്കുന്നു. എന്നാൽ കുടുംബത്തിന്റെ പരാധീനതകളെക്കാളും, സ്വന്തം ജീവിതത്തിന്റെ അർത്ഥശൂന്യതകളെക്കാളും അയാളെ വേദനിപ്പിച്ചത് സുഹറയുടെ ദയനീയാവസ്ഥ ആയിരുന്നു. ഒടുവിൽ സുഹറയെ വിവാഹം ചെയ്യാനും അതിനുമുമ്പ് കുടുംബം കരുപ്പിടിപ്പിക്കാനുമായി എല്ലാവരേയും സുഹറയെ ഏൽപ്പിച്ച് അയാൾ വീണ്ടും യാത്ര തിരിക്കുന്നു. ഈ ഘട്ടത്തിൽ ഒരപകടത്തിൽ മജീദിന്റെ ഒരു കാലിന്റെ പകുതി നഷ്ടപ്പെട്ടു പോകുന്നു. സുഹറായുടെ പ്രഥമ ചുംബനം ലഭിച്ച വലതുകാൽ!

തീർത്തും അപ്രതീക്ഷിതമായ ഘട്ടത്തിലാണ് ബാല്യകാലസഖിയുടെ അന്ത്യം. ഒന്നരക്കാലുമായി, ഹോട്ടലിൽ പാത്രങ്ങൾ കഴുകുമ്പോഴും സന്തോഷം കണ്ടെത്തി ജീവിച്ച മജീദിനു മുന്നിലേയ്ക്ക് സുഹറായുടെ മരണം അറിയിച്ചുള്ള ഉമ്മായുടെ കത്ത് ലഭിക്കുന്നു. അവസാനമായി താൻ യാത്ര പറഞ്ഞിറങ്ങുമ്പോൾ എന്തായിരുന്നു അവൾ പറയാൻ വന്നത്...?

മജീദും സുഹറയും ഒന്നായിരുന്നെങ്കിൽ എന്നു വായനക്കാരൻ ആശിച്ചുപോകുന്നിടത്താണ് ഈ കൃതിയുടെ വിജയം. ഒരിക്കലും പൂർത്തീകരിക്കാൻ കഴിയാത്ത തീവ്രപ്രണയത്തിന്റെ കഥയാണ് ബാല്യകാലസഖി. മലയാള സാഹിത്യത്തിൽ അനേകം പ്രണയശില്പങ്ങൾ ഉണ്ടായിട്ടുണ്ട്, ഇപ്പോഴും ഉണ്ടാകുന്നുമുണ്ട്. സങ്കീർണ്ണതയേതുമില്ലാത്ത അവതരണവും പരിശുദ്ധ സ്നേഹത്തിന്റെ വേദന തുളുമ്പുന്ന കഥാസന്ദർഭങ്ങളും അതിനെ വ്യത്യസ്തമാക്കുന്നു. ഭർത്താവിന്റെ പീഡനങ്ങളേറ്റ്, ദേവതയായിരുന്ന സുഹ്റാ വിരൂപയായപ്പോഴും മജീദ് അവളെ പ്രണയിച്ചുകൊണ്ടേയിരിക്കുന്നു. അനവധി ആരോപണങ്ങൾക്കും വിശകലനങ്ങൾക്കും ഈ കൃതിയുടെ സ്വീകാര്യതയ്ക്ക് മങ്ങലേൽപ്പിക്കാൻ കഴിയാതിരുന്നത് ഈ തീവ്രസ്നേഹത്തിന്റെ ആവിഷ്കാരം കൊണ്ടാണ്. പ്രണയിച്ചിട്ടുള്ളവർക്കും പ്രണയത്തെ സ്നേഹിക്കുന്നവർക്കും നിർമ്മലപ്രണയം കാണിച്ചുകൊടുക്കുന്ന ഒരു വഴിവിളക്കുകൂടിയാണ് ബാല്യകാലസഖി.

"ബാല്യകാലസഖി ജീവിതത്തിൽ നിന്നു വലിച്ചു ചീന്തിയ ഒരേടാണ്. അതിന്റെ വക്കത്ത് രക്തം പൊടിഞ്ഞിരിക്കുന്നു. ചിലർക്ക് ചുടുചോര കാണുമ്പോൾ ഒരു പേടിയും അറപ്പും തോന്നും. അങ്ങനെയുള്ളവർ സൂക്ഷിച്ചുവേണം ഈ പുസ്തകം വായിക്കാൻ...."
എം.പി. പോൾ

# വിരഹം

നിനക്കായ് വീണ്ടുമെൻ ഹൃദയത്തിലിന്നും
ഒരു ഗാനം കൂടി കുറിച്ചു വച്ചു
അന്നു ഞാൻ കണ്ട കിനാവിൽ എന്നും
നിന്നുടെ മുഖചിത്രം മറഞ്ഞിരുന്നു
കാണുവാൻ ഏറെ അഗ്രഹിച്ചപ്പോഴോ
ഒരു കുളിർകാറ്റായ് നീ ഒഴുകിയെത്തി
കോടമഞ്ഞിൻ കാഠിന്യം കൊണ്ടോ
എന്നുടെ ഹൃദയം നീ കണ്ടതില്ല
നിലാവിൻ നീലിമയിൽ നീ മയങ്ങുമ്പോഴും
നിൻ കിനാവിൽ എന്നെ നീ കണ്ടതില്ല
പറയാതെ പോയ പ്രണയത്തെ
എന്തിനിനിയും, ഓർക്കേണ്ടതില്ല
ഒന്നുമേ, നീയെന്ന സ്വപ്നം
മാഞ്ഞു കഴിഞ്ഞെൻ ഹൃദയത്തിൽ നിന്നും



**ഗ്രീഷ്മ പി.ജെ.**
S4 B.Com



ക്രിസ്റ്റീന ബിജു
I BBA

# വേനൽ

ഈ വേനൽച്ചൂടിന്റെ പകലിലും
തണുപ്പിൻ ആർദ്രത എന്നിൽ നിറഞ്ഞിടുന്നു
കാലമെത്ര കഴിഞ്ഞിരിക്കുന്നു
എൻ ഓർമകൾ എങ്ങോ പോയ്മറഞ്ഞിരിക്കുന്നു

മറക്കാനാവില്ല ജീവനിൽ ജീവനായ നിന്നെ
മറക്കാത്ത മനസിൽ മാത്രമേ
മായാത്ത സ്നേഹത്തിന്നുറവയുള്ളു
കാലമെത്രയോ പോയ്മറഞ്ഞിടുന്നു

കാലം പേറിടാത്ത ഭാണ്ഡങ്ങളുണ്ടോ?
കാലം മായ്ക്കാത്ത മുറിവുകളുണ്ടോ?
ഒപ്പം കാലം തരാത്ത വസന്തമുണ്ടോ?
അവസാനം ആ കാലം നമ്മെ തന്നിൽച്ചേർത്തിടും

ചില്ലകളായിരം ഇളനാമ്പുകൾ
പിന്നെയാ കാലത്തിൻ വികൃതിയിൽ
ചില്ലകളെല്ലാം ശൂന്യമായിടുന്നു
കാലത്തിൻ മടിത്തട്ടിൽ കളിപ്പാവകൾ ആയിടുന്നു

ഒരു വേനൽ ചൂടിന്റെ നിമിഷമാം
വിയർപ്പിൻ കണങ്ങളാൽ മൂടി
നീ നിന്റെ വീടു തേടിയണഞ്ഞു
എങ്കിലും ക്രൂരമാം കൈകൾ നിന്നെ തടഞ്ഞു

ഒരിക്കൽ മാത്രം മനുഷ്യനു ചേരുന്ന ഭാഗ്യമാം
മംഗല്യം തേടി നീ വീടണയാൻ കൊതിച്ചു
കൂകിപ്പായും തീവണ്ടിയിൽ നീ നിൻ
മോഹങ്ങൾ ഒതുക്കി, ഞെരുക്കി

ഒരായിരം സ്വപ്നങ്ങൾ വാരിക്കൂട്ടി
എങ്കിലും ഒറ്റക്കൈ കൊണ്ട്
നിൻ ഓർമ്മകളവൻ തല്ലിക്കെടുത്തി
ക്രൂരത തൻ വേനൽ ചൂടിൽ

പാവമാം നിന്നെ അവൻ
ദയയില്ലാതെ പിച്ചിച്ചീന്തി
അർദ്ധനഗ്നയായ നിൻ മേനി
ആരുമേ രക്ഷിപ്പാനില്ലാതായി

തൻ പെറ്റമ്മ തൻ വാത്സല്യവും
സഹോദരി തൻ സ്നേഹം
ഭാരതത്തിൻ പ്രതിജ്ഞയും
അവൻ മറന്നിരിക്കുന്നു

എത്രയോ വേനൽ കൊഴിഞ്ഞിരിക്കുന്നു
എത്രയോ വേദനകൾ നീ ഏറിയിരിക്കുന്നു
എങ്കിലും നീ മരണത്തിൻ വികൃതിയിൽ
ഒരു കൊച്ചു കളിക്കോപ്പായി മാറിയിരിക്കുന്നു

ഓരോ പ്രഭാതത്തിലും
ഓരോ പ്രദോഷത്തിലും
മനസ്സിൻ ശ്രീകോവിലിൽ
നിന്റെ ഓർമ്മകൾ മായാതിരിക്കുന്നു

പെൺമക്കളുള്ള ഓരോ അമ്മ തൻ-
മനസ്സിലും നീ അണയാത്ത ദീപമായ്
സൗമ്യ എന്ന സൗമ്യമാം പേരും
സൗമ്യമാം മുഖവും, എന്നും മായാത്ത ഓർമ്മ

മറക്കുമോ സഹോദരി നീ
നിന്നിലേറ്റ പീഡകൾ തൻ വേദനയും
അതിൻ ആഴപ്പരപ്പും
മാപ്പു ചോദിച്ചിടട്ടെ ഞാൻ

കാരണമവനുമെന്റെ ഭാരത സഹോദരനല്ലോ
ഒരിക്കലവൻ പാപത്തിൻ കടലിൽ
കാലിടറി വീണതിൽ ഉരുകിത്തീരും
ഈ വേനലിൻ ചൂടിൽ മായാത്ത തിന്മയുണ്ടോ?

**എബിൻ ജോസഫ്**
S6 BCom



# കലാലയാനുഭവങ്ങൾ

ഈ മേഘങ്ങൾക്കു താഴെ പഴകി തുരുമ്പിച്ച് തകരാറായ ഒരു ബോർഡ് നിങ്ങൾ കണ്ടില്ലേ......

അറിവിന്റെയും സുഹൃത്ത് ബന്ധങ്ങളുടെയും പ്രണയത്തിന്റെയും പരിഭവത്തിന്റെയും വിരഹത്തിന്റെയുമൊക്കെ കഥകൾ പറയാനുള്ള മനോഹരമായ ഒരു കൊച്ചു കലാലയത്തിലേക്കുള്ള ചൂണ്ടുപലകയാണത്... ഒരിക്കൽ സുഖമുള്ള ഓർമ്മകളായി മാറാനുള്ള അനുഭവങ്ങൾക്കായി നമുക്കൊരു യാത്ര പോകാം...

എൻ.എസ്.എസ് കോളേജിനെ തൊട്ടറിയുന്നൊരു യാത്ര.......

# പരീക്ഷ



പരീക്ഷാ കാലം......
ആദ്യമായി കാണുന്ന സിലബസുകൾ....
കണ്ടോ കേട്ടോ മുൻപരിചയം ഇല്ലാത്ത ടോപ്പിക്കുകൾ....
പരീക്ഷകൾ വെറും പരീക്ഷണങ്ങൾ മാത്രമാകുകയാണ്.
ഡി ഗ്രേഡിനു വേണ്ടിയുള്ള ഭഗീരഥ പ്രയത്നങ്ങൾ......
ചില സംഭാഷണങ്ങളിലേയ്ക്ക്.....
അളിയാ എപ്പൊഴിറങ്ങും??
ഈശ്വരാ നിന്റെ പാതി ഒരു വെട്ടിച്ചുരുക്കലും
ഇല്ലാതെ മുഴുവനായി ഇങ്ങുതന്നേക്കണേ.....
പ്രാർത്ഥനയോടെ പരീക്ഷയ്ക്ക്... ക്വസ്റ്റ്യൻ പേപ്പർ കണ്ടപ്പോൾ ഒരു സംശയം
ഇന്നലെ പഠിച്ച വിഷയം ഇതു തന്നെയോ???
തിരിഞ്ഞു നോക്കി... സഹമുറിയനും മേൽക്കൂരയിൽ നോക്കി ചിന്തിച്ചിരിക്കയാണ്.
മുൻപിലിരിക്കുന്ന തരുണീമണി ചന്നം പിന്നം പേപ്പറുകൾ നിറയ്ക്കുന്നു...
ഇവൾക്ക് ആധാരം എഴുത്താണോ പണി...? എന്തായാലും നമ്മൾ മോശക്കാരാവരുതല്ലോ..
Accountancy is an art of recording, classifying............ the result there
ഇതാണ് യഥാർത്ഥ വിദ്യാഭ്യാസം.
പഠിച്ച തിയറി ഒന്നേ ഉള്ളൂ എങ്കിലും പരത്തിയെഴുതിയിട്ടുണ്ട്.
ഒടുവിൽ ഹാളിൽ നിൽക്കുന്ന അദ്ധ്യാപിക/ അദ്ധ്യാപകന് ഒരു പുഞ്ചിരിയും ഒപ്പം Accounting definition
തല്ലിയും എഴുതിയും പഠിപ്പിച്ച സാറിനെ നന്ദിയോടെ സ്മരിച്ചുകൊണ്ടും പുറത്തേയ്ക്ക്

ശുഭം.....



# ഹോസ്റ്റലുകൾ

ഡിഗ്രി വിദ്യഭ്യാസത്തിനു വരുമ്പോൾ എന്തെല്ലാം പ്രതീക്ഷകളാണ്,... പുതിയ അനുഭവങ്ങളാണ്....
ഹോസ്റ്റലുകളിലെ ജീവിതവും..... ഓരോ പ്രതീക്ഷകൾ തകർന്നടിയുമ്പോഴും അഭയകേന്ദ്രമായി ഈ ഹോസ്റ്റലുകൾ.
ഇവിടെ ജീവിതം ആഘോഷമായി മാറുകയായിരുന്നു....
10-ന് തുടങ്ങുന്ന ക്ലാസിന് 9.30 ആകുമ്പോൾ കിടക്കയിൽ നിന്ന് എഴുന്നേൽക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ ശ്രമിക്കുന്ന വിദ്യാർത്ഥിയുടെ ധർമ്മബോധം....
ചാടിയെഴുന്നേറ്റ് കുളിക്കാൻ കയറുമ്പോഴേയ്ക്കും ഉള്ളിലെ യേശുദാസ് ഉണർന്നിരുന്നു.

"അമ്പലക്കുളങ്ങര കുളിക്കാൻ ചെന്നപ്പോൾ
അയലത്തെ പെണ്ണുങ്ങൾ കളിയാക്കി....."

ചതിച്ചളിയാ വെള്ളം തീർന്നു...
അടുത്ത ഹോസ്റ്റലിൽ പോയി കുളിച്ചെന്നു വരുത്തി, ഷർട്ട് തേക്കാൻ തുടങ്ങിയപ്പോഴാണ് കറന്റ് ഇല്ല എന്ന നഗ്നമായ സത്യം മനസ്സിലാക്കുന്നത്.
ഇരുപത്തിനാല് മണിക്കൂറും ഉണർന്നു പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.യെ മനസ്സാ "സ്മരിച്ചു" കൊണ്ട് പഴയ ഷർട്ടുമിട്ട് കോളേജിലേയ്ക്ക്...
പെർഫ്യൂമിനും പൗഡർ കമ്പനിക്കും ഒരായിരം നന്ദി...

# കാന്റീൻ

ഷീറ്റു മേഞ്ഞ ഒരു കൊച്ചു ഭോജനശാല...
ചേട്ടാ എന്തുണ്ട്??..
ഒരു ഫോർമാലിറ്റിക്കു ചോദിച്ചതാ....
അട പോലത്തെ പൊറോട്ടയും കപ്പങ്ങ കൊണ്ടുള്ള സാമ്പാറുമേ കാണു എന്നറിയാം...
മധുരം കൂട്ടി ഒരു ചായയും പോരട്ടെ,
കഴിച്ചു കഴിഞ്ഞപ്പോൾ ഒരു സംശയം
പല്ല് തേച്ചോ?
പെൺകിടാങ്ങളുമായി ഇന്നധികം സംസർഗ്ഗം വേണ്ട
ഒരു സെന്റർഫ്രഷ് വാങ്ങി അഡ്ജസ്റ്റ് ചെയ്തു...
കാന്റീനിന്റെ പരിസരത്തു കൂടി അങ്ങിങ്ങായി നിൽക്കുന്ന തരുണീമണികളെ ഒളികണ്ണ് ഇട്ടു നോക്കി, മുൻപിലേയ്ക്ക്.
രാവിലെ വരുന്ന രംഭകളുടെയും ഉർവ്വശിമാരുടെയും അന്നനട ഒന്ന് ആസ്വദിച്ചു കളയാം...



# ക്ലാസ്റൂമുകൾ



പുസ്കത ചട്ടകളിൽ ഒതുങ്ങി ഇരിക്കുന്ന തിയറികൾ പെയ്തിറങ്ങുമ്പോൾ നാളത്തെ തലമുറ തങ്ങളുടെ നിസംഗത ഒരു കോട്ടുവായിലൂടെ അവതരിപ്പിക്കുന്നു.
അധരങ്ങളിൽ സ്ഥിരം പുഞ്ചിരിയുമായി ക്ലാസ് റൂമിലേയ്ക്ക്....
ചെന്നപ്പോൾ ആട്ടം തുടങ്ങിയിരിക്കുന്നു.
ഉച്ച വരെയുള്ള അറ്റൻഡൻസ് പകരം വച്ച് ക്ലാസിൽ കയറിയപ്പോഴാണ് ഞെട്ടിക്കുന്ന ആ സത്യം മനസ്സിലായത്....
പിറകിലത്തെ "സ്ലീപ്പർ കോച്ച്" ഫിൽ ആയിരിക്കുന്നു.
പാതിയടഞ്ഞ കണ്ണുകളും ഉറങ്ങുന്ന മനസ്സുമായി മുൻ നിരയിലേയ്ക്ക്....

# പൊതിച്ചോറ്

ഉച്ച....
എന്താ അവിടെ ഒരു ആൾക്കൂട്ടം?
പാമ്പിനെയോ പേപ്പട്ടിയേയോ തല്ലിക്കൊല്ലുവാണെന്ന് വിചാരിക്കുമെങ്കിലും സംഗതി അതല്ല..., ആരുടെയോ പൊതിച്ചോറ് തുറന്നിരിക്കുന്നു. ഒരു പൊതിച്ചോറും പത്തിരുപത് കൈകളും....
ഇവൻമാരെന്തേ ഭക്ഷണം കാണാതെ കിടക്കുകയായിരുന്നോ?
ഹോസ്റ്റൽ അന്തേവാസികളെ സംബന്ധിച്ചിടത്തോളം ഈ പൊതിച്ചോറ് അമൃതാണ്.
നിറയുന്നത് വയറല്ല, മനസ്സാണ്.



# ലൈബ്രേറി

എൻ.എസ്.എസിന്റെ വിജ്ഞാന ലോകത്തേയ്ക്ക് സ്വാഗതം..... പൊടിപിടിച്ച കമ്പ്യൂട്ടറുകൾക്കും പുസ്തകങ്ങൾക്കു ഇടയിലൂടെ ഒരു ഡിക്റ്റടീവിന്റെ കൂർമ്മതയോടെ പുസ്തകങ്ങൾ തിരയുന്ന ചിലർ.... മറ്റു ചിലർ പത്രങ്ങളിലെ നിറം പിടിച്ച സ്പോർട്സ് താളുകളിലേയ്ക്ക് ആഴ്ന്നിറങ്ങുന്നു.

ലൈബ്രറി കാഴ്ചകൾ എനിക്കത്ര സുപരിചിതമല്ലാത്തതുകൊണ്ട് ഇവിടെ നിർത്തട്ടേ....




ക്യാപസിൽ ഖദർ വേണ്ട എന്നു തീരുമാനിച്ചിരിക്കുന്നതുകൊണ്ട് ഇലക്ഷന് അത്ര ആവേശം പോരാ..... എങ്കിലും റിസൾട്ട് വരുമ്പോൾ ഡിം ഉം ബ്രൈറ്റ് ഉം ആകുന്ന മുഖങ്ങൾ.
മിഠായികളിൽ ഒതുങ്ങുന്ന വാഗ്ദാനങ്ങൾ...

# ഇലക്ഷൻ

## ലാബ്



മുറി എഞ്ചിനീയർമാരുടെ പരീക്ഷണശാലകൾ..... ഇവിടെ ചില കമ്പ്യൂട്ടർ ഭീകരന്മാർ പണി പഠിക്കുകയാ.... ഒന്നും ഒന്നും കൂട്ടാനൊരു പ്രോഗാം.... രണ്ടിന്റെ പകുതി കണ്ടുപിടിക്കാനൊരു പ്രോഗ്രാം. കാലം പോയൊരു പോക്കേ......
അതിനിടയിൽ കണക്കുകൾ ടാലി ആക്കാൻ ശ്രമിക്കുന്ന മറ്റു ചിലർ.
സർക്യൂട്ട് ബോർഡുകളും ഡയോഡുകളുമായി യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന ഇലക്ട്രോണിക്സ് ബുജികൾ.....

## ഇന്റേണൽ



പതിവു തെറ്റിയിട്ടില്ലാ... ഇന്റേണൽ മാർക്ക് തരുന്നതിൽ എല്ലാ അദ്ധ്യപകരും ഒരുപോലെ പിശുക്ക് കാട്ടിയിട്ടുണ്ട്. ക്ലാസിൽ കയറാതിരിക്കുന്നതും ഇന്റേണൽ മാർക്ക് അൽപം കുറയുന്നതും തെറ്റാണോ സുഹൃത്തുക്കളേ....?

വിടർന്നു ചിരിച്ചും കാലു പിടിച്ചും ഒരു വിധം കരയ്ക്കു കയറുന്നു എന്നു പറഞ്ഞാൽ മതിയല്ലോ...

## സമരം

എൻ.എസ്.എസ്. ലെ കുട്ടികൾക്ക് സമരം മറ്റെവിടെയോ നടക്കുന്ന ഉൽസവത്തെക്കുറിച്ചുള്ള കേട്ടറിവു മാത്രമാണ്..... ആഴ്ചയിൽ ഒന്നു വച്ചു ഹർത്താലും പോരാത്തതിന് രണ്ടോ മൂന്നോ പീരിയഡ് മാത്രം ക്ലാസിലുമിരിക്കുന്ന നമുക്കെന്തിനാ സമരം അല്ലേ?




## പ്രണയം



പഴങ്കഥകളിലേതു പോലെ പറങ്കി മാങ്ങയോ മയിൽപ്പീലിയോ കൊടുത്തുള്ള പ്രണയം ഇന്നില്ല.

അവയെല്ലാം ഐസ്ക്രീമുകൾക്കും ചോക്ലേറ്റുകൾക്കും മറ്റു ഗിഫ്റ്റുകൾക്കും വഴി മാറിയിരിക്കുന്നു. പലപ്പോഴും പ്രണയം ഒരു ക്രഡിറ്റോ നേരം പോക്കോ മാത്രമാകുന്നു. കാമുകിയെ കാത്തിരിക്കുന്ന കാമുകൻ അവളെ കാണുമ്പോൾ മറ്റാർക്കും നൽകാതെ സൂക്ഷിച്ചു വച്ച ആ ഹാപ്പി ഡെന്റ് വൈറ്റ് പുഞ്ചിരി നൽകി അവളുമായി ഇത്തിരി നേരം..... ഒരുമിച്ചൊരു നടത്തം..... പിന്നെ രാത്രിയുടെ അന്ത്യയാമങ്ങൾ വരെ നീളുന്ന ഫോൺ ഇൻ പ്രണയ സല്ലാപങ്ങൾ.....

ആവർത്തനവിരസതയില്ലാതെ എന്നും......



## ആർട്ട്സ്

യൂണിയൻ ഇനാഗുറേഷൻ, കോളേജ് ഡേ, വിമൻസ് ഡേ അങ്ങനെ പോകുന്നു കലാവൈഭവങ്ങളുടെ ദിനങ്ങൾ.....
സംഗീതനൃത്ത താളലയങ്ങൾ സമന്വയിക്കയാണിവിടെ......
പയറ്റ് സദസിനു മുൻപിൽ....
എല്ലാവരും കാത്തിരിക്കുകയാണ്, തിരശ്ശീല വീഴുന്നതിനു വേണ്ടി.....
ഇവിടെ കൂവലുകൾ അംഗീകാരങ്ങൾ ആകുന്നു.......

## ഗ്രൗണ്ട്

എൻ.എസ്.എസിന്റെ ലോർഡ്സ്.....
പത്തു പേർക്കു നിരന്നു നിൽക്കാൻ ഇടമില്ലെങ്കിലും ഉള്ളതുകൊണ്ട് ഓണം പോലെ എന്ന മട്ടിൽ ഒരു ബോളുമായി അങ്ങിങ്ങു ഓടുന്നവർ..... ഇടയ്ക്കിടെ അതേ ബോളിനു വേണ്ടി ചുറ്റും ഉയർന്നു പൊങ്ങിയ കുറ്റിക്കാടുകളിലേയ്ക്കുള്ള ഓട്ടം.....
ഒടുവിൽ നല്ലൊരു ഗ്രൗണ്ടിനെ സ്മരിച്ചുകൊണ്ട് മടക്കം.....

## പുൽക്കാട്

ഇത്തവണ മൂന്ന് സപ്ലിയേ ഉള്ളൂ എന്നു പറയുന്നതിലും എത്ര സുഖകരമാണ് ക്യാംപസിന്റെ പിറകിൽ ഏക്കറു കണക്കിന് സ്ഥലത്ത് തഴച്ചു വളർന്നിരിക്കുന്ന പച്ചപ്പുല്ലുകളിലേയ്ക്ക് നോക്കിനിൽക്കാൻ..... അതു അറിയാവുന്നതിനാലാണെന്നു തോന്നുന്നു, ഓരോ വേനലിലും തീയിട്ടു നശിപ്പിച്ചിട്ടും അവ പൂർവാധികം ശക്തിയോടെ വീണ്ടും വളരുന്നത്.....

ഒരു യുവജനതയുടെ പ്രതീക്ഷകൾക്കും കളിതമാശകൾക്കും നെടുവീർപ്പുകൾക്കും
സാക്ഷിയായി നിലകൊള്ളുന്ന എൻ.എസ്.എസ്. കോളേജ്. ഈ കലാലയത്തെ
ഒരു നാൾ വിട്ടു പിരിയണമല്ലോ എന്ന് ആലോചിക്കാൻ തന്നെ പ്രയാസം....
പക്ഷെ ഈ പുൽനാമ്പുകളിൽ തുടിച്ചു നിൽക്കുന്ന മഞ്ഞുകണങ്ങൾ
പോലെ സത്യം....
തേൻ കിനിയുന്ന ഓർമ്മകളുടെ ചെപ്പിലേയ്ക്ക് ഈ കലാലയ വർണ്ണങ്ങൾകൂടി....
അവയെ നെഞ്ചോട് ചേർത്ത് ക്യാംപസിന്റെ പടികൾ ഇറങ്ങുമ്പോൾ മനസ്
വിതുമ്പുകയാണ്.
ഇലകളും കിനാവുകളും പാകിയ ഈ നടപ്പാതയിലൂടെ നടന്നിറങ്ങുമ്പോൾ മഴ
തിമിർത്തു പെയ്യും,
ഈ മരങ്ങൾ നമ്മെ യാത്രയാക്കും,
നാം ഇവിടെ ചെയ്തു കൂട്ടിയതെല്ലാം നാളെ ചരിത്രത്തിന്റെ ഭാഗമാകും...
1095 ദിവസത്തെ അനുഭവപ്രവാഹങ്ങൾ കൊണ്ട് ഒരു പിടി ഓർമ്മകൾ സമ്മാനിച്ച
പ്രിയ എൻ.എസ്. എസ്സേ..... നിനക്കു വിട......



# ടോക്ക് ടൈം

**ഒ**രു തണുത്ത പ്രഭാതം. അന്ന് ബസ്റ്റോപ്പിൽ ബസ് കാത്തുനിൽക്കുമ്പോഴാണ് അവളെ ആദ്യമായി കാണുന്നത്. തണുത്ത ഇളംകാറ്റിൽ തട്ടത്തിൻ മറയത്തിന്റെ ബാക്ക് ഗ്രൗണ്ട് മ്യൂസിക് ഒഴുകി വരുന്നതുപോലെ തോന്നി. പിന്നീട് പലതവണ അവളെ അതേ സമയത്ത് കണ്ടപ്പോൾ ഒരിക്കൽ ഞാൻ ചോദിച്ചു. "എന്താ പേര്"?. നാണം നിറഞ്ഞ ഒരു പുഞ്ചിരിയെടെ അവൾ പറഞ്ഞു. "അനാമിക".

ഞാൻ ചോദിച്ചു "എന്നെ ഇഷ്ടമായോ"? മറുപടിയായ് അവൾ ഒന്നു ചിരിച്ചു. എന്നിട്ട് മധുരസ്വരത്തിൽ ചോദിച്ചു. "150ന്റെ ഫുൾ ടോക്ക് ടൈം"?. വുഡ്ലാന്റിന്റെ ഷൂ മേടിക്കാൻ കാശ് ചോദിച്ചോൾ അച്ഛൻ ആകെ തന്നത് 200 രൂപ ഷൂ ഇടാതെ എങ്ങനെ അച്ഛന്റെ മുഖത്തുനോക്കും എന്നൊന്നും അപ്പോൾ ആലോചിച്ചില്ല. ചെയ്തുകൊടുത്തു ഒരു ഫുൾ ടോക്ക് ടൈം. പിന്നീടൊരിക്കൽ അവൾ പറഞ്ഞു നാളെ എന്റെ ബെർത്ത് ഡേ ആണ്. എന്തോ കാര്യമായി പ്രതീക്ഷിക്കുന്നുണ്ടെന്ന് അവളുടെ കണ്ണുകളിൽ നിന്നും എനിക്കു മനസ്സിലായി. ഇല്ലാത്ത കാശ് കടം മേടിച്ചു അവൾക്കൊരു സമ്മാനം വാങ്ങി. 500ന്റെ നോട്ട് കൈയ്യിൽ നിന്ന് പോയപ്പോൾ അറിയാതെ ആഗ്രഹിച്ചുപോയി അവൾക്കിനിയൊരു പിറന്നാൾ ഉണ്ടാകരുതേ എന്ന്....

അങ്ങനെ റീചാർജ്ജുകളുടേയും സമ്മാനങ്ങളുടേയും കുറച്ചുനാൾ. അച്ഛന്റെ പോക്കറ്റിലെ കാശൊക്കെ തീർന്നുതുടങ്ങി. കടവും കിട്ടാതായി...റീചാർജ്ജും മറ്റും കുറഞ്ഞുതുടങ്ങിയപ്പോൾ പെണ്ണ് പതുക്കെ വലിയുന്നുണ്ടോ എന്നൊരു സംശയം.... അപ്രതീക്ഷിതമായി ഒരു ദിവസം അവൾ പറഞ്ഞു. "നമുക്കു പിരിയാം". അവൾ നടന്നകന്നു, പോക്കറ്റിൽ കാശും കടം കൊടുക്കാൻ ആളുമുള്ള പുതിയ ഇരയെത്തേടി....



**Jibin Jacob**
S2 BCA

# ജീവിത സമവാക്യം

സുഖത്തിനും ദു:ഖത്തിനും ഇടയിൽ ആടിക്കൊണ്ടിരിക്കുന്ന ഒരു പെൻഡുലമാണല്ലോ ജീവിതം. സകല മനുഷ്യരുടെയും ജീവിതത്തിൽ സുഖങ്ങളും ദു:ഖങ്ങളും ഉണ്ട്. ജീവിതം സുഖദു:ഖ സമ്മിശ്രമാണ്. ഗണിതശാസ്ത്രപരമായി ഇതിനൊരു തെളിവ് നൽകാൻ കഴിയും.

സ്നേഹം ചേർന്ന ജീവിതം സന്തോഷപ്രദമായിരിക്കുമല്ലോ. ഇത് ഒരു സമവാക്യമായി എഴുതിയാൽ

Life + Love = Happiness -------- (1)

ജീവിതത്തിൽ നിന്നും സ്നേഹം നിഷേധിക്കപ്പെട്ടാൽ ഈ അവസ്ഥ നരകതുല്യമാണെന്നും പറയേണ്ടതില്ലല്ലോ.

Life - Love = Sorrow -------- (2)

ഈ രണ്ടു സമവാക്യങ്ങളും കൂടി കൂട്ടിയാൽ

Life + Love = Happiness -------- (1)

Life - Love = Sorrow -------- (2)

$$Life = \frac{Happiness + Sorrow}{2}$$

അതായത് ജീവിതം സുഖത്തിന്റെയും ദു:ഖത്തിന്റെയും മിശ്രിതമാണെന്ന് പറയാം. അല്ലെങ്കിൽ സുഖത്തിന്റെയും ദു:ഖത്തിന്റെയും ശരാശരിയാണ് ജീവിതം എന്ന് അനുമാനിക്കാം.



**അഖിൽ കുമാർ എം.**
S6 B.Com



# കോയിൻ ബോക്സ്

**Arun R. Nair**
S6 BCA

സ്കൂൾ ജീവിതത്തിന്റെ ഹാങ്ങോവർ മാറി. നീരജ് കോളേജ് ജീവിതത്തിലേയ്ക്ക് കടന്നുവന്നു. സാമാന്യം മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളുണ്ടായിരുന്നെങ്കിലും ഒറ്റമകനായ നീരജിനെ അവന്റെ മാതാപിതാക്കൾ ഡിഗ്രി പഠിക്കുവാൻ അയച്ചത് സഹ്യന്റെ മടിത്തട്ടായ ഹൈറേഞ്ചിലെ സാധാരണക്കാരുടെ മക്കൾ മാത്രം പഠിക്കുന്ന ഒരു ചെറിയ കോളേജിലേയ്ക്കാണ്. വളരെ പ്രതീക്ഷയോടെ ഡിഗ്രി പഠിക്കാനെത്തിയ നീരജിന് തന്റെ സങ്കൽപ്പങ്ങളോട് ഒട്ടും യോജിക്കാത്ത സാഹചര്യങ്ങൾ ഏറെയുള്ള അവന് തുടക്കം മുതലേ നന്നേ ബോറടിച്ചിരുന്നു. ചെറുപ്പം മുതലേ പഠനത്തിൽ ഒന്നാമനായിരുന്ന നീരജിന് അവന്റെ കഴിവുകളൊന്നും അവിടെ പുറത്തുകൊണ്ടുവരാൻ സാധിച്ചില്ല.

മനസ്സിനിണങ്ങാത്ത സാഹചര്യങ്ങളുടെ സമ്മർദ്ദം അവനെ വേട്ടയാടിക്കൊണ്ടിരുന്നു. ചീത്ത കൂട്ടുകെട്ടുകൾ മൂലം വഴിപിഴച്ചുപോകവെ നീരജിനെ നന്മയിലേയ്ക്ക് മാടിവിളിക്കുവാനെന്നോണം അവന്റെ ജീവിതത്തിലേയ്ക്ക് വളരെ പെട്ടെന്ന് ഒരു പെൺകുട്ടി കടന്നെത്തി.

ദേവിക, അതായിരുന്നു അവളുടെ പേര്. രണ്ടാം വർഷം ഡിഗ്രി പഠിക്കുമ്പോൾ കോളേജിൽ വച്ചുനടന്ന ഒരു പ്രോഗ്രാമിലെ അവളുടെ നൃത്തമാണ് അവന്റെ മനസ്സിലേയ്ക്ക് അവളെ ആനയിച്ചത്. ചെറുപ്പത്തിലെ അച്ഛനെ നഷ്ടമായ അവൾക്ക് അമ്മ മാത്രമായിരുന്നു എല്ലാം. അവളുടെ അച്ഛന്റെ ആഗ്രഹം പോലെ അവളെ ഒരു നർത്തകിയാക്കി വളർത്താൻ അവളുടെ അമ്മ വളരെയധികം ബുദ്ധിമുട്ടിയിരുന്നു. അവളുടെ അരങ്ങേറ്റത്തിന് അമ്മ സമ്മാനിച്ച അവളുടെ ജീവന്റെ ജീവനായ ചിലങ്കയിലെ രണ്ട് മണികൾ ഉതിർന്നുവീണത് നീരജിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. തന്റെ മനസ്സിന്റെ വാതിൽ തള്ളിത്തുറന്നെത്തിയ ആ സുന്ദരിയോട് ആദ്യമായി സംസാരിക്കാൻ സാധിച്ചതിന്, അന്ന് അരങ്ങിൽ ചിതറി വീണ ചിലങ്കയിലെ ആ മണികൾ കാരണമായി ത്തീർന്നു.

പിന്നീട് ആ സംസാരം സൗഹൃദത്തിലേയ്ക്കും പ്രണയത്തിലേയ്ക്കും വഴിതുറന്നു. അവരുടെ പ്രണയം ആ കലാലയത്തിൽ എല്ലാവർക്കും അറിയാമായിരുന്നു. ദുഃശീലങ്ങളുടെ ആത്മമിത്രമായ അവനെ എല്ലാത്തിലും ഒന്നാമനായ ഒരു കൊച്ചുമിടുക്കനാക്കി മാറ്റിയത് അവളുടെ മാത്രം പ്രയത്നം കൊണ്ടായിരുന്നു. അങ്ങനെയൊരിക്കൽ അവരുടെ ബന്ധം ദേവികയുടെ അമ്മയറിഞ്ഞു. തികച്ചും യാഥാസ്ഥിതികയായ ആ അമ്മയ്ക്ക് അവരുടെ ബന്ധത്തെ അംഗീകരിക്കാൻ ആയില്ല. സംഭവങ്ങൾ മണത്തറിഞ്ഞ ദേവികയുടെ അമ്മാവന്മാർ നീരജിനെ നല്ലവണ്ണം പെരുമാറി. എങ്കിലും നീരജ് ദേവികയെ വിട്ടുപിരിയാൻ തയ്യാറായിരുന്നില്ല. പക്ഷേ ദേവികയ്ക്ക് പെട്ടെന്ന് വന്ന വിവാഹാലോചനകൾ അവളുടെ കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ നീരജിനെ നിർബന്ധിതനാക്കി.

നീരജിനെ വളരെയധികം സ്നേഹിച്ചിരുന്ന അവന്റെ വീട്ടുകാർ അവരുടെ ബന്ധത്തെ അനുകൂലിച്ചത് അവന് അല്പം ആശ്വാസമേകി. ദേവികയെ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകാൻ നീരജ് തീരുമാനിച്ചു.

ഇഷ്ടപ്പെട്ട പെണ്ണിനൊപ്പം ജീവിക്കുവാൻ അവന് മറ്റ് മാർഗ്ഗങ്ങളുണ്ടായിരുന്നില്ല. നേരത്തെ തീരുമാനിച്ച പോലെ ദേവികയോട് 6.30 ന് റെയിൽവേ സ്റ്റേഷനിൽ എത്തണമെന്ന് നീരജ് പറഞ്ഞേൽപ്പിച്ചിരുന്നു. മറ്റ് കാര്യങ്ങളെല്ലാം ശരിയാക്കി നീരജ് സ്റ്റേഷനിലേയ്ക്ക് തന്റെ ബൈക്കുമെടുത്ത് പാഞ്ഞു. എന്നാൽ വിധിയുടെ ക്രൂരത അവനെ വീണ്ടും വേട്ടയാടി. നേരത്തെ എത്താനുള്ള തിടുക്കത്തിൽ അവന്റെ വാഹനം ഒരപകടത്തിൽപ്പെട്ടു. ചോരയൊലിക്കുന്ന ശരീരവുമായി വളരെദൂരം അവൻ നിർത്താതെ ഓടി. ഓടിക്കിതച്ച് പ്ലാറ്റ്ഫോമിലെത്തിയ അവനെ കാത്തിരുന്നത് തന്റെ ജീവിതത്തെ ചതച്ചരച്ച് ചീറിപാഞ്ഞ തീവണ്ടി ആയിരുന്നു. അതേ ദേവികയുമൊത്ത് പോകാനിരുന്ന ആ തീവണ്ടി പ്ലാറ്റ്ഫോമിൽ നിന്ന് പുറപ്പെട്ടിരുന്നു.

ജീവിതത്തിന്റെ വഴിത്തിരിവാകാമായിരുന്ന ആ നിമിഷങ്ങൾ കണ്ണീരിന്റെ പ്രതീക്ഷ അസ്തമിച്ച നിമിഷങ്ങളായെന്ന തിരിച്ചറിവിൽ നഷ്ടസ്വപ്നങ്ങളെ ഓർത്ത് നിറകണ്ണുകളോടെയും തളർന്ന ശരീരത്തോടെയും സ്റ്റേഷന്റെ കവാടത്തിലേയ്ക്ക് തിരിഞ്ഞതും, അതാ അവിടെ തന്റെ ജീവന്റെ ജീവനായ ദേവിക കോയിൻ ബോക്സിന്റെ അരികിൽ നിൽക്കുന്നു. അവൻ അവളുടെ അടുത്തേയ്ക്ക് ചെന്നു. റീസീവർ ചെവിയിൽ വച്ചു കരഞ്ഞുകൊണ്ടിരുന്ന അവളുടെ തോളിൽ അവൻ തന്റെ വിറയ്ക്കുന്ന കൈകളാൽ സ്പർശിച്ചു.

ദേവികേ.. ഞാനെത്തി...

ഞെട്ടിത്തിരിഞ്ഞു നോക്കിയ ദേവികയുടെ മുഖം പശ്ചാത്താപത്താൽ വിളറിവെളുത്തു. തീവണ്ടി സമയമായിട്ടും എത്താതിരുന്ന നീരജ് അവളെ ചതിച്ചെന്നോർത്ത അവൾക്ക് തെറ്റി. തന്റെ കയ്യിലിരുന്ന റിസീവർ വലിച്ചെറിഞ്ഞ ശേഷം നീരജിനെ കെട്ടിപ്പുണർന്നു. എല്ലാം നഷ്ടപ്പെട്ടെന്നു വിചാരിച്ച തനിക്ക് ഒറ്റ നിമിഷം കൊണ്ട് എല്ലാ സ്വപ്നങ്ങളും തിരിച്ചുകൊടുത്ത ആ കോയിൻബോക്സിനെ അവൻ ഒരിക്കലും മറക്കില്ല.





# കാണാക്കിനാവ്

കണ്ണീരിലലിഞ്ഞൊരീ കഥയൊരു കാവ്യം
കാണാക്കിനാവിന്റെ കണ്ണീരാൽ
സ്നേഹസാന്ദ്രമാം സ്നേഹകാവ്യം

കാറ്റിന്റെ കൈകളാൽ തട്ടിത്തലോടിയാ-
വാക്കുകൾ മഴവില്ലിൻ ചാരുതയോടെ
മാനത്തെ നക്ഷത്ര ശോഭയോടെ

സന്ധ്യതൻ വർണ്ണപ്പകിട്ടോടെ
അക്ഷരമൊട്ടുകളായ് എൻ-
തൂലികത്തുമ്പിൽ വിരിഞ്ഞൊരീ വസന്തമേ
മിഴിനീരണിഞ്ഞു രാവു പുലർന്നു
പാടാൻ മറന്നു രാപ്പാടികൾ

സ്നേഹാർദ്ര സംഗീതസാന്ത്വന താളമായ്
ഒഴുകിഎത്തുന്നീയിടവേളയിൽ
താരകളെപ്പോലെ ദൂരത്തെന്നാലും
നിൻ പുഞ്ചിരി ഇന്നുമെൻ കൂടെയില്ലേ?

ആരോടും പറയാതെ അറിയാതെ
മൗനമായ് മായുന്ന സന്ധ്യപോലെ
അഴകിന്റെ തൂവലായ്, ചാരുതയായ്
ആരോ പകർത്തിയ ചിത്രമായി

മനസിന്റെ മഞ്ഞണിക്കൊമ്പിൽ
ഇതൾ വിരിയും സുമമതിൻ ശോഭയാൽ
സൂക്ഷിച്ചിടുന്നൂ നിൻ സൗഹൃദം
നിറമണിഞ്ഞ മനോജ്ഞമാം ഓർമ്മയിൽ!

**വിസ്മയ ബിജു**
S2 BCom

# ഒരിക്കൽ കൂടി...

വർണ്ണങ്ങൾ മായാതെ ഇന്നുമെന്നോർമ്മയിൽ
വാചാലമായ് നിൽക്കുമെന്റെ തോഴാ...
അന്നു നീ പാടിയ പാട്ടുകളിന്നുമെൻ
ഇടനെഞ്ചിൽ നോവായ് തേങ്ങിടുന്നു...
ഒരു നറുപുഞ്ചിരി മൗനത്തിൽ ചാലിച്ച്
ഒരു നൂറുകഥകൾ നീ പറഞ്ഞു
നേർവഴി കാട്ടിയെൻ ജീവിതപാതയിൽ
താങ്ങായ് തണലായ് നീ നിന്നു....
ഇന്നീ വിജനമാം തീരത്തു ഞാൻ
ഒറ്റയ്ക്കു നിന്നു വിതുമ്പിടുന്നു
ഭവ്യമായ് വീശുമീ കുഞ്ഞിളം കാറ്റിലും
നോവിന്റെ കയ്പ്പു ഞാനറിഞ്ഞിടുന്നു
രാവിന്റെ പട്ടാട വാനിൽ നിറഞ്ഞപ്പോൾ
കണ്ടു ഞാൻ വീണ്ടുമാ നറുപുഞ്ചിരി
വറ്റാത്ത കടൽ പോലെ സ്നേഹം തുളുമ്പുന്ന
താരകമായി നീ മിന്നി നിൽപ്പൂ...
ഓർമ്മതൻ പുസ്തകം വീണ്ടും തുറന്നപ്പോൾ
പൊട്ടിക്കരഞ്ഞുപോയ് അറിയാതെ ഞാൻ...
ആറടിമണ്ണിനോടന്നു നീ ചേർന്നൊരാ
നിമിഷത്തെയോർത്തു ഞാൻ ഞാൻ നിന്നുപോയി...
ഓർമ്മകൾ മനസിൽ അലയടിച്ചീടവേ...
അറിയാതെയിന്നു ഞാൻ മോഹിച്ചുപോയ്...
ഒരിക്കൽക്കൂടിയീ സൗഹൃദത്താളിൽ നിൻ
കൈവിരൽ തുമ്പൊന്നു ചേരുവാനായ്...

**ആർദ്ര കെ. ബിജു**
S2 BSc Electronics

# അവളുടെ ഓർമ്മകൾ

ജീവിതത്തിന്റെ.....
പുതിയ വസന്തം പൂത്തുലഞ്ഞു....
എങ്കിലും അവൻ പഴയ വസന്തത്തെ മറന്നില്ല...
എങ്ങനെ മറക്കും? എന്റെ ജീവിതത്തിന് പുതിയ വസന്തക്കൂട്ടുകൾ തന്നത് അവളാണല്ലോ!
കോളേജിന്റെ മുറ്റത്തുകൂടി പറന്നുകളിക്കുന്ന ആ മാലാഖയെ ഞാൻ ശ്രദ്ധിച്ചിരുന്നില്ല....
അവൻ തന്റെ ചിന്തകളെ വിളിച്ചുണർത്തി. എങ്കിലും എന്നോ ഞാൻ അവളെ അറിയാതെ ശ്രദ്ധിച്ചു. എന്തിനോടും കൗതുകമുണർത്തി, കാര്യം ഗ്രഹിക്കുന്ന വിനീതമായി സംസാരിക്കുന്ന ലാളിത്യം നിറഞ്ഞ മുഖവുമായി...
കോളേജിൻ വരാന്തയിൽ പാറിനടക്കുന്ന ചിത്രശലഭം....
ഏത് പൂവാണ് തന്നെ ആകർഷിക്കുന്ന പൂമ്പാറ്റയെ തലകുലുക്കി വിളിക്കാത്തത്....!
പൂമ്പൊടി നുകരാൻ അനുവദിക്കാത്തത്... സ്നേഹത്താൽ തലോടാത്തത്... അവൾ എന്നെ ശ്രദ്ധിച്ചോ... അതോ.... ശ്രദ്ധിച്ചില്ലെയോ.... ഞാൻ ആലോചിച്ചു...
ശ്രദ്ധിച്ചില്ല എന്നതാണ് സത്യം!!
എങ്കിലും ഞാൻ അവളെ അല്ല, അവളുടെ കുസൃതികളെ സ്നേഹിച്ചിരുന്നു....
ചുരുണ്ട കാർകൂന്തലും....
പേടമാൻ മിഴികളും.. അലസമായ ചിരികളും.... വെടിപ്പായുള്ള നടത്തവും.... നുണക്കുഴികളും...
കൂട്ടുകാരോടുള്ള പിണക്കവും ഇണക്കവും...
എല്ലാം, ഏതോ പൂർവ്വകാല ബന്ധം ഉള്ളതുപോലെ!
പതിവിലും നേരത്തെ കോളേജ് വിട്ടു.... ഞാൻ അന്നും അവളെ പിൻചൊല്ലി നടന്നു...
ഇന്നലെ അവൾ എന്നോട് മിണ്ടിയതാണ്. ആ കിലുക്കാംപെട്ടിയെ എനിക്ക് പിന്നെയും ഇഷ്ടമായി...
അവൾ വണ്ടിയിലേയ്ക്ക് ഓടിക്കയറിയതും... തിരിഞ്ഞുനോക്കി കൺചിമ്മിയതും...
പക്ഷേ പെട്ടെന്ന് മറഞ്ഞിരുണ്ടു... വെളുത്ത മേഘത്തെ കാർമേഘം മൂടി...
അതെ ആ മാലാഖയെ മരണത്തിൻ കരിനിഴൽ ആലിംഗനം ചെയ്തു...
ഷാൾ വണ്ടിയിൽ തട്ടി... കഴുത്ത് മുറുകി വരഞ്ഞപ്പോൾ അവൾക്ക് എത്ര വേദനിച്ചു കാണും.... അവൾ ആരോടും വേദന എന്തെന്നറിയിച്ചു കൊടുത്തിട്ടില്ല.
എന്നിട്ടും അവൾ വേദനയെ സ്നേഹിച്ചു മരിച്ചു...
ഒരുതവണ മിണ്ടിയപ്പോൾ ഒരു ജന്മം പോലെ തോന്നി...
പല പ്രാവശ്യവും അവൾ എന്നെ നോക്കി...
എന്നാൽ ആ അവസാനത്തെ നോട്ടം യാത്രാമൊഴി ആയിരുന്നെന്ന് ഞാൻ അറിഞ്ഞില്ല.
കോളേജിൽ ജനക്കൂട്ടവും, കരച്ചിലും, വെള്ളപുതച്ച അവളുടെ ദേഹവും... അപ്പോഴും ഞാൻ കണ്ടു...
അവളുടെ മുഖത്ത് മായാത്ത ഒരു പുഞ്ചിരിയും, കുസൃതിയുടെ കളിയാട്ടവും....
മറക്കാൻ ആഗ്രഹിക്കുന്നതാണ് ഈ നഷ്ടമെങ്കിലും... ഞാൻ അവളെ സ്നേഹിച്ചിരുന്നു....
നനഞ്ഞ കാർകൂന്തലും... പാറിപ്പറക്കുന്ന പട്ടുപാവാടയും അവളെ ഒരു ദേവിയാക്കി.
അതെ അവൾ, എന്റെ മനസ്സിന്റെ ശ്രീകോവിലിൽ മായാത്ത ദേവിയായിരുന്നു...
എന്തോ, അതാവാം, ആ കോളേജിൽ നിന്നും എന്നെ പടിയിറക്കി, മറ്റൊരു കോളേജിൽ പറിച്ചുനടാനുള്ള കാരണവും...
അവളുടെ ചിരികളും... എന്നെ ഇന്നും ജീവിക്കാൻ പ്രേരിപ്പിക്കുന്ന അവൾ എന്റെയൊപ്പം ഇവിടെയുള്ളതുപോലെ...
അവൾ അറിയുന്നുണ്ടാവും എന്റെ സ്നേഹത്തെ;
അതിൽ അവളുടെ കരൾ പിടയുന്നുണ്ടാവും...
കൂട്ടുകാരൻ തോളിൽ തട്ടിയപ്പോൾ അവൻ ഓർമ്മയുടെ വസന്തകൂടാരത്തിൽ നിന്നും ഞെട്ടിയുണർന്നു...
എല്ലാം ഇന്നലെ നഷ്ടമായപോലെ അവന് തോന്നി..
അവൾ എന്നെ പിരിഞ്ഞിട്ട് വർഷം രണ്ട് കഴിഞ്ഞു... എങ്കിലും അവൾ എന്റെ ജീവിതത്തിലെ, ചിന്തയിലെ സ്വപ്നങ്ങളിലെ നിത്യസുന്ദരിയാണ്....
എത്രയോ വസന്തം പോയ് മറഞ്ഞു...
എങ്ങനെ ഞാൻ നിന്നെ മറക്കും...
അവന്റെ കണ്ണിൽ നിന്നും ഒരു കണ്ണീർതുള്ളി അടർന്നുവീണു... ഒരായിരം കണ്ണീർതുള്ളികൾക്ക് സമാനമായിരുന്നു ആ കണ്ണീർതുള്ളി...
ആ കണ്ണീർതുള്ളി വജ്രം പോലെ ശോഭിച്ചു...അതിൽ അവളുടെ മുഖം മിന്നിമാഞ്ഞു... ആ കണ്ണീർതുള്ളിയെ അവൻ സ്നേഹപൂർവ്വം തന്റെ കൈക്കുമ്പിളിൽ വാരിയെടുത്തു.
നെഞ്ചൊട് ചേർത്തണച്ചു...
മറവിയുടെ കരാളഹസ്തങ്ങളിൽ ഞാൻ നിന്നെ തള്ളുകയില്ല...
പരിപാവനമായ ഓർമ്മകളാൽ ഞാൻ നിന്നെ മൂടും... അവൻ പതിയെ മുറ്റത്തേക്കിറങ്ങി നടന്നു.
പുറകെ ഒരു നിഴലായി അവളും....

**Christeena Biju**
S2 BBA

# പൂകാവനത്തിൽ ഞാൻ...

ആത്മാവിലൊരുദിനം ഏകനായ് വന്നു ഞാൻ
ആത്മ സൗരഭ്യം നുകർന്നൂ
ചന്ദനക്കാറ്റിന്റെ വശ്യതയേറ്റു ഞാൻ
ചാഞ്ചാടിയാടി നടന്നൂ
പൂങ്കാവനത്തിലെ ചോലക്കരയിൽ ഞാൻ
സ്വപ്നങ്ങളേന്തിക്കിടന്നൂ
വെള്ളിലംപാലയിൽ നിന്നിറ്റുവീണൊരു
തേൻതുള്ളിയെന്നിൽ പടർന്നൂ
സ്വർണ്ണചകോരങ്ങൾ വന്നെന്റെ ചുറ്റിനും
നന്മകളോതിപ്പറന്നൂ
പൊന്നരയന്നങ്ങൾ വെൺചിറകാട്ടിയെൻ
ദേഹത്തു തെന്നൽ പകർന്നൂ
കുഞ്ഞുമാൻ കുട്ടികൾ വന്നെന്റെ പാദങ്ങൾ
ഉമ്മവച്ചോതി മറഞ്ഞു
പീലിവിരിച്ചെത്തി താളത്തിലാടിയ
പൊൻമയിലെന്നെപ്പുണർന്നൂ
നീലവിതാനത്തിൽ വെള്ളവിരിപ്പിട്ടു
വെൺപ്രാവിൽകൂട്ടം പറന്നൂ
തേൻകുയിൽപ്പെണ്ണിന്റെ ഗാനോപചാരത്തിൽ
ഞാനറിയാതൊന്നുറങ്ങി

കണ്ണു തുറന്നപ്പോൾ ഇന്നെന്റെ ചുറ്റിലും
കന്മതിൽക്കെട്ടുകൾ മാത്രം
പാഴ്മരുഭൂമികൾ ചുറ്റും നിറയ്ക്കുന്നു
നീരറ്റകാറ്റിൻ മുഴക്കം
ആർത്തലച്ചെത്തുന്ന ചെന്നായിൻകൂട്ടങ്ങൾ
ആപ്പടിവാതിൽ കടന്നൂ
പേരറിയാത്തൊരു പാഴ്ജന്മമായി ഞാൻ
തേടട്ടെ ആത്മാവിൻ ദേശം
നിർഗുണമായൊരു പാഴ്വസ്തുവായ് ജഡം
ഈ മണ്ണിൽ ചേർന്നലിയട്ടെ.



**പ്രൊഫ. പ്രേംലാൽ പി.ഡി.**
ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റ്



# കലാലയവർണ്ണങ്ങൾ

അവൻ വിഷാദനായിരുന്നു. കലാലയത്തിൽ നിന്നും വിടപറയുവാൻ ഇനി ഏതാനും നാളുകൾ അല്ല ദിവസങ്ങൾ മാത്രം.. അവൻ ഓർക്കുകയാണ്, എത്ര പെട്ടെന്നാണ് മൂന്ന് വർഷങ്ങൾ കടന്നുപോയത്. വർഷകാലങ്ങൾ മഴത്തുള്ളികൾ സമ്മാനിച്ച് കടന്നുപോയി. വസന്തം കുറച്ച് പൂക്കൾ സമ്മാനിച്ച് പൊഴിഞ്ഞകന്നു. താൻ അറിഞ്ഞതേയില്ല കലാലയ ജീവിതം ഇത്രപെട്ടെന്ന് അവസാനിക്കുമെന്ന്.

അവന്റെ കുട്ടിക്കാലം. ഉയർന്ന ഉദ്യോഗസ്ഥരുടെ മകൻ, പക്ഷേ അവൻ തികച്ചും ഒരു ഗ്രാമസ്നേഹി ആയിരുന്നു. ഗ്രാമത്തിലൂടെ ചെരുപ്പില്ലാതെ ഓടിനടക്കുവാൻ അവൻ ആഗ്രഹിച്ചു. അവന്റെ ജീവിതത്തിൽ പെട്ടെന്ന് ഒരു പറിച്ചുനടൽ നടന്നു. പിതാവിന്റെ സ്ഥലംമാറ്റം. അതും അവൻ ഇഷ്ടപ്പെടാത്ത ഒരു പട്ടണജീവിതത്തിലേയ്ക്ക്. ഒരു ഉയർന്ന ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കുന്ന ഒരു സ്റ്റുഡന്റ് ആകേണ്ടി വന്നു അവന്. പട്ടണത്തിലെ 32-ാം നില ഫ്ളാറ്റിലെ 4 മുറിക്കുള്ളിൽ ഇരുന്ന് അവൻ ഗ്രാമത്തിലെ പച്ചപ്പും പുഴയോരവും സ്വപ്നം കണ്ടു. അവൻ വളർന്നു. പന്ത്രണ്ടാം ക്ലാസ് ഉയർന്ന മാർക്കോടെ പാസ്സായി. മാതാപിതാക്കൾക്ക് മടങ്ങേണ്ടിവന്നു. മകന്റെ ആഗ്രഹത്തിന് ചെറുപ്പത്തിൽ നഷ്ടപ്പെട്ട ആ ഗ്രാമീണജീവിതം കലാലയ ജീവിതത്തിൽ തിരിച്ചുപിടിക്കണമെന്നായിരുന്നു അവന്റെ ആഗ്രഹം. അതിന്നവനായി. അധികം പട്ടണമാകാൻ തുടങ്ങാത്ത ഒരു പച്ചപ്പുനിറഞ്ഞ കലാലയത്തിൽ ചേരാൻ അവനായി.

വളരെ സന്തോഷപൂരിതമായിരുന്നു കലാലയ ജീവിതത്തിന്റെ തുടക്കം. പട്ടണത്തിലെ ഫ്ളാറ്റിൽ നിന്നും പാതി വാടി എത്തിയ അവന് സൂര്യപ്രകാശത്തിൽ പച്ചപ്പിന്റെ ഗന്ധമുള്ള ശുദ്ധവായു പുതുജീവൻ ഏകി. എന്താണോ അവൻ ആഗ്രഹിച്ചത് അവന് അതുലഭിച്ചു. കലാലയത്തിൽ നല്ല സുഹൃത് ബന്ധങ്ങൾ ഉണ്ടാക്കാൻ അവന് സാധിച്ചു. ഗ്രാമത്തിൽ വളർന്നവരായിരുന്നു അവന്റെ കൂട്ടുകാർ. അവൻ പെട്ടെന്നുതന്നെ കലാലയ ജീവിത്തിൽ മുഴുകി. പഠനത്തോടൊപ്പം അവൻ കലാകായികരംഗത്തും തിരക്കുപിടിച്ചു. ആ കലാലയത്തിൽ അവനെ ഏറ്റവും ആകർഷിച്ചത് കലാലയ മുറ്റത്തെ ചുവന്ന പൂക്കളുള്ള വാകമരവും അതിനുചുവട്ടിലെ തറയും ആയിരുന്നു. ആ തറയിൽ ഇരുന്ന് കൂട്ടുകാർക്കൊപ്പം അവൻ തമാശകൾ പങ്കുവെച്ചു, സങ്കടങ്ങൾ പകുത്തു നൽകി. ആ വാകമരവും ആ തറയും അവന്റെ കലാലയ ജീവിതത്തിലെ മറക്കാനാവാത്ത രണ്ടു കാര്യങ്ങൾ ആണ്. അവന്റെ ജീവിതത്തിലെ ആദ്യത്തേയും അവസാനത്തേയും പ്രണയം ആരംഭിച്ചതും ആ വാകത്തറയിൽ നിന്നാണ്. രണ്ടാം വർഷത്തിന്റെ തുടക്കത്തിലാണ് അവൻ ആ സുന്ദരിയെ കണ്ടത്. അവന്റെ ജൂനിയർ ആയി എത്തിയതായിരുന്നു ആ സുന്ദരി. ആ പ്രണയം ഇപ്പോഴും തുടരുന്നു. കലാലയ ജീവിത്തിലെ എല്ലാ വർണ്ണങ്ങളും അവൻ ആസ്വദിച്ചു. നഷ്ടപ്പെട്ട ആ കുട്ടിക്കാലം തന്റെ കൗമാരത്തിൽ ആ കലാലയത്തിവൽ തിരിച്ചുപിടിക്കാൻ അവനായി.

അവൻ ഞെട്ടിയുണർന്നു. കൂട്ടുകാർ എത്തി. പതിവു തമാശകളും സങ്കടങ്ങളും പങ്കുവയ്ക്കുവാൻ. എങ്കിലും മനസ്സിൽ ഒരു വിഷാദം. കലാലയ ജീവിതം അവസാനിക്കുമ്പോൾ പട്ടണത്തിലെ ഒരു ഉയർന്ന കോളേജിൽ മകന് സീറ്റുറപ്പിച്ച് മകനേയും കാത്തിരിക്കുകയാണ് മാതാപിതാക്കൾ. ആ ഗ്രാമീണ ജീവിതം അവസാനിപ്പിക്കുവാൻ അവനെ മാതാപിതാക്കൾ നിർബന്ധിക്കുന്നു. കൂട്ടുകാർക്കൊപ്പം വിലപ്പെട്ട ഗ്രാമീണ ജീവിതം പങ്കുവെച്ച ആ വാകമരത്തറയോടു വിടപറയുവാൻ അവനാകില്ല. ആ കലാലയത്തോട് അവനെ ചേർത്തു നിർത്തിയ ആ അദൃശ്യശക്തിയെ നോക്കി തിരിഞ്ഞു നടക്കുവാൻ അവനായില്ല.

ആയാലും ശേഷം പട്ടണത്തിലെ പൊടിയും പുകയും നിറഞ്ഞ അന്തരീക്ഷത്തിൽ ഇരുന്ന് ഓർക്കുമ്പോൾ മനസ്സിൽ ഒരു നൊസ്റ്റാൾജിയ ഉയർത്തി ഒരുപാട് വർണ്ണങ്ങൾ വിതറി മനസ്സ് തണുപ്പിക്കാനാവും ഈ കലാലയവർണ്ണങ്ങൾക്ക്...

**Jithu N. M.**
S2 BCA

















**Union Inauguration**
**&**
**Arts Day Celebration**













# College Day Celebrations




# Women's Day Celebrations



# sports
















# National Service Scheme




# Alumni Meet 2014



## Department of Business Administration

I BBA



II BBA



III BBA



# Department of Computer Applications

I BCA



II BCA



III BCA



## Department of Commerce

I B.Com



II B.Com



III B.Com



## Department of BSc Electronics

I BSc



II BSc



III Bsc



# വിശ്രമജീവിതം സുന്ദരമാക്കുവാൻ

ഒരു ജീവിത കാലത്തിന്റെ മുഴുവൻ ഭാരവും ഇറക്കിവച്ച് സ്വസ്ഥമായി ഒരു വിശ്രമ ജീവിതം-ഇതാണ് നമ്മുടെ നാട്ടിൽ 50 കഴിഞ്ഞ മിക്കവരുടേയും മനസ്സിലെ വാർദ്ധക്യത്തെക്കുറിച്ചുള്ള സങ്കൽപ്പം. സ്വന്തം ചോരയും നീരും നൽകി വളർത്തിയ മക്കൾക്കും പേരക്കുട്ടികൾക്കും ഒപ്പം സമാധാനത്തോടെ ജീവിക്കാൻ എത്ര വയോധികർക്കു സാധിക്കുന്നുണ്ട് എന്നതാണ് സംശയം. പൊരുത്തപ്പെടാനാവാത്ത മേഖലകൾ പലതുണ്ടെങ്കിലും മാതാപിതാക്കളുമായി അനുരഞ്ജനത്തിൽ പോകാൻ മക്കൾ പലരും ശ്രമിക്കുന്നില്ല എന്നു മാത്രമല്ല, അവരെ ഒരു ബാധ്യതയായി പരിഗണിക്കുകയും ചെയ്യുന്നു.

60 വയസ്സിനു ശേഷമുള്ള കാലത്തെയാണ് നാം പൊതുവേ വാർദ്ധക്യം എന്നു വിശേഷിപ്പിക്കുന്നത്. ഒരാൾക്ക് ഒഴിവാക്കാനാവാത്ത, ആഗ്രഹിക്കാതെയെത്തുന്ന, സ്വാഗതമില്ലാതെ കടന്നുവരുന്ന പ്രശ്നപൂരിതമായ ജീവിതഘട്ടമാണ്. ഈ ഘട്ടത്തിൽ മനുഷ്യർ നേരിടുന്ന പ്രശ്നങ്ങൾ ഏറെയാണ്.

- ശാരീരികവും മാനസികവും ബൗദ്ധികവുമായ ശോഷണം.
- ഏകാന്തത
- വരുമാനമുണ്ടാക്കാൻ കഴിയുന്നില്ലെന്ന ചിന്ത
- മറ്റുള്ളവരിൽ നിന്നു പരിഗണന ലഭിക്കുന്നില്ല എന്ന തോന്നൽ
- ശ്രദ്ധയും പരിഗണനയും ലഭിക്കാനുള്ള പ്രവർത്തനങ്ങൾ കൂടുതൽ കുഴപ്പങ്ങൾ ഉണ്ടാക്കുന്നു.

മക്കളും കൊച്ചുമക്കളും അടക്കം പ്രിയപ്പെട്ടവരുടെ സാമീപ്യം മാത്രമല്ല, അവരുടെ അംഗീകാരവും വാർദ്ധക്യകാലത്ത് ആളുകൾ ആഗ്രഹിക്കുന്നു. വയസ്സായതിനാൽ മറ്റുള്ളവരുടെ മുന്നിൽ ചെറുതായി പോകുമെന്ന തോന്നൽ പലർക്കും ഉണ്ടാകുന്നു. ഇതിന്റെ ഫലമായി അമിത ദേഷ്യം, ആശങ്ക, വിഷാദം തുടങ്ങി പല പ്രശ്നങ്ങളും ഉടലെടുക്കുന്നു.

പലതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ മധ്യവയസ്സു മുതൽക്കേ തലപൊക്കുമെങ്കിലും, ഇവ മൂർച്ഛിക്കുന്നത് വാർദ്ധക്യത്തോടെയാണ്. പ്രമേഹവും കൊളസ്ട്രോളും മുതൽ മറവിയും വിഷാദവും വരെ പല പ്രശ്നങ്ങളും ശാരീരികമായി എന്നതിനേക്കാൾ മാനസികമായും കൂടി ഇവരെ തളർത്തുന്നു. ജീവനും ജീവിതവും നൽകി വളർത്തിയവരിൽ നിന്നു ലഭിക്കുന്ന തിക്താനുഭവങ്ങൾ കൂടി ആകുമ്പോൾ ജീവിതം ദുരിതപൂർണ്ണമായി തീരുന്നു.പിടിവാശികളുടേയും നിർബന്ധബുദ്ധികളുടേയും കാലം കൂടിയാണു വാർദ്ധക്യകാലം. തങ്ങളുടെ ജീവിതസാഹചര്യങ്ങളും അനുഭവിച്ച കഷ്ടപ്പാടുകളും താങ്ങിയ ദുരിതങ്ങളും മറ്റുള്ളവരെ പറഞ്ഞു ബോധ്യപ്പെടുത്താൻ പലരും ശ്രമിക്കുന്നു. എന്നാൽ തിരസ്കരിക്കപ്പെടുകയും ചെയ്യുന്നു. ചെറുമക്കളെ തിരുത്തി നേർവഴിക്കു നയിക്കാൻ ശ്രമിക്കുമ്പോഴും ഇതുതന്നെ ഫലം. ആർക്കും തങ്ങളോട് സ്നേഹമില്ല എന്ന് അവരുടെ മനസ്സിൽ പതിയുന്നു. യഥാർത്ഥത്തിൽ ഇവർ സ്നേഹം തിരിച്ചറിയുന്നില്ല എന്നതാണ് വാസ്തവം.



എന്നാൽ ഇങ്ങനെ പരിതപിച്ചും പിടിവാശി കാണിച്ചുകളയാനുള്ളതല്ല വാർദ്ധക്യം. ജീവിതത്തിന്റെ തിരക്കുകളെല്ലാം ഒഴിഞ്ഞ് തങ്ങളുടേതു മാത്രമായ സാമ്രാജ്യത്തിൽ വിഹരിക്കാനുള്ള സുവർണ്ണ കാലഘട്ടമാണ്. കടമകളും ബാധ്യതകളും മുൻനിറുത്തി സഫലീകരിക്കപ്പെടാതെ പോയതും മാറ്റിവച്ചതുമായ സ്വപ്നങ്ങൾ പൂർത്തീകരിക്കാവുന്ന സമയമാണ്. വായനയും എഴുത്തും പക്ഷി വളർത്തലും യാത്രകളും... അങ്ങനെ വിശാലമായ സാധ്യതകൾ ഈ കാലഘട്ടത്തിൽ മുന്നിലുണ്ട്. ജീവിതത്തെ ഓരോരുത്തരും ഏതു രീതിയിലിൽ നോക്കിക്കാണുന്നു എന്നതാണു പ്രധാനം. 60 നു ശേഷം അക്ഷരം പഠിച്ച്. കവിതാ സമാഹാരം പുറത്തിറക്കിയവർ വരെ നമുക്കിടയിലുണ്ട്.

നാമോരുത്തരും വാർദ്ധക്യകാലത്തെ സഹിഷ്ണുതയോടെ നോക്കിക്കാണണം. ജന്മം നൽകി, പോറ്റി വളർത്തിയ മാതാപിതാക്കളെ അവരുടെ കുറവുകൾ അംഗീകരിച്ചുകൊണ്ടുതന്നെ സ്നേഹിക്കുക. ആവശ്യമായ ശ്രദ്ധയും പരിചരണവും നൽകുക. വിശ്രമ ജീവിതവും സുന്ദരവും സുരഭിലവും ആണെന്ന് അവർക്കു ബോധ്യപ്പെടുത്തിക്കൊടുക്കുക. യൗവ്വനം പോലെ സുന്ദരസുരഭിലമാകട്ടെ വാർദ്ധക്യം. നടക്കാതെ പോയ സ്വപ്നങ്ങളും സഫലീകരിക്കാതെ പോയ ആഗ്രഹങ്ങളും ഈ കാലഘട്ടത്തിൽ പൂത്തുലയട്ടെ.....

**Asha Mary Thomas**
S6 BBA

നേർത്ത നിലാവിന്റെ തൂവലായി തഴുകും നിൻ
മൗനമെന്നുള്ളിലീ മഴയായ് പൊഴിയവേ...
അഴിവാതിലിൽ പൂക്കും ചെമ്പനീർ പൂവിതൾ
മിഴി തൂവി നിൽപ്പൂ നിൻ സ്വരമായലിഞ്ഞിടാൻ...

ദലമർമ്മരം കേട്ടു കാതോർത്തു നിൽക്കവേ
അലയും കിനാവായ് ചാരത്തു വന്നു നീ...
ഒഴുകുന്ന സ്വരമായ് നിലാവായ് പൊഴിഞ്ഞിടാൻ
കൊതിയൂറി നിൽക്കുമീ പൂവിതൾ തൻ സ്വര-
രാഗമായ് പെയ്തു നീ തേൻമഴത്തുള്ളിയായ്

നനവാർന്ന സന്ധ്യതൻ മാറിൽ മയങ്ങുമീ
രാപ്പാടി പാടുന്ന ഈണമായ് കേൾപ്പൂ ഞാൻ
നറുനിലാവായ് പൂക്കും വാചാലഹൃദയവും
മിഴിത്തുമ്പിലൊഴുകും നനുത്ത നിൻ പ്രണയവും

ചിരി തൂകി നിൽക്കും നിൻ കവിളിൽ തലോടവേ
ഇരുളിന്റെ മറയത്തു നീ മാഞ്ഞുപോകയോ...
രാവിൽ തളർന്നു ഞാൻ മിഴിപൂട്ടി നിൽക്കവേ
ഒരു കുഞ്ഞു കാറ്റായ് തലോടി നീ മാഞ്ഞുവോ
ഒരു വാക്കു കേൾക്കാൻ കൊതിപ്പൂ ഞാനെന്നും
നിൻ ഹൃദയത്തിലാണെന്ന വാക്കു മാത്രം മതി

ഓർത്തീടുകിൽ കാത്തിരിക്കാം നിനക്കായ്
ഇനിയും ജനിച്ചിടാം കാത്തിരിക്കുകിൽ
വേഴാമ്പലായ് കാത്തിരിപ്പൂ ഞാനേകനായ്
നീയെന്റെ ചാരത്തണഞ്ഞിടും നാൾ വരാൻ.






**ഹരികൃഷണൻ ഇ.ബി.**
S6 Bsc Electronics

**ഐശ്വര്യ ഏലിയാസ്**
S4 BCA



# ആധുനിക സമൂഹവും നഷ്ടപ്പെടുന്ന മാനവികമൂല്യങ്ങളും

**പു**രോഗമനത്തിന്റെ പാതയിൽ കാലചക്രം അതിദ്രുതം മുമ്പോട്ടുരുളുന്ന യന്ത്രവൽകൃത യുഗമാണല്ലോ ഇന്നത്തേത്. ഇവിടെ, നഷ്ടപ്പെടുന്ന മാനവിക മൂല്യങ്ങളേക്കുറിച്ച് നാം ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

സത്യ- ധർമ്മാദികളിൽ അധിഷ്ഠിതമായ ഒരു സമൂഹം നമുക്കുണ്ടായിരുന്നു. പരിഷ്കൃത ജീവിതത്തിന്റെ കപടതകൾ ഏൽക്കാതിരുന്ന ഒരു സമൂഹം. എന്നാൽ, സമകാലിക സമൂഹത്തിലേയ്ക്ക് നാം കണ്ണോടിക്കുമ്പോൾ മനസ്സിലേ ആർദ്രത വറ്റി വരണ്ട, സ്വാർത്ഥതയുടെ പ്രതിരൂപങ്ങളെയല്ലേ നമുക്ക് കാണുവാൻ സാധിക്കുന്നത്?

മഹാന്മാരുടെ പ്രബോധനങ്ങളും മറ്റും കാറ്റിൽ പറത്തി 'സ്വന്തം കാര്യം സിന്ദാബാദ്' എന്ന മുദ്രാവാക്യം ഓതി കോമരം തുള്ളുന്ന ഒരു പറ്റം ആളുകളാൽ ഇന്നീ സമൂഹം നിറഞ്ഞിരിക്കുന്നു. തന്റെയും തന്റെ കുടുംബത്തിന്റെയും ആവശ്യങ്ങൾക്ക് മാത്രം പ്രാമുഖ്യം കൽപ്പിക്കുന്ന മർത്യനിൽ നിന്നും സഹകരണ മനോഭാവം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. "എന്തു വന്നാലുമെനിക്കാസ്വദിക്കണം, മുന്തിരിച്ചാറു പോലുള്ളൊരീ ജീവിതം" എന്ന ആപ്തവാക്യം മനസ്സാൽ ഉരുവിട്ടു നടക്കുന്ന മനുജന് അയൽക്കാരന്റെ വേദനയും വിഷമതയും മനസ്സിലാക്കുവാൻ എവിടെ സമയം...?

സഹജീവിയോടുള്ള സ്നേഹം ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്നു. "സ്നേഹമാണഖില സാരമൂഴിയിൽ" എന്ന് പാടിയ കവിയ്ക്ക് തെറ്റി. സ്നേഹത്തേക്കാൾ വില ഇന്ന് മറ്റു പലതിനുമാണ്. വിദ്യാഭ്യാസം വർദ്ധിക്കുന്നതിനുസരിച്ച് സഹായ മനസ്കരും ആർദ്രഹൃദയരും ആകേണ്ടതിന് പകരം കംപ്യൂട്ടർ യുഗത്തിലെ നിർവികാരരായ കംപ്യൂട്ടറുകളായി മാറാനാണ് അധികം പേർക്കും താൽപ്പര്യം.

സ്വാർത്ഥ ലാഭത്തിനും കാര്യസാധ്യത്തിനും വേണ്ടി എന്തും ചെയ്യാൻ മടിയില്ലാത്തവരായി മാറിയിരിക്കുന്നു പുതുതലമുറ. സ്വന്തം ജീവിതം തന്നെ പ്രഹസനമായി മാറുന്ന അവസ്ഥ. അതാണ് ഇന്നത്തെ പരിഷ്കൃത സമൂഹം. ധാരാളിത്തത്തിന്റെയും കപടതയുടെയും അതിപ്രസരം കീഴടക്കിയ ഇന്നത്തെ സമൂഹത്തിൽ മനുജന്റെ മനുഷ്യത്വം എവിടെയോ പോയ് മറഞ്ഞിരിക്കുന്നു. കരുണയുടെയും അലിവിന്റെയും കണികകൾ ഇല്ലാതെ, കേവലം ദുഷ്ടതയുടെയും മറ്റും ആവാസമായി മാറിയിരിക്കുന്നു മാനവഹൃദയങ്ങൾ.

ലാഭക്കൊതി പൂണ്ട മനുഷ്യൻ താൻ ആഗ്രഹിച്ചത് സ്വന്തമാക്കാൻ വ്യഗ്രത കൊള്ളുമ്പോൾ, മുമ്പിൽ കാണുന്ന തടസ്സം- അത് എന്ത് തന്നെയായാലും വെട്ടിമാറ്റുന്നു. മാർഗതടസ്സം സ്വന്തം മാതാപിതാക്കളായാലും സഹോദരങ്ങളായാലും ലവലേശം ദയ കൂടാതെ അറുത്തു മാറ്റുവാൻ മാത്രം മനുഷ്യൻ അധഃപതിച്ചിരിക്കുന്നു. സഹനത്തിന്റെയും ധർമ്മത്തിന്റെയും പാത മനുജന് ഇന്ന് ഹിതമല്ലാതായിരിക്കുന്നു.

ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തേണ്ട കാലം അതിക്രമിച്ചിരിക്കയല്ലേ.... സത്യത്തിലും ഐക്യത്തിലും നിലകൊള്ളുന്ന ഒരു സമൂഹത്തെ വാർത്തെടുക്കാൻ നാം ഓരോരുത്തരും ബാധ്യസ്ഥരാണ് എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. മഹാനായ പൂന്താനം തിരുമേനി 'ജ്ഞാനപ്പാന' യിലൂടെ ഇപ്രകാരം പാടി. "കൂടിയല്ല പിറക്കുന്ന നേരത്തും കൂടിയല്ല മരിക്കുന്ന നേരത്തും മദ്ധ്യേയിങ്ങനെ കാണുന്ന

നേരത്തു മത്സരിക്കുന്നതെന്തിനു നാം വൃഥാ..." അതെ. പോർക്കളമായി മാറിയിരിക്കുകയാണ് സമൂഹം. കവിയുടെ ആശങ്ക മാറുവാൻ നാം പ്രയത്നിക്കണം.

മനസ്സിൽ നന്മയുടെ ദീപം കെടാതെ സൂക്ഷിക്കുന്ന ഹൃദയങ്ങൾക്ക് ആ വെളിച്ചം സമൂഹത്തിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിയട്ടേ.... നമ്മുടെ ധീരനേതാക്കൾ സ്വപ്നം കണ്ട, മാത്സര്യവും വിദ്വേഷവും ഇല്ലാത്ത പരസ്പരസഹകരണത്തോടെ വർത്തിക്കുന്ന ഒരു പുതുതലമുറ- അതാവട്ടെ നമ്മുടെ ലക്ഷ്യം...

"ലോകാ സമസ്താ.... സുഖിനോ ഭവന്തു..."



# സൗഹൃദത്തിൻ ഓർമ്മകളിൽ...

മൂന്നക്ഷരം കൂട്ടിവായിക്കവെ
അറിയാതെ ഒഴുകി ഞാനെന്റെ
സൗഹൃദ കാലത്തിലൂടെയൊരു
നീർമഴകണങ്ങളായീ...

വെയിൽ താപത്തിൽ നീർക്കണം
ആകാശത്തിലൂടൊഴുകി
ഒരു കുളിർതെന്നലാൽ
ഒഴുകുന്നു മഴയായി ഭൂമിയിൽ...

എൻ ഹൃദയവും നിറയുന്നൂ
മധുരമേറും സൗഹൃദതേനായി
അണയുമോ നീ വീണ്ടുമൊരു വണ്ടായി
എൻ സൗഹൃദം നുണയാൻ...

അഗ്നിയായ്, താപമായ് നിറയുന്ന സൗഹൃദം
ചെറിയ രസപ്പൊട്ടിൽ
പിരിയെ ഇരട്ടിച്ചും വെറുതെ കലഹിച്ചും
ഓർക്കുന്നു ഞാൻ ഓർമ്മകൾ ഇന്നലെ പോൽ

പിരിയുവാനാകാതെയൊരു കൈയ്യിൽ-
കൈകൾ കോർത്തതും തോളുരുമ്മി-
മൊഴിഞ്ഞ വാക്കുകളും വിടരുന്നു
മഴവില്ലിൻ ശോഭയോടെ...

അനശ്വരമാമീ പുണ്യവാക്ക്
നിത്യയൗവ്വനമായി ഒഴുകുമ്പോൾ
നമുക്കൊരുമിക്കാം ഓർമകളുടെ
ഓളങ്ങളിൽ നല്ല സുഹൃത്തുക്കളായി...

ഒന്നു മാത്രം ഞാൻ മൊഴിയുന്നു
ഇനിയൊന്നു പിണങ്ങാൻ ഇനിയൊന്നു
ഇണങ്ങാൻ ഇനിയെന്നു കാണും നമ്മൾ
ഒരിക്കൽക്കൂടി ഈ സൗഹൃദം പൂവണിയാൻ....



**നീനു മാത്യു**
S2 BCA



# ശാരികപ്പക്ഷി

ശാരികപ്പക്ഷി നീ കേൾക്കുന്നുവോ
നീറുമെൻ, മാനസവികാരം,
അശ്രുവിൽ കുതിർന്നൊരെൻ നോവുമണം
ഒരു നാളിൽ ഞാനെത്തും സഖീ നിൻ ചാരത്ത്
അനന്തമീ മാനത്തിൽ താരമായി ജ്വലിക്കാൻ
വേർപാടിൻ നൊമ്പരങ്ങൾ
മുറിവേല്പിക്കുന്നതെൻ ഹൃദയമെന്നറിയുന്നില്ലയോ..
പുഞ്ചിരിയിൽ കലർന്ന നിൻ പരിഭവം
തച്ചുടച്ചതെൻ മലർവാടിയിലെ കുസുമങ്ങളെ..
വിണ്ണിൻ താരകങ്ങൾ വേർപിരിഞ്ഞതിൻ ഫലമോ,
മണ്ണിൽ പെയ്തൊഴിയുന്നൊരീ വർഷം
മിഴികളിൽ പായുന്ന തീഗോളങ്ങൾ
ഞെട്ടറ്റ പൂവിനു പിന്നാലെ
ഇണയാൽ വേർപെട്ട വെള്ളരിപ്രാവിൻ നൊമ്പരം
അറിയുന്നില്ലയോ നീ ശാരികേ...
വിതുമ്പുമെൻ മിഴികൾ അലയുന്നതും
വിദൂരതയിൽ മറയും ശാരികപ്പക്ഷി
നിന്നെതേടി....!!



**അഭിലാഷ് ചന്ദ്രൻ**
S6 BSc Electronics

*ചോലവനങ്ങളെ തൊട്ടറിഞ്ഞ് ഒരു പ്രകൃതി പഠനയാത്ര*

ആകാശ് തങ്കച്ചൻ ആരംപിള്ളിൽ
S2 BCom



# മലരണിക്കാടുകളുടെ മരതകകാന്തി

മലയോരത്തിന്റെ പച്ചപ്പും മണ്ണിൽ പണിയെടുക്കുന്നവന്റെ തലയെടുപ്പുമാണ് ഇടുക്കി. ഇടുക്കിയുടെ മടിത്തട്ടിൽ വർഷങ്ങളായി അറിവിന്റെ വെളിച്ചം തൂകുന്ന സരസ്വതി ക്ഷേത്രമാണ് രാജകുമാരിയുടെ സ്വന്തം എൻ.എസ്.എസ്. കോളേജ്.

വികസനത്തിന്റെയും വ്യവസായവൽക്കരണത്തിന്റെയും പേരിൽ നിറം മങ്ങുന്ന ഇടുക്കിയുടെ മനോഹാരിതയെ അടുത്ത് അറിയുവാനും അവയെ കഴിയുന്നത്ര സംരക്ഷിച്ച് നിർത്തി വരും തലമുറക്ക് കൈമാറുക എന്ന ലക്ഷ്യത്തോടുകൂടി എൻ.എസ്.എസ്. കോളേജിലെ ഫിസിക്കൽ എഡ്യുക്കേഷൻ വകുപ്പ് മേധാവി മനോജ് സാറിന്റെ നേതൃത്വത്തിൽ 'കുറിഞ്ഞിക്കൂട്ടം' നേച്ചർ ക്ലബ് കോളേജിൽ പ്രവർത്തിക്കുന്നുണ്ട്.

കുറിഞ്ഞി കൂട്ടത്തിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി ഒരു ത്രിദിന ക്യാമ്പ് പാമ്പാടുംചോല ദേശീയോദ്യാനത്തിൽ സംഘടിപ്പിക്കുകയുണ്ടായി. കേരളവനം വകുപ്പുമായിസഹകരിച്ചാണിത് സംഘടിപ്പിക്കപ്പെട്ടത്. ഈ ക്യാമ്പിൽ പങ്കെടുക്കുവാനായി ഇരുപത്തിയാറ് വിദ്യാർത്ഥികളും ആറ് അധ്യാപകരും ചേർന്ന് 28/01/2014 രാവിലെ പത്ത് മണിക്ക് 'ചിപ്പി', 'ധന്യ' എന്നീ രണ്ട് ട്രാവലറുകളിലായി പാമ്പാടുംചോല ദേശീയോദ്യാനത്തിലേക്ക് യാത്ര ആരംഭിച്ചു. മനോജ് സാറിന്റെ നേതൃത്വത്തിലുള്ള സംഘത്തിൽ വിദ്യാർത്ഥികൾക്ക് പുറമെ മനേഷ്സാർ, അനിൽസാർ, ഹരിസാർ, അരുൺ സാർ, കാവേരി ടീച്ചർ എന്നിവരുണ്ടായിരുന്നു. ആടിയും പാടിയും തമാശകൾ പറഞ്ഞും രാജകുമാരിയുടെ ഏലത്തോട്ടങ്ങളുടെയും പൂപ്പാറ മുതലുള്ള തേലിയ ത്തോട്ടങ്ങളുടെയും മനം കവരുന്ന ഭംഗിയാസ്വദിച്ച് ഞങ്ങൾ മുൻപോട്ടു നീങ്ങി. യാത്രാമദ്ധ്യേ ആനയി റങ്ങൽ ഡാമിന്റെ ദൃശ്യചാരുത അനുഭവിച്ചറിയുവാൻ ഞങ്ങളവിടെയിറങ്ങി. നീല പട്ടുവിരിച്ച ആ ജലാശയ ത്തിന്റെ മനം കവരുന്ന കാഴ്ചകൾ പശ്ചാത്തലമാക്കി നിരവധി ചിത്രങ്ങൾ ക്യാമറകളിൽ പകർത്തി ഞങ്ങൾ വീണ്ടും യാത്ര തുടർന്നു.

ഉച്ചയോടുകൂടി മാട്ടുപ്പെട്ടിയിലെ ഒരു ജലാശയത്തിന്റെ അരികിൽ ഞങ്ങൾ ഉച്ചഭക്ഷണം കഴിച്ചു. ഏകദേശം മൂന്നു മണിയോടെ മൂന്നാർ ടോപ്പ് സ്റ്റേഷനിലെത്തി. ടോപ്പ് സ്റ്റേഷന്റെ മുകളിലേക്ക് ഉള്ള യാത്ര കാൽനടയായിരുന്നതിനാൽ അല്പം ആയാസമായിരുന്നു. എന്നാൽ ആത്മഹത്യാമുനമ്പിലെ മനോഹരകാഴ്ചകൾ ഞങ്ങളിലെ ക്ഷീണത്തെ ദൂരെയകറ്റി. നിരവധി ചലച്ചിത്രങ്ങൾക്ക് ദൃശ്യചാരുത പകർന്ന ഇടമാണതെന്ന് അവിടുത്തെ ഒരു നാട്ടുകാരൻ ഞങ്ങളോട് പറഞ്ഞു.

തുടർന്ന് ഞങ്ങൾ നാലു മണിയോടു കൂടി പാമ്പാടുംചോല ദേശീയോദ്യാനത്തിന്റെ 'നേച്ചർ എഡ്യുക്കേഷൻ സെന്ററിൽ' എത്തി. അല്പവിശ്രമത്തിനും ചായക്കും ശേഷം വൈകുന്നേരത്തോടെ ഏകദേശം ഏഴു മണിയോടുകൂടി ക്ലാസിൽ പങ്കെടുക്കാനായി ഓഡിറ്റോറിയത്തിൽ എത്തി. പാമ്പാടുംചോലയിലെ മരം കോച്ചുന്ന തണുപ്പ് എല്ലവരിലും അല്പം അസ്വസ്ഥത ഉളവാക്കിയെങ്കിലും ക്യാമ്പിനെക്കുറിച്ചുള്ള ആകാംക്ഷയിലായിരുന്നു എല്ലാവരും. പാമ്പാടുംചോലയിലെ ഫോറസ്റ്റർ ആയ ബെന്നിസാർ ആണ് ആദ്യം ക്ലാസ് എടുത്തത്.

2003 ഡിസംബറിൽ ആണ് പാമ്പാടുംചോല എന്ന പ്രദേശം ദേശീയോദ്യാനമായി പ്രഖ്യാപിച്ചതെന്നും നിലഗിരി മാർട്ടേൻ എന്ന അത്യപൂർവ്വ ജീവിയും 'കല്യാണുതേലാ' എന്നറിയപ്പെടുന്ന ഒരു വൃക്ഷത്തിന്റെയും സാന്നിധ്യമാണ് ഈ സ്ഥലത്തെ ഒരു ദേശീയോദ്യാനമായി പ്രഖ്യാപിക്കാൻ കാരണമെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിലെ ഏറ്റവും ചെറിയ ദേശീയോദ്യാനങ്ങളിലൊന്നായ ഇതിന് 11.753 sq.km വിസ്തീർണമേ ഉള്ളുവെന്നും സമുദ്രനിരപ്പിൽ നിന്നും 1819 മീറ്റർ ഉയരത്തിലാണിത് സ്ഥിതി ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു. കടുവ, കാട്ടുപോത്ത്, കരടി മുതലായ മൃഗങ്ങളുടെ സാമീപ്യം അവിടെയുണ്ടെന്നറിഞ്ഞപ്പോൾ എല്ലാവരിലും ചെറിയൊരു ഭയമുണ്ടായി. എന്നാൽ അവയൊന്നും നേരിട്ട് നമ്മെ ആക്രമിക്കുകയില്ലെന്നും നമ്മൾ പ്രകോപനുണ്ടാക്കാതിരുന്നാൽ മതിയെന്നുമദ്ദേഹം ഉപദേശിച്ചു. പിന്നീട് വനവൽക്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അവ നമുക്ക് തരുന്ന സാദൃശ്യ ങ്ങളെക്കുറിച്ചുമദ്ദേഹം വാചാലനായി. തുടർന്നദ്ദേഹം അടുത്ത ദിവസം നടക്കാനിരിക്കുന്ന ട്രക്കിംഗിനെക്കുറിച്ച് ഞങ്ങളോട് സംസാരിച്ചു. വളരെ ശബ്ദമുണ്ടാക്കാതെ മുമ്പോട്ട് നീങ്ങിയാലെ മൃഗങ്ങളെയൊക്കെ കാണാനാകു എന്നുമദ്ദേഹം പറഞ്ഞു. പിന്നീട്

എട്ടരയോടുകൂടി ഞങ്ങൾ അത്താഴം കഴിച്ച് കിടന്നു. കിടക്കുന്നതിനു മുമ്പ് പ്രതീക്ഷകൾക്കുമപ്പുറത്തായി വനംവകുപ്പ് ക്യാമ്പിനുവേണ്ടി ചെയ്ത സജ്ജീകരണങ്ങളെ കുറിച്ചാണെല്ലാവരും വാചാലരായത്. നല്ല ഭക്ഷണവും താമസസൗകര്യവും എല്ലാവരെയും ആകർഷിച്ചു.

ഇരുപത്തിയൊൻപതാം തീയതി രാവിലെ തന്നെ പ്രഭാതഭക്ഷണത്തിനു ശേഷം ട്രക്കിംഗിനായി ഞങ്ങൾ തയ്യാറായി. അപ്പോഴേക്കും മനോജ്സാർ ഒരു സന്തോഷവാർത്ത ഞങ്ങളിൽ എത്തിച്ചു. അന്നേ ദിവസം മനേഷ്-കാവേരി അധ്യാപക ദമ്പതികളുടെ രണ്ടാം വിവാഹവാർഷികമായിരുന്നു. അതിന്റെ ഭാഗമായി മനേഷ്സാറും കാവേരി ടീച്ചറുമൊരുമിച്ച് കേക്ക് മുറിച്ചു. ഞങ്ങളെല്ലാം അതിൽ പങ്കാളികളാവുകയും ചെയ്തു. ഒരിക്കൽകൂടി ആ അധ്യാപകദമ്പതികൾക്ക് മംഗളാശംസകൾ നേരുന്നു.

തുടർന്ന് ഞങ്ങൾ ട്രക്കിംഗിനായ് പുറപ്പെട്ടു. രണ്ട് ഗൈഡുകൾ ഞങ്ങൾക്കൊപ്പമുണ്ടായിരുന്നു. കാട്ടിലേക്ക് കടക്കുന്നതിന് മുമ്പുതന്നെ ഞങ്ങൾക്ക് വഴിയരുകിൽ വച്ച് മലയണ്ണാൻ, കരിങ്കുരങ്ങ്, സാധാരണ കുരങ്ങ് എന്നിവയെ കാണുവാൻ കഴിഞ്ഞു. അംബരചുംബികളായ വൻമരങ്ങളും കുറ്റിക്കാടുകളും വള്ളിപ്പടർപ്പുകളും നിറഞ്ഞതാണ് കാട്. പ്രകൃതിയുടെ യഥാർത്ഥസൗന്ദര്യം അടുത്തറിയുവാൻ ഈ യാത്ര മൂലം കഴിഞ്ഞു. അത്യപൂർവ്വ ചെടികളും പക്ഷികളും ഞങ്ങളെ വരവേറ്റു. യാത്രാമധ്യേ കണ്ട കാട്ടുപോത്തുകളുടെ കൂട്ടം ഞങ്ങൾക്കിടയിൽ അല്പം പരിഭ്രാന്തി പരത്തിയെങ്കിലും ആത്മസംയമനത്തോടെ എല്ലാവരും മുൻപോട്ടു നീങ്ങി. ഉച്ചക്ക് ഞങ്ങളേവരും മലയുടെ മുകളിലെത്തി. അവിടുത്തെ വിശ്രമകേന്ദ്രത്തിൽ അല്പം വിശ്രമിച്ചശേഷം ഞങ്ങൾ താഴ്വരയിലേക്ക് തിരിച്ചു പോന്നു. ഇതിനിടയിൽ പ്രകൃതിയുടെ ഓരോ ഭാവങ്ങളും ക്യാമറകണ്ണുകളിലൂടെ ഒപ്പിയെടുക്കാൻ എല്ലാവർക്കും തിടുക്കമായിരുന്നു.

തിരിച്ച് താമസസ്ഥലത്തെത്തി ഉച്ചഭക്ഷണം കഴിച്ചശേഷം ഞങ്ങൾ വട്ടവടയിലേക്ക് യാത്ര തിരിച്ചു. പച്ചക്കറി കൃഷിക്ക് പ്രശസ്തമായ വട്ടവട ഞങ്ങൾക്ക് ഒരു പുതിയ അനുഭവമായി. സ്ട്രോബറി ചെടികളും, വെനും ജാമുമെല്ലാം ഞങ്ങളിൽ കൗതുകമുണർത്തി. പിന്നീട് ക്യാരറ്റ് തോട്ടങ്ങളിൽ നിന്നും സ്ഥലഉടമസ്ഥന്റെ സഹായത്തോടെ ഞങ്ങൾ തന്നെ ക്യാരറ്റ് വിളവെടുത്തു. നൂറു കിലോയോളം ക്യാരറ്റ് വാങ്ങി ഞങ്ങൾ തിരിച്ചു പോന്നു.

തിരിച്ചെത്തിയതിനു ശേഷം വിശ്രമിക്കുന്നതിനിടയിൽ ഞങ്ങൾക്ക് വല്ലാത്ത അനുഭവം പകർന്ന ഒന്നായിരുന്നു കാട്ടുപോത്തുകളുടെ കൂട്ടം ഞങ്ങളുടെ താമസസ്ഥലത്തെത്തിയത്. അതുവരെ അടുത്ത് കാണാൻ കഴിയാതിരുന്ന ആ മൃഗങ്ങളെ അടുത്ത് കണ്ടപ്പോൾ ക്യാമറ ഫ്ളാഷുകൾ മിന്നിക്കൊണ്ടേയിരുന്നു. അവരുടെ താമസസ്ഥലത്ത് ആരാണീ അപരിചിതർ എന്ന മട്ടിൽ അവ ഞങ്ങളെ തുറിച്ചു നോക്കി നിന്നു.

പിന്നീട് വനംവകുപ്പിലെ സന്തോഷ്സാറിന്റെ ക്ലാസ് ആയിരുന്നു. അദ്ദേഹം എല്ലാവരോടുമായി അവിടുത്തെ അനുഭവങ്ങൾ പങ്കുവെക്കുവാൻ പറഞ്ഞു. അവിടുത്തെ നല്ല സൗകര്യങ്ങളെക്കുറിച്ചും പ്രകൃതി സൗന്ദര്യക്കുറിച്ചുമാണെല്ലാവരും വാചാലരായത്. എന്നാൽ വൈദ്യുതിയുടെ അഭാവം എല്ലാവർക്കും ഒരുപോലെ ബുദ്ധിമുട്ടുണ്ടാക്കിയെന്ന് ഞങ്ങൾ പറഞ്ഞു. അതിനുശേഷം കലാപരിപാടികൾ അവതരിപ്പിക്കുകയുണ്ടായി. മനേഷ്സാർ കേരളത്തിന്റെ വിപ്ലവകവിയായിരുന്ന വയലാറിന്റെ 'താടക എന്ന ദ്രാവിഡ രാജകുമാരി' എന്ന കവിത അവതരിപ്പിച്ചു. പിന്നീട് പാർവതിയും ജോൺസണും ഗാനങ്ങളാലപിച്ചു. എല്ലാവർക്കും വേണ്ടി അനിൽ സാർ ക്യാമ്പിനെക്കുറിച്ചുള്ള അവലോകനം നടത്തി. തുടർന്ന് അഭിലാഷ് എല്ലാവർക്കും വേണ്ടി വനംവകുപ്പിനോടുള്ള നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് അത്താഴത്തിന് ശേഷം ഒരു ക്യാംപ് ഫയർ സംഘടിപ്പിക്കുകയുണ്ടായി. എല്ലാവരും തീയ്ക്കു ചുറ്റും കൂടിയിരുന്ന് 'അന്താക്ഷരി' കളിച്ചു. പിന്നീട് ജോൺസൺ ക്യാംപിനെക്കുറിച്ചുള്ള ഒരു ടി.വി. റിപ്പോർട്ട് ഹാസ്യരൂപേണ അവതരിപ്പിച്ചു. പിന്നീട് എല്ലാവരും ഉറങ്ങാനായി കിടന്നു.

അവസാനദിവസം രാവിലെ തന്നെ എല്ലാവരും കൂടി പരിസരം വൃത്തിയാക്കി പ്ലാസ്റ്റിക്കും ചപ്പുചവറുകളും പെറുക്കി മാറ്റി. ഇതിനിടയിൽ കാട്ടുപോത്തിന്റെ ഒരു കൂട്ടത്തെ പകൽ വെളിച്ചത്തിൽ ഞങ്ങൾക്കു കാണുവാൻ അവസരം ലഭിച്ചു. പിന്നീട് ക്യാംപിന്റെ സർട്ടിഫിക്കറ്റ് വിതരണം ആയിരുന്നു. തുടർന്നുള്ള കൃതജ്ഞതക്ക് ശേഷം ഞങ്ങളെല്ലാവരും മനസില്ലാമനസോടെയെങ്കിലും 10 മണിയോടെ തിരിച്ചു പോന്നു. തിരിച്ചു പോരുമ്പോൾ അവർണ്ണനീയമായ ആ പ്രകൃതി സൗന്ദര്യത്തെ വാഴ്ത്തുവാൻ ആർക്കും വാക്കുകൾ ഇല്ലായിരുന്നു. ഈ സാഹചര്യത്തിൽ മഹാകവി ചങ്ങമ്പുഴയുടെ ഏതാനും വരികൾ ആ മഹാസംഭവത്തെ വിവരിക്കുവാൻ കടമെടുക്കുന്നു.

മലരണിക്കാടുകൾ തിങ്ങി വിങ്ങി
മരതക കാന്തിയിൽ മുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കറയറ്റൊരാലസ്യ ഗ്രാമഭംഗി

പുളകം പോൽ കുന്നിൻ പുറത്തു വീണ
പുതമൂടൽ മഞ്ഞല പുൽകി നീക്കി
പുലരൊളി മാമല ശ്രേണികൾതൻ
പുറകിലായ് വന്നൊന്നെത്തി നോക്കി
.........................................................................
മതിമെ വർണനം നിങ്ങളൊന്നാ
മലനാട് കണ്ടാൽ കൊതിച്ചുപോകും

(ചങ്ങമ്പുഴ)



# ആദ്യാനുരാഗം

പറയാതെ പാടുന്ന കുയിലിനെ പോൽ,
അറിയാതെ ആടുന്ന മയിലിനെ പോൽ,
അനുരാഗം എന്നിൽ അലിഞ്ഞൊരാ നേരം
അറിഞ്ഞിരുന്നില്ല നീയെൻ ജീവനെന്ന്
അറിയാതെ നിന്നെ ഞാൻ പ്രണയിച്ച കാലവും
പിരിയാതെ നിന്നിൽ അലിഞ്ഞൊരാ നേരവും
പിന്നെ ഞാൻ വന്നനുരാഗം പറഞ്ഞതും
മിണ്ടാതെ കണ്ണുകൾ കഥകൾ പറഞ്ഞതും
ഓർക്കുന്നു സഖി ഞാനെൻ ഹൃദയത്തുടിപ്പു പോൽ,
മിണ്ടാതെ പറയാതെ അന്നെന്റെ ഹൃദയം
നിന്നെ പ്രണയിച്ചതോർമ്മയുണ്ടോ?
വർഷങ്ങൾ നീണ്ടൊരാ കാലത്തിനപ്പുറം
എന്നോടലിഞ്ഞൊരാ സ്നേഹം ഞാനറിയുന്നു
അന്നത്തെ ആഹ്ളാദം മനസ്സിൽ ഒളിപ്പിച്ച്
ഇന്നെന്റെ ഹൃദയം തേങ്ങിടുന്നു
എങ്ങു മറഞ്ഞു നീ എന്നെ വിട്ട്?
നിറവാർന്ന കൺകൾ തൻ വേദന കാണാതെ
എന്നെ പിരിഞ്ഞു നീ പോയതെന്തേ?
ആരു പിരിച്ചാലും ആരു മറച്ചാലും
എന്നെ വിട്ടകലില്ല എന്നറിയാം!
എൻ ജീവന്റെ തുടിപ്പതടർന്നു വീഴും
എന്നനുരാഗമായ് മണ്ണോടലിഞ്ഞു ചേരും...!

**ബിബിൻ പി. ബി.**
S4 BBA

**അമ്മു പി.വി.**
S2 BCA



## ഇനിയെങ്കിലും

ഇനിയെങ്കിലും വരുമോ നീയെൻ അന്തരാത്മാവിൽ
ഒരു നനുത്ത തൂവൽ സ്പർശമായ്
ഇനിയെങ്കിലും വരുമോ നീയെൻ അകക്കോണിൽ
ഒരിക്കലും വാടാത്ത പുഷ്പമായി
കാലം ഇലകൾ കൊഴിയും പോലെ കടന്നു
പോയി
ഋതുഭേദങ്ങൾ മാറ്റമില്ലാതെ കടന്നു പോയി
മഴ കാത്തു കരയുന്ന വേഴാമ്പൽ പോലെ
ഞാൻ തേങ്ങുന്നു ഇനിയെങ്കിലും വരുമോ നീ
വിരഹവേദനയിൽ നീറുന്ന എൻ മനം
കഥയറിയാതെ വിങ്ങുന്ന ഇളം കുരുന്നിനെപ്പോലെ
അർഹതയില്ലെന്നറിയാമെങ്കിലും ഞാൻ
അലയുകയായ് നിനക്കായ്...
നിലാവിൻ വെളിച്ചത്തിലും
പകലിൻ പ്രകാശത്തിലും
ഏകാന്തയായ് പിൻതുടരുകയാണ് ഞാൻ
നീയറിയാതെ നിന്നെ....
ഓർമ്മകളാണ് എന്നെ വീണ്ടും വീണ്ടും
നിന്നെ തിരയാൻ പ്രേരിപ്പിക്കുന്നത്
നിനക്കായ് തൂവാൻ കണ്ണീരില്ലെനിക്കിനി
എങ്കിലും ഹൃദയത്തിൻ അകത്താളുകളിൽ
എവിടെയോ മായാതെ കുരുങ്ങിയ നിൻ മുഖവും
ആവോളം നിനക്ക് തരാൻ സ്നേഹമുണ്ട് പ്രിയാ...
ഒടുവിൽ എൻ കാത്തിരിപ്പിനു വിരാമമായി.



# കാത്തിരിപ്പ്

കാത്തിരിക്കുന്നു ഞാൻ, കാത്തിരിപ്പിനാഴമേറെയെന്നറിഞ്ഞിട്ടും
നിലാവിനെ തോഴനാക്കി, ദു:ഖത്തെ സഖിയാക്കി
എങ്കിലും അവരാരും അറിഞ്ഞില്ല...
എന്റെ കാത്തിരിപ്പ് നിനക്കും വേണ്ടിയാണെന്ന്...

കോടമഞ്ഞും ശിശിരവും, നിറകണ്ണുകളോടെ യാത്ര പറഞ്ഞു
അവയൊന്നും എന്നെ സ്പർശിച്ചില്ല; അല്ലെങ്കിൽ
ഞാനത് ഗൗനിച്ചതേയില്ല
കാരണം, ഞാൻ നിനക്കായ് കാത്തിരിക്കയാണല്ലോ

വർഷമേഘമെന്നോടു പിണങ്ങി
കാറ്റും പൂക്കളും എന്നെ നോക്കി ചിരിച്ചു
എങ്കിലും എൻ നിശബ്ദ സംഗീതമേ...
നീയാണെന്റെ ജീവശ്വാസം.. നീ മാത്രം

ദിനരാത്രങ്ങൾ കൊഴിഞ്ഞു വീഴുമ്പോൾ
നിഴലും നിലാവും നിദ്രയെ പുൽകുമ്പോൾ
നീ തിരികെയെത്തുന്നതും കാത്ത്
ഇന്നീ മന്നിൽ ഞാനും എൻ നിനവുകളും

നാളെ നാം ഒരു സംഗീതമാകും
നീയാം ശ്രുതിയും ഞാനാകുന്ന ലയവും.

**ഐശ്വര്യ ഏലിയാസ്**
S4 BCA

# ഹൃദയരാഗം

മധുരകനവിന്റെ കുളിരുള്ള രാത്രിയിൽ
എൻ ഇടനെഞ്ചിൽ ഒരു കൂടു കൂട്ടി,
മനസിന്റെ മായികെ നീ....
വിടരാത്ത മൊട്ടല്ലെ...
വിടരാപ്പൂ മൊട്ടായി അകലാതെൻ പ്രാണനെ
നോവു കീറും മധുരനൊമ്പരമായി...
മനസിലലീയൂ എൻ പ്രിയ സഖി...
കണ്ണീർ കണങ്ങളിൽ കൂടുകൂട്ടി
നീയും വിടവാങ്ങുമി രാവിൽ
അനുരാഗ തിര മീട്ടും അനുപമ മുത്തേ നീ...
അനുവാദമേകാതെ അകന്നു പോകയോ...?
ഹൃദയരാഗത്തോണിയേറി-
തിരികെ നീയെത്തുമെന്നെന്റെ-
ഇടനെഞ്ചിലോളമായ്
കനവു തൻ കൂടു കൂട്ടി കാത്തിരിപ്പൂ സഖി...
കാലമേറെ കഴിയുമോ... എൻ-
കാത്തിരിപ്പിൻ കാലമവസാനയാത്രയോടൊപ്പമോ...?



**വിദ്യാ വിശ്വനാഥൻ**
S2 BCA

# സ്വപ്നപുഷ്പം



മൊട്ടിട്ടു നിൽക്കുമീ സ്വപ്ന സുഗന്ധങ്ങൾ തൻ
സുഗന്ധം വിടർന്നു സിന്ദൂരപുഷ്പമായി
ഓർമ്മകളോരോന്നായ് പിന്നിട്ടകന്നപ്പോൾ
ഞെട്ടറ്റു വീണു എൻ സ്വപ്നപുഷ്പം
ഒരു കാലയവനിക പിന്നിട്ടകന്നപ്പോൾ
എന്നിലെ എന്നെ ഞാൻ മറന്നുപോയ്
ആരോരുമറിയാത്ത ദു:ഖസത്യങ്ങളെ
ഒരായിരം ഓർമ്മകളിൽ പങ്കുവെയ്ക്കുന്നു ഞാൻ.



**നാജിയ ജോണി**
S2 BCA



**ഉണ്ണികൃഷ്ണൻ ജെ.**
ജനറൽ സെക്രട്ടറി

# കോളേജ് യൂണിയൻ

## റിപ്പോർട്ട് 2013-14

**ഹൈ**റേഞ്ചിലെ മലമടക്കുകളുടെ താഴ്‌വാരത്ത് പ്രശോഭിക്കുന്ന പ്രകൃതിരമണീയമായ രാജകുമാരി എന്ന കൊച്ചുപട്ടണത്തിൽ, നായർ സർവ്വീസ് സൊസൈറ്റിയാൽ സ്ഥാപിതമായ ഈ കലാലയത്തിലെ ഒരു വർഷത്തെ കർമ്മനിരതമായ പ്രവർത്തനത്തിന് പാർലമെന്ററി സമ്പ്രദായത്തിലൂടെ തെരഞ്ഞെടുത്ത നേതൃനിര സ്ഥാനമേറ്റു.

ആകർഷണീയമായ വ്യക്തിത്വം മഹത്വത്തിലേയ്ക്കുള്ള ചുവടുവെയ്പ്പാണ്. നാം ശ്രദ്ധിക്കാതെ പോകുന്ന നമ്മളിലെ എന്തും നേടിത്തരുന്ന മൂലധനമാണ് മഹത്തായ വ്യക്തിത്വം. കലാലയങ്ങൾ സംസ്കാരസമ്പന്നമായ വ്യക്തിത്വവികസനത്തിന്റെ ഈറ്റില്ലങ്ങളാണ്. ഒപ്പം സർഗ്ഗാത്മക പ്രവർത്തനങ്ങളുടേയും നേതൃപാടവങ്ങളുടേയും.

കോളേജ് യൂണിയന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് തികഞ്ഞ ചാരിതാർത്ഥ്യത്തോടുകൂടി ജനറൽ സെക്രട്ടറി എന്ന നിലയിൽ ഞാൻ നിങ്ങളുടെ അംഗീകാരത്തിനായി അവതരിപ്പിക്കുന്നു.

ഈ യൂണിയന്റെ ഭാരവാഹികൾ താഴെപ്പറയുന്നവരാണ്.

| | |
|---|---|
| ചെയർമാൻ | - അരുൺ ആർ. നായർ |
| വൈസ് ചെയർമാൻ | - വിഷ്ണുപ്രിയ ജി. |
| ജനറൽ സെക്രട്ടറി | - ഉണ്ണികൃഷ്ണൻ ജെ. |
| ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി | - ഡെൻസി മാത്യു |
| മാഗസിൻ എഡിറ്റർ | - അബ്ദുൾ റഷീദ് റ്റി.എഫ്. |
| യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ | - ഡെവിൻ മാത്യു, ബേസിൽ മത്തായി |
| ലേഡി റെപ്രസെന്റേറ്റീവ്സ് | - അഞ്ജു മുരളി, അഞ്ജു സിബി |
| സ്പോർട്ട്സ് സെക്രട്ടറി | - ബോണി പി. വർഗ്ഗീസ് |
| 1-ാം വർഷ ബിരുദ പ്രതിനിധി | - അജിത്ത് പി. |
| 2-ാം വർഷ ബിരുദ പ്രതിനിധി | - അനീഷ കെ. ഇബ്രാഹിം |
| 3-ാം വർഷ ബിരുദ പ്രതിനിധി | - ആഷ മേരി തോമസ് |

കോളേജങ്കണത്തിൽ വച്ചു നടന്ന ലളിതമായ ചടങ്ങിൽ വിദ്യാർത്ഥികളെ സാക്ഷി നിർത്തി ചെയർമാൻ അരുൺ. ആർ. നായരുടെ നേതൃത്വത്തിലുള്ള യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്തു.

ബഹുമാന്യനായ പ്രിൻസിപ്പാൾ ഡോ. കെ.എൻ. വിശ്വനാഥൻ നായർ രക്ഷാധികാരിയായുള്ള ഈ യൂണിയന്റെ അഡ്വൈസർ പ്രൊഫ. മനീഷും സ്റ്റാഫ് എഡിറ്റർ പ്രൊഫ. ബേബി ഗിരിജയും ട്രഷറർ പ്രൊഫ. ബിജു കുമാറും ആണ്.

പുതുതായി അധികാരത്തിൽ വന്ന യൂണിയന്റെ ഉദ്ഘാടന ചടങ്ങ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. സുപ്രസിദ്ധ സിനിമാ സംവിധായകൻ ശ്രീ. മാർത്താണ്ഡൻ ഭദ്രദീപം തെളിയിച്ച് യൂണിയൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. പ്രിൻസിപ്പാൾ ഡോ. കെ.എൻ. വിശ്വനാഥൻ നായർ മുഖ്യാതിഥി ആയിരുന്നു. യൂണിയൻ ചെയർമാൻ അരുൺ ആർ. നായർ അദ്ധ്യക്ഷനായിരുന്നു.

തുടർന്ന് ഏഷ്യാനെറ്റിലെ പ്രമുഖ റിയാലിറ്റി ഷോ ആയ വോഡഫോൺ കോമഡി സ്റ്റാർസ് പരിപാടിയിലൂടെ പ്രശസ്തരായ ജിനു കോട്ടയം, അജിത്ത് കൂത്താട്ടുകുളം, മനോജ് വാഴപ്പള്ളി, അനീഷ് കാഞ്ഞിരപ്പള്ളി എന്നിവർ ചേർന്ന് ആർട്ട്സ്ക്ലബിന്റെ ഔപചാരിക ഉദ്ഘാടനവും നടത്തി. പ്രിൻസിപ്പാൾ ഡോ. കെ.എൻ. വിശ്വനാഥൻ നായർ ആശംസകൾ അർപ്പിച്ചു. വൈസ് ചെയർമാൻ വിഷ്ണുപ്രിയ ജി. കൃതജ്ഞത അർപ്പിച്ചു. തുടർന്ന് വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. യൂണിയന്റെ ആഭിമുഖ്യത്തിൽ കോളേജിൽ കഥാരചന, കവിതാ രചന, ഉപന്യാസമത്സരങ്ങളും ക്വിസ് മത്സരവും നടത്തപ്പെട്ടു.

2014 മാർച്ച് മാസം 17-ാം തീയതി കോളേജ് ഡേ വിപുലമായി ആഘോഷിച്ചു. ചെയർമാൻ അരുൺ ആർ. നായരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജനറൽ സെക്രട്ടറി ഉണ്ണികൃഷ്ണൻ സ്വാഗതം ആശംസിച്ചു. ശ്രീ വിദ്യാധിരാജ എൻ.എസ്.എസ്. കോളേജ് വാഴൂരിലെ പ്രിൻസിപ്പാൾ ഡോ. മുരളീവല്ലഭൻ അവർകൾ യോഗം ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. കെ.എൻ. വിശ്വനാഥൻ നായർ, പി.റ്റി.എ. വൈസ് പ്രസിഡന്റ് ശ്രീ. ജോയി എന്നിവർ ആശംസകൾ അർപ്പിച്ചു. കഴിഞ്ഞ അധ്യയന വർഷത്തിൽ ഓരോ ഡിപ്പാർട്ട്മെന്റിലും ഉയർന്ന മാർക്കു കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള ട്രോഫി വിതരണം ചെയ്തു. തുടർന്ന് കലാകായിക മത്സരങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള സമ്മാനദാനവും നടന്നു. യൂണിവേഴ്സിറ്റി തലത്തിൽ നടന്ന കായിക മത്സരങ്ങളിൽ കോളേജിൽ നിന്നും പങ്കെടുത്ത് വിജയിച്ച കബഡി, തായ്ക്വോണ്ടോ ടീമുകൾക്കും പാരിതോഷികങ്ങൾ നൽകി.

തുടർന്ന് വിപ്രോ ഐ.റ്റി. കമ്പനി നടത്തിയ ക്യാംപസ് റിക്രൂട്ട്മെന്റിൽ നിയമനം ലഭിച്ച വിദ്യാർത്ഥികളെ അഭിനന്ദിക്കുന്ന ചടങ്ങായിരുന്നു. ലേഡി റെപ്രസെന്റേറ്റീവ് അഞ്ജു മുരളിയുടെ കൃതജ്ഞതയോടെ യോഗനടപടികൾ അവസാനിച്ചു. അതോടെ ഈ വർഷത്തെ യൂണിയൻ പ്രവർത്തനങ്ങൾക്കുള്ള തിരശ്ശീല വീണു. സ്നേഹവും സഹകരണവും നൽകി പ്രോത്സാഹിപ്പിച്ച എല്ലാവർക്കും അകമഴിഞ്ഞ കൃതജ്ഞതയുടെ വാടാമലരുകൾ അർപ്പിച്ചുകൊള്ളട്ടെ.



# തിരിച്ചറിയാതെ

തണുത്ത് മരവിച്ച കാറ്റിന്റെ ചില്ലയിൽ
കറുത്ത രാത്രിക്ക് കൂട്ടിരിക്കുകയാണ് ഞാൻ
നിരർത്ഥകമായ പകലിന്റെ തിരക്കിലൂടെ
കണ്ണ് എറിഞ്ഞ് നിർന്നിമേഷമായി
നിരാലംബമായ മനസ്സോടെ
നിറം ചാർത്തിയകലുന്ന ഈ സന്ധ്യയ്ക്ക്
കൺചിമ്മാതെ ഇരുന്ന് കീർത്തനമോതട്ടെ ഞാൻ

നിഴൽ അലിയുന്ന രാത്രിയിൽ
നിന്നോർമ്മ ദളങ്ങൾക്ക് കൂട്ടിരിക്കുകയാണ് ഞാൻ
മഞ്ഞിന്റെ വിരലിനാൽ പൂക്കുന്ന പൂവിന്
എൻ ഹൃദയദളങ്ങളെ കാണിക്കയാക്കട്ടെ ഞാൻ
സ്വകാര്യതയെ സ്വപ്നങ്ങൾ ആക്കാനും
സ്വപ്നങ്ങളെ സ്വകാര്യമാക്കാനും
നിന്നിൽ നിന്നാണ് ഞാൻ പഠിച്ചത്

നിന്റെ കാലടികളിൽ പാദങ്ങൾ വച്ച്
ഞാൻ എന്റെ കാലിനും ബലം നൽകി
നിന്റെ വാക്കിനും രൂപം നൽകി
ഞാൻ എന്റെ ചിത്രങ്ങൾക്ക് വേരുകൾ നൽകി

ഞാനും നീയും കാണാതെ കണ്ടിട്ടും
നീയും ഞാനും തിരിച്ചറിഞ്ഞില്ല
വേരും കാലും ഉടക്കിയത് നമ്മളറിയാതെയാണ്,
കാലും വേരും പരതിയത് നമ്മളെ തന്നെയാണ്.

**അരുൺ ശശാങ്കൻ**
Bsc IInd year

# നിൻ ഓർമ്മയിൽ..

കാലങ്ങൾ മാഞ്ഞുമറഞ്ഞിട്ടും ഞാൻ
മറന്നില്ല നിന്നെക്കുറിച്ചുള്ള ഓർമ്മകൾ
കാറ്റിൽ പറന്നില്ല നിന്റെ ശബ്ദം
മഴയിൽ ഒളിച്ചില്ല നിന്റെ താളം
മറക്കാൻ കഴിയില്ല നിന്നെയും
നിന്റേതായ പ്രിയ നിമിഷങ്ങളും
ഒരു കൊച്ചു സ്വപ്നം പോൽ
നീ അടുത്തു വന്നണയുമ്പോൾ
എൻ ആത്മാവിൽ വിടരും
നിൻ തൂവൽസ്പർശം

**അഖില കെ.എ.**
S2 B.com



# ഹൃദയരാഗം

കടലിൽ വീണ് പതിയെ അലിയും
സൂര്യനെപ്പോലെ,
സ്വയമെരിഞ്ഞു തീരും മെഴുകുതിരി പോലെ,
നിൻ സ്നേഹത്തിൻ താന്ത്രികളിൽ
വീണലിഞ്ഞിടട്ടെ
എന്റെ സ്നേഹവും ആത്മാവും.....
അറിയുന്നു ഞാൻ ആ തുടിപ്പിൻ ഹൃയാനുരാഗം
അറിയുന്നു ഞാൻ ആ മിടിപ്പിൻ പ്രണയാനുരാഗം
ഇവിടെയെൻ ഏകാന്ത സന്ധ്യകൾ
പൊലിഞ്ഞു തീരും വരെ
കാത്തിരിക്കാം....
കാതോർത്തിരിക്കാം....
ഈ യുഗം മുഴുവനും

**രാധിക കൃഷ്ണൻ**
S4 B.com

**Athira M. Nair**
Volunteer Secretary

# നാഷണൽ സർവ്വീസ് സ്കീം റിപ്പോർട്ട്



ഗാന്ധിജി വിഭാവനം ചെയ്ത ഒരു നവഭാരതം കെട്ടിപ്പടുക്കാൻ അക്ഷീണമായി പ്രവർത്തിക്കുന്ന കൈകളും ആരോഗ്യമുള്ള മനസ്സും ഉജ്ജ്വലമാകണം. 'നോട്ട് മി ബട്ട് യു' എന്ന മോട്ടോയുമായി വിദ്യാർത്ഥികൾക്കിടയിൽ പ്രവർത്തിച്ചു വരുന്ന നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ വർഷത്തേതുപോലെ തന്നെ ഈ വർഷവും ഭംഗിയായി പൂർത്തീകരിച്ചു.

104 വോളണ്ടിയർമാരുമായി 2013–14 ലെ എൻ.എസ്.എസ്. പ്രവർത്തനങ്ങൾ ശക്തമായ രീതിയിൽ ത്തന്നെ തുടങ്ങി. കമ്മ്യൂണിറ്റി സർവ്വീസിലൂടെ വ്യക്തിത്വ രൂപീകരണം എന്നതാണ് എൻ.എസ്.എസിന്റെ പ്രധാന ലക്ഷ്യം. ഒരു പരിധി വരെ ഞങ്ങളുടെ പ്രവർത്തനങ്ങളിലൂടെ ഇത് സാധിച്ചു. വ്യക്തിത്വരൂപീകരണത്തിന്റെ മൂലഘടകമാണ് സാമൂഹികസേവനം. സാമൂഹിക സേവനത്തിന്റെ തുടക്കമാകട്ടെ വിദ്യാലയത്തിൽ നിന്നുമാണ്. നശിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിയെ സംരക്ഷിക്കുക എന്നത് ഏതൊരു എൻ.എസ്.എസ്. വോളണ്ടിയറുടേയും കർത്തവ്യമാണ്. നൂറിൽപരം മരങ്ങൾ ക്യാമ്പസിൽ നട്ട് 'എന്റെ മരം' പദ്ധതിയ്ക്ക് തുടക്കമിട്ടു.

2013-ലെ പ്രവർത്തനങ്ങളിൽ ആഗസ്റ്റ് 15 ന് നടന്ന സ്വാതന്ത്ര്യദിനറാലിയിൽ കോളേജ് യൂണിറ്റിന് മികച്ച പ്രകടനം തന്നെ കാഴ്ച വെയ്ക്കാൻ സാധിച്ചു.

യുവജനങ്ങളുടെ മനസ്സിൽ സ്വാതന്ത്ര്യസമരസേനാനിയും രാജ്യസ്നേഹവും എന്നും നിലനില്ക്കുന്നു എന്നതിനുള്ള തെളിവായിരുന്നു റാലിയിൽ കണ്ടത്. ഉറച്ച മുദ്രാവാക്യങ്ങളിലൂടെയും വിവിധ വേഷവിധാനങ്ങളിലൂടെയും തങ്ങളുടെ ദേശസ്നേഹം വരച്ചുകാണിക്കുകയായിരുന്നു ഇതിലൂടെ. ഒരു പൗരനെ എല്ലാ വ്യക്തിത്വത്തോടു കൂടിയും വളർത്തുവാനും സമൂഹത്തോടുള്ള അവന്റെ പ്രതിബദ്ധത മനസ്സിലാക്കിക്കൊടുക്കുവാനും നാഷണൽ സർവ്വീസ് സ്കീം വളരെയേറെ സഹായിക്കുന്നു.

ഒക്ടോബർ 2-ാം തീയതി ഗാന്ധിജയന്തി ആഘോഷം ക്യാമ്പസ് വൃത്തിയാക്കിയാണ് ഞങ്ങൾ ആചരിച്ചത്. പരിസരശുചീകരണത്തോടൊപ്പം കാമ്പസിൽ വേസ്റ്റ്ബിനുകൾ സ്ഥാപിക്കുകയും ചെയ്തു. 'സാമൂഹ്യസേവനം വിദ്യാലയങ്ങളിൽ നിന്ന്' എന്ന ആശയവുമായി നടത്തിയ ഈ പ്രവർത്തനം വിദ്യാർത്ഥികൾക്കിടയിൽ നല്ലൊരു മാറ്റം ഉളവാക്കാൻ സാധിച്ചു.

2013 സെപ്റ്റംബർ മാസത്തിൽ മാന്നാനം കെ.ഇ. കോളേജിൽ ഏകദേശം 173 കുട്ടികൾ പങ്കെടുത്ത വോളണ്ടിയർ സെക്രട്ടറീസ് ട്രെയിനിംഗ് ക്യാമ്പിൽ നമ്മുടെ കോളേജിനെ പ്രതിനിധീകരിച്ച് രണ്ട് വിദ്യാർത്ഥികൾ പങ്കെടുത്തു. തൊടുപുഴ ന്യൂമാൻ കോളേജിൽ വച്ച് നടന്ന ഓറിയന്റേഷൻ ക്യാമ്പിൽ നാല് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ സാധിച്ചു.

കഴിഞ്ഞ വർഷം ആരംഭിച്ച "സ്നേഹസാന്ത്വനം" പദ്ധതി ഈ വർഷവും മുടങ്ങാതെ നടന്നു വരുന്നു. ആഴ്ചയിൽ ഒരിക്കൽ ഒരു പിടി ചോറ് വിശക്കുന്ന വയറിനായി മാറ്റിവെക്കാൻ വിദ്യാർത്ഥികൾ ശ്രമിക്കാറുണ്ട്. വൃദ്ധജനങ്ങളെ ഒരു പാഴ്വസ്തുവായി വലിച്ചെറിയുന്ന ഇന്നത്തെ സമൂഹത്തിന് മാതൃകയായി മാറിയിരിക്കുകയാണ് നമ്മുടെ യൂണിറ്റിന്റെ ഈ പദ്ധതി. ഒരു പൊതിച്ചോറ് എന്നതിലുപരി വേദനിക്കുന്ന മനസ്സുകൾക്ക് ഒരു സാന്ത്വനം നൽകുകയാണ് ഇതിലൂടെ. വൃദ്ധജനങ്ങളെ അവരുടെ സങ്കടങ്ങളിൽ നിന്നും ആശ്വാസമേകാൻ വിദ്യാർത്ഥികൾ കലാപരിപാടികൾ അവതരിപ്പിക്കാറുണ്ട്. കുരുവിളസിറ്റി ഓൾഡ്ഏജ് ഹോമിലെ അച്ഛനമ്മമാർക്ക് എൻ.എസ്.എസ്. യൂണിറ്റംഗങ്ങൾ മക്കളായി മാറുകയാണ് ഈ പുണ്യപ്രവൃത്തിയിലൂടെ.

ഏതൊരു യൂണിറ്റിന്റേയും പ്രാധാന്യമർഹിക്കുന്ന പ്രവർത്തനമാണ് സപ്തദിനക്യാമ്പ്. നാഷണൽ സർവ്വീസ് സ്കീമിന്റെ ഈ വർഷത്തെ സപ്തദിനക്യാമ്പ് ഡിസംബർ 19-ാം തീയതി വ്യാഴാഴ്ച കോളേജങ്കണത്തിൽ വച്ച് ഉദ്ഘാടനം ചെയ്യപ്പെട്ടു.

കളിച്ചും ചിരിച്ചും അതിലുപരി കൂട്ടായ്മയുടെ തങ്കനൂലിഴകളാൽ ക്യാമ്പസിനെ ഹരിതാഭമാക്കുന്ന ജൈവകൃഷി, പച്ചക്കറിത്തോട്ടം നിർമ്മിക്കുകയായിരുന്നു ക്യാമ്പിന്റെ പ്രധാന ലക്ഷ്യം. അതുകൊണ്ടു തന്നെ, ഞങ്ങളുടെ പ്രധാന പ്രവർത്തനമണ്ഡലം കോളേജ് കാമ്പസിന്റെ ചുറ്റുവട്ടമായിരുന്നു.

വാഴക്കൃഷിത്തോട്ടം, വിവിധങ്ങളായ പച്ചക്കറികൾ, വർണ്ണവിസ്മയമായൊരു പൂന്തോട്ടം തുടങ്ങി ഞങ്ങളുടെ ലക്ഷ്യങ്ങൾ ഏറെക്കുറെ ഫലപ്രാപ്തിയിലെത്തിക്കുവാനും സാധിച്ചു. എല്ലാ ദിവസവും സായാഹ്നങ്ങളിൽ ആസൂത്രിതമായ, കലാമൂല്യമുള്ള വൈവിധ്യമാർന്ന കലാപരിപാടികൾ വിദ്യാർത്ഥികളുടെ കലാവൈഭവത്തെ കണ്ടെത്തുവാനും വ്യക്തിത്വത്തെ ഊട്ടിയുറപ്പിക്കുവാനും സാധിച്ചു.

ബാപ്പുജി കൃഷിവിജ്ഞാനകേന്ദ്രം സന്ദർശിക്കാനും മണ്ണിനെ തൊട്ടറിഞ്ഞ ജൈവകൃഷിയെക്കുറിച്ച് ഗ്രഹിക്കാനും ഒപ്പം നമ്മുടെ പച്ചക്കറിത്തോട്ടത്തിൽ ജൈവകൃഷി പ്രാവർത്തികമാക്കാനും സാധിച്ചു.

വാർദ്ധക്യത്തിന്റെ പടവുകൾ ചവിട്ടി ജീവിതത്തിന്റെ അവസാന ഏടുകളിലേയ്ക്ക് യാത്ര ചെയ്തു കൊണ്ടിരിക്കുന്ന കുരുവിളസിറ്റി ഓൾഡ് ഏജ് ഹോമിലെ അച്ഛനമ്മമാരെ സന്ദർശിക്കുകയും അവർക്കായി ഒരു കൊച്ചു ലൈബ്രറി പണിത് പുസ്തകങ്ങൾ നിറയ്ക്കുകയും ചെയ്തു. സന്ധ്യാനാമങ്ങളും തീരാത്ത കഥകളുമായി സ്നേഹത്തോടെ നോക്കി നിൽക്കുന്ന മുത്തശ്ശീ മുത്തശ്ശന്മാരെ കലാപരിപാടികളിലൂടെ സന്തോഷിപ്പിച്ചു. സാമൂഹികസേവനം ലക്ഷ്യമാക്കി രാജകുമാരി ഗ്രാമപഞ്ചായത്തും പരിസരവും ഭംഗിയായി വൃത്തിയാക്കുകയും ചെയ്തു. പുത്തൻചിന്താരീതികൾക്ക് വഴിയൊരുക്കിക്കൊണ്ട് പ്രോഗ്രാം ഓഫീസേഴ്സ് വിദ്യാർത്ഥികൾക്കിടയിൽ സംവാദങ്ങൾ സംഘടിപ്പിച്ചു. കൂടാതെ അടിമാലി താലൂക്കാശുപത്രിയിലെ കൗൺസിലർ ശ്രീമതി അഞ്ജു എസ്. നായർ “Life Skills” എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുത്തു. ഒരു മണിക്കൂറോളം നീണ്ടു നിന്ന ക്ലാസിൽ സ്വഭാവ രൂപീകരണത്തിന്റെ ആവശ്യകത വിദ്യാർത്ഥികൾക്ക് വ്യക്തമാക്കിക്കൊടുക്കാൻ മാഡത്തിന് സാധിച്ചു.

ഡിസംബർ 25-ാം തീയതി ക്യാമ്പ് അവലോകനവും അഭിപ്രായങ്ങളും ഓരോരുത്തരും പങ്കുവെച്ചു. പുതിയ ആശയങ്ങളും പുതിയ ചിന്തകളുമായി പ്രൊഫ. മനീഷിന്റേയും പ്രൊഫ. ബിജുകുമാറിന്റേയും നേതൃത്വത്തിൽ നടന്ന സപ്തദിനക്യാമ്പിന് അങ്ങനെ തിരശ്ശീല വീണു.

‘നോട്ട് മി ബട്ട് യു’ എന്ന ആശയം ഉറച്ച സ്വരങ്ങളിൽ ഒരായിരം തവണ പറയുമ്പോഴും ഒരു നല്ല പ്രവർത്തനം ചെയ്യാൻ സാധിച്ച ആനന്ദത്തിലും ചാരിതാർത്ഥ്യത്തിലും നൂറ്റിനാല് വോളണ്ടിയേഴ്സും നാഷണൽ സർവ്വീസ് സ്കീമിനോട് ഹൃദയപൂർവ്വം നന്ദി പറഞ്ഞിരിക്കുന്നു....!!

## നിനക്കായ്



സത്യമാം നിൻ ജീവസ്പർശത്താൽ
നിത്യമായ് ഞാൻ നിനക്കുന്നു നിൻ മുഖം
തെല്ലുനീയൊന്നകന്നാലുമെൻ-
നിത്യഗാനമായ് നീയെന്നുമുണർന്നിടുന്നു
ഈ രാവുമിന്നുമകന്നീടുമ്പോൾ
ഈ വർഷമോർമ്മയിലാണ്ടിടുന്നു
ഈരാറു പന്ത്രണ്ടു മാസം കടന്നുപോയ്
ഈ ജന്മ സന്തോഷസന്ധ്യയും മാഞ്ഞുപോയ്
മരണമാം ഈ ജീവസാന്ത്വനമെന്നിലായ്
പുണരുന്നു ഞാൻ തെല്ലു നിനച്ചിടാതെ,
വിടരാൻ കൊതിക്കുന്ന പൂമൊട്ടുപോലായി ഞാൻ
വിങ്ങുന്നു ഈ ലോക ഏകാന്തവീചിയിൽ
നീളുന്ന ഓർമ്മ തൻ പുഷ്പവിതാനം വിതച്ചു നാം
നീറുന്ന കുറ്റങ്ങൾ തമ്മിൽ ചുമത്തി നാം,
ഇടറുന്നിതെൻ മനം, തളരുന്നു നിന്നിലായ്
കരയാൻ മടിക്കുന്നു, വിടരാൻ കൊതിക്കുന്നു പുഞ്ചിരിയാൽ
എൻ തെറ്റുകുറ്റങ്ങൾ പൊറുക്കുമോ നീയീ വേളയിൽ
മാപ്പു ഞാൻ കേഴുന്നു നിൻ പാദബിന്ദുവിൽ....
നിർജീവമെൻദേഹി നീ കെട്ടിപ്പുണരുമ്പോഴീവരി
ഓർത്തു നിനക്കുമോ കണ്ണുനീരാൽ?
എൻ ദേഹി മണ്ണോടു ചേർന്നിടും വേളയിൽ
എന്നോർമ്മ നിന്നിലായ് പുനർജ്ജനിക്കും......

**മീനു പോൾ**
S4 BBA




**കാ**ലുകളിലേയ്ക്ക് തരിപ്പ് അരിച്ചരിച്ച് കയറുന്നുണ്ട്. കൈകൾ രണ്ടും തണുത്തുറഞ്ഞു. ഹൃദയത്തിന്റെ മിടിപ്പ് മെല്ലെക്കൂടി വരുകയാണ്. ഈ മുറിക്ക് മരണത്തിന്റെ മണമുണ്ട്. അതിന് നെയ്യിൽ കത്തുന്ന തിരിയുടേയോ കഴുകാത്ത കനച്ച കിടക്കയുടേയോ ഒക്കെ മണമുണ്ട്.... ഇല്ല എനിക്കത് തിരിച്ചറിയാൻ സാധിക്കുന്നില്ല. മരണത്തിന് മറ്റെന്തോ മണമാണ്. തല പെരുക്കുന്നതുപോലെ.. ഈ കയർ കഴുത്തിൽ മുറുകുന്നതോടെ ശുഭം. എല്ലാത്തിൽ നിന്നും രക്ഷപെടാം. ഈ നശിച്ച ജീവിതത്തിൽ നിന്ന്, ബീഡിക്കുറ്റികളുടെ മണമുള്ള ഈ മുറിയിൽ നിന്ന്. എല്ലാവരുടേയും ശാപവാക്കുകളിൽ നിന്ന്. എല്ലാം എല്ലാം രക്ഷപെടാം.

പക്ഷേ കഴുകിയാൽ തീരാത്ത പാപങ്ങൾ. അതിൽ നിന്നും തനിക്ക് രക്ഷപെടാൻ സാധിക്കുമോ. പാപം. പുണ്യം, അറിയില്ലായിരുന്നു ഇവയൊന്നും. താൻ അതോന്നും തന്നെ അറിയാൻ ശ്രമിച്ചയുമില്ല... പക്ഷേ ഈ പാപങ്ങൾ തന്നെ നിരന്തരം വേട്ടയാടുകയാണ്....

